


# കാദേശ്

## പ്രയാണം 15-ന്റെ നിറവിൽ

**2006 – 2021**

**ദക്ഷിണ കേരള മഹായിടവക**

## സി.എസ്.ഐ. ദുബായ്

# സ്മരണിക

# C.S.I. DUBAI
## SOUTH KERALA DIOCESE

### Worshipping at Holy Trinity Church

Oud Metha, Umm Hurair, Near Oud Metha Metro Station
Dubai, United Arab Emirates

### Worship Times

| | | |
|---|---|---|
| Regular Service | : | Every Saturday at 8.30pm. |
| Holy Communion | : | First Saturday at 8.30pm. |
| Sunday School, CEYF and Women's Fellowship | : | Every Saturday at 10.00pm. |



സി.എസ്.ഐ.ദുബായ് (എസ്.കെ.ഡി.)
സഭയുടെ 15 വർഷത്തെ ചരിത്രം
നയിച്ചവരുടെയും അംഗങ്ങളുടെയും
ഓർമ്മകളിൽ നിന്നും
ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു.
മണലാരണ്യത്തിന്റെ ഒറ്റപ്പെടലുകളിൽ
തനതായ ഒരു സഭയെക്കുറിച്ച്
സ്വപ്നം കണ്ടവരെയും
അദ്ധ്വാനിച്ചവരെയും
വിനയപൂർവ്വം സ്മരിക്കുന്നു.....

**കാദേശ് പ്രയാണം തുടരുന്നു.......**

*Title proposed by:*
**Mr. Austinlal M. Jose**
*Cover Concept by :*
**Mr. Sherin Benjamin**
*Published by :*
**C.S.I. Dubai (S.K.D.), Trivandrum**
*Printed and Designed at:*
**Jins Graphics, Kattakada, TVM**
jinsgraphicsktda@gmail.com

For Private Circulation Only

Phone : +971 588740896
Email : csidubaiskd@gmail.com
Website : www.csidubaiskd.com
Whatsapp : +971 588740896
Facebook : http://www.facebook.com/csidubaiskd
Youtube : CSI Dubai South Kerala Diocese

# OUR BISHOP AND MODERATOR



**MOST REV. A. DHARMARAJ RASALAM**

Telephone : 0471-2318662
Fax : 0091-0471-2316439
E-mail : bishoprasalam@yahoo.com

# CHURCH OF SOUTH INDIA
# South Kerala Diocese (S.I.U.C)
**Office of the Bishop**

**Most Rev.A. DHARMARAJ RASALAM**
*Moderator CSI & Bishop SKD.*

**L.M.S. Compound**
**Thiruvananthapuram - 695 033**
**INDIA**

10.01.2022

പ്രിയ എഡിറ്റർ,

ദക്ഷിണ കേരള മഹായിടവകയിലെ സി.എസ്.ഐ. ദുബായ് ഇടവക സഭാചരിത്രം ഉൾപ്പെടുത്തി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിലുള്ള എന്റെ സന്തോഷം പങ്കു വയ്ക്കുന്നു. കാദേശിന്റെ വായനക്കാർക്ക് ദൈവാനുഗ്രഹം നേരുകയും ചെയ്യുന്നു.

ഒരു ജനമായി നിലകൊള്ളുന്നതിനും ക്രൈസ്തവ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനും ഇടവകാംഗങ്ങൾക്ക് സാധിച്ചു. സമർപ്പണമുള്ള നമ്മുടെ പൂർവ്വികന്മാർ ദൈവദർശനത്തോടും ത്യാഗത്തോടും അദ്ധ്വാനിച്ചതിന്റെ ചരിത്രമാണ് സഭയ്ക്ക് പറയാനുള്ളത്. അത് വിശ്വാസത്തിന്റെയും, കണ്ണുനീരിന്റെയും, വിജയത്തിന്റെയും ചരിത്ര യാഗാർത്ഥ്യങ്ങളാണ്.

ദുബായ് ഇടവക വളർച്ചയുടെ പന്ഥാവിലാണ് എന്നതിന്റെ വ്യക്തമായ പ്രതിഫലനമാണ് ഇത്തരം പ്രസിദ്ധീകരണങ്ങളും പദ്ധതികളും. വിശ്വാസ സമൂഹം ഐക്യസമൂഹമായി വളരുന്നതിന്റെ തെളിവുകൂടിയാണിത്. ഈ പ്രസിദ്ധീകരണത്തിന്റെ നിർമ്മിതിയിൽ അനേകരുടെ കരവിരുതും കഠിനാദ്ധ്വാനവും കർമ്മബോധവും കാര്യമായ പങ്കു വഹിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമാണ്.

പ്രവാസികളായി പാർക്കുന്ന ദൈവജനത്തിന് ആവശ്യമായ ഇടയപരിപാലനം നൽകാൻ സഭയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ആധുനിക മാധ്യമ ലോകത്ത് നിഷ്ക്രിയമായിപ്പോകുന്ന തലമുറകളുടെ സമയങ്ങൾ വിശ്വാസ വഴിയിൽ വളർത്തി സാക്ഷികളാക്കുന്നതിനും ദൈവകൃപയുടെ തണലിൽ വളരാൻ സി.എസ്.ഐ. ദുബായ് ഇടവകയിലെ വിശ്വാസികൾക്ക് കഴിയട്ടെ. സഭയിലെ കുടുംബങ്ങളും ദേശവും ദൈവാനുഗ്രഹത്താൽ സമ്പന്നമാകട്ടെ.

എന്ന്
കർത്തൃ ശുശ്രൂഷയിൽ


C.S.I SOUTH KERALA DIOCESE
BISHOP'S OFFICE
THIRUVANANTHAPURAM

മോസ്റ്റ് റവ. എ. ധർമ്മരാജ് റസാലം
മോഡറേറ്റർ & ബിഷപ്പ്

# FOUNDER BISHOP



## MOST REV. DR. J.W. GLADSTONE



# ഓർമ്മക്കുറിപ്പ്

മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ

കേരളത്തിനുള്ളിലെ സഭകൾ കൂടാതെ ബാഹ്യ കേരള സഭകൾ ഉണ്ടാവുക എന്നത് ദക്ഷിണ കേരള മഹായിടവകയെ സംബന്ധിച്ച് പുതിയൊരു ആശയം ആയിരുന്നു. ഈ ഒരു ആശയം നമ്മുടെ ഇടയിലേയ്ക്ക് ശക്തമായി വന്നത് മാർത്തോമാ സഭയിലൂടെയാണ്.

മാർത്തോമാ സഭയെ സംബന്ധിച്ചിടത്തോളം കേരളത്തിനു പുറത്ത് അവരുടെ സഭകളും ഭദ്രാസനവും എന്നത് വളരെ പണ്ടു മുതലേ നിലനിന്നിരുന്ന ചിന്ത ആയിരുന്നു. മാർത്തോമാ സഭയുടെ ഈ നിലപാട് സി. എസ്. ഐ. മധ്യകേരള മഹായിടവകയെയും സ്വാധീനിച്ചു.

1960 കളുടെ ആദ്യ വർഷങ്ങൾ വരെയും സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയുടെ നിലപാട് എന്നത് നമുക്ക് വേണ്ടുന്നത്ര കുടുംബങ്ങൾ ഒരു സ്ഥലത്ത് ഉണ്ടെങ്കിൽ പോലും അവർ സമീപത്തുള്ള ഐക്യ സഭകളിൽ അംഗങ്ങളായി മാറണം എന്നതായിരുന്നു. 1960 കളുടെ പകുതി കഴിഞ്ഞപ്പോഴേക്കും മധ്യകേരള മഹായിടവകയ്ക്ക് കേരളത്തിനു പുറത്ത് ധാരാളം സഭകൾ ഉണ്ടായി. ആ സഭകളിലെ അംഗങ്ങൾ കൂടുതലും നേഴ്സിംഗ് സിസ്റ്റേഴ്സ് ആയിരുന്നു. അല്ലാത്തവരും ഉണ്ടായിരുന്നു. രണ്ടായിരമാണ്ട് ആയപ്പോഴേക്കും മേൽപ്പറഞ്ഞ സഭകൾ സ്വയം പര്യാപ്തത കൈവരിച്ചിരുന്നു.

ഈ സാഹചര്യത്തിൽ ദക്ഷിണ കേരള മഹായിടവകയും കേരളത്തിനു പുറത്ത് സഭകൾ സ്ഥാപിക്കുന്നതിന് ആലോചന തുടങ്ങി. ഇത്തരം സഭകൾക്ക് പ്രത്യേക ശുശ്രൂഷകർ, പ്രത്യേക സഭാ മന്ദിരങ്ങൾ എന്നിവ ഉണ്ടാകണം എന്ന ചിന്ത ആദ്യം മുതൽക്കേ തന്നെ ഉണ്ടായിരുന്നു. ദുബായ് തുടങ്ങിയ സ്ഥലങ്ങളും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. എന്നാൽ കുടുംബങ്ങളുടെ എണ്ണം എടുത്തു നോക്കിയാൽ ദക്ഷിണ കേരള മഹായിടവകയിലെ അംഗങ്ങൾ മറ്റു മഹായിടവകയിലെ അംഗങ്ങളുമായി താരതമ്യേന കുറവായിരുന്നു.

ദുബായിലെ ദക്ഷിണ കേരള മഹായിടവക അംഗങ്ങൾക്കിടയിൽ സാമൂഹ്യമായ കെട്ടുറപ്പ്, കുടുംബ പരമായ പരസ്പര ബന്ധം, തനതായ എൽ. എം. എസ്. ആരാധനാ ശൈലി എന്നീ കാര്യങ്ങൾക്ക് പ്രത്യേക സഭ ഉണ്ടാകുക എന്ന ആവശ്യം വർദ്ധിച്ചു. അങ്ങനെ ദക്ഷിണ കേരള മഹായിടവകയിലെ കുടുംബങ്ങൾ ഒരു പ്രത്യേക സഭയുടെ രൂപവൽക്കരണത്തിന് താല്പര്യപ്പെടുകയും അതിനായുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഇതിന്റെ ഫലമായി ദുബായിൽ ക്രിസ്തീയ പൊതു ആരാധനകൾ നടത്തപ്പെടുന്ന സ്ഥലത്തു തന്നെ നമ്മുടെ ആരാധനകൾക്കു വേണ്ടി ഒരു സ്ഥലവും സമയവും ആംഗ്ലിക്കൻ ചാപ്പിനിലൂടെ ദൈവം അനുവദിച്ചു നൽകി. അതിനായി വളരെയേറെ പ്രയത്നിക്കേണ്ടി വന്നു എന്നുള്ളത് അന്ന് ഇതിനു പിന്നിൽ അധ്വാനിച്ച പ്രിയപ്പെട്ടവർ അറിയുന്നതാണ്. ഈ ആരാധന ഇന്നും ഉചിതമായി നടന്നുവരുന്നു എന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. ദുബായിൽ അന്ന് ഇതിനായി യത്നിച്ച ധാരാളം പേരുണ്ട്. ശ്രീ. ക്രിസ്പൻ ജസ്റ്റസ് കുടുംബം, ശ്രീ. രത്നരാജ് തുടങ്ങിയവരെ നന്ദിപൂർവ്വം ഓർക്കുന്നു.

ദുബായിൽ സ്ഥിരമായി നമുക്കൊരു ആരാധനാ സ്ഥലം ഉണ്ടാകട്ടെ എന്നതാണ് എന്റെ പ്രാർത്ഥനയും, ആഗ്രഹവും. അതിനുള്ള വഴികൾ ദുർഘടമുള്ളതാകാം. പക്ഷേ അതേ സമയം പ്രാർത്ഥനയോടെ, ഐക്യത്തോടെ അദ്ധ്വാനിച്ചാൽ അസാധ്യമായ കാര്യം ഒന്നുമില്ലല്ലോ. ഏവർക്കും ദൈവകൃപ നേരുന്നു.

# താളുകൾ മറിയുമ്പോൾ....


Our Presbyter and Church Secretary 08
Editorial Board 09
ആമുഖം - റവ. എസ്. സ്റ്റീഫൻ ജോസഫ് 10
Editorial - വിശ്വാസ അഭിവൃദ്ധി - അവിരാമം
ശ്രീ. രാകേഷ് എം. ആർ. 11
Greetings - Arch Bishop Michael 12
Greetings - Rev. M. Christopher Rajendran 13
ആശംസ - ഫാ. ക്രിസ്റ്റോ കുര്യൻ 14
Greetings - Rev. S.P. Bhaskar 15
ആശംസ - ശ്രീ. ആസ്റ്റിൻലാൽ എം. ജോസ് 16
ഓർമ്മക്കുറിപ്പ് - റവ. ആർ. എസ്. സുരേഷ് കുമാർ 17-18
ഓർമ്മക്കുറിപ്പ് - റവ. ഡി. ജേക്കബ് 19
ഓർമ്മക്കുറിപ്പ് - റവ. ഡി. എസ്. റോയ് 20
ഓർമ്മക്കുറിപ്പ് - ശ്രീ. ജെ. രത്നരാജൻ 21-22
ഓർമ്മക്കുറിപ്പ് - ശ്രീ. ക്രിസ്പൻ ജസ്റ്റസ് 23
ഓർമ്മക്കുറിപ്പ് - ശ്രീ. ഷാജി ഡി. ആർ. 24
ഓർമ്മക്കുറിപ്പ് - ശ്രീ. സണ്ണി ഡി. 25
ഓർമ്മക്കുറിപ്പ് - ശ്രീ. ബിനുലാൽ സി.എസ്. 26-27
Best Compliments - Mr. J. Rathnaraj & Family 27
കാദേശ് - ശ്രീ. ആസ്റ്റിൻലാൽ എം. ജോസ് 28
സി. എസ്. ഐ. ദുബായ് സഭാചരിത്രം 29-45
C.S.I. Dubai Church History 46-61
Reminiscence 62-63
Advertisement - JJB Contracting LLC 63
ലേഖനം - ക്രിസ്തുവിലൂടെയുള്ള ആതുരശുശ്രൂഷ
ശ്രീമതി. പ്രിയാ പ്രവീൺ 64
ലേഖനം - ദർശനങ്ങളിലെ പുതിയ നിയമം
ശ്രീമതി. അനിഷ്ക എസ്. പി. 65-67
ലേഖനം - സ്നേഹത്തിന്റെ സംരക്ഷണം
ശ്രീമതി. ജിനി എസ്. ജോൺ 68-70
തിരനോട്ടം ശ്രീമതി. ആത്മജ ഡി. വി. 71-72
ഗാനം - എന്റെ കർത്താവ്
ശ്രീമതി. രാഖി ഷാജി 72
ഗാനം - ജീവിക്കും ഞാൻ ഇനി യേശുവിനായ്
ശ്രീ. ഷിജിൻ ആർ. എസ്. 73
ഗാനം - അത്ഭുതരാജൻ - ശ്രീ. പ്രെയ്സൽസ് ജോൺ 73
Lockdown and Me (A Rendezvous with nature)
Miss Amala Prasad 74
ലേഖനം - മരുപ്പറമ്പിനെ മരതക ദ്വീപാക്കിയ അമരക്കാരൻ
ശ്രീ. വിൻഫ്രഡ് ബേബി 75-76
സണ്ടേസ്കൂൾ റിപ്പോർട്ട് 77-80
സി. ഇ. വൈ. എഫ് റിപ്പോർട്ട് 81-82
സ്ത്രീജനസഖ്യം റിപ്പോർട്ട് 83-84
ചിത്രരചന 85-86
Advertisement - Middle East Testing Services 86
Advertisement - Gaviya 86
Best Compliments - St. Luke C.S.I. Church 87
സ്നേഹ സ്മരണ - ശ്രീ. ബി. രാജേന്ദ്രൻ 87
Advertisement - Bio-Mol Laboratories 88
Best Compliments - Mr. Bipin C.L. & Family 89
Advertisement - Hot Mug Cafe 89
Advertisement - Eduwing 90
Best Compliments - C.S.I. Tamil Parish - Dubai 91




## Our Presbyter



Rev. Stephen Joseph
2019 -

## Our Church Secretary



Mr. Austinlal M. Jose
2018 -

# Our Former Presbyters



Rev. R.S.Suresh Kumar
2006, 2012-2015



Rev. Sunin Spencer
2008 - 2011



Rev. D. Jacob
2011




Rev. Christal Jayaraj
2015 - 2016



Rev. D.S. Roy
2016 - 2019

# Our Former Church Secretaries



Mr. James Rathnaraj
2006 - 2010



Mr. Chrispan Justus
2010 - 2014



Mr. Shaji D.R.
2014 - 2017



Mr. Sunny D.
2017 - 2018

# EDITORIAL BOARD


**Rev. Stephen Joseph**
Presbyter


**Mr. Rakhesh M. Rajendran**
Chief Editor

## CONTENT EDITORS


**Mrs. Athmaja D.V.**


**Mrs. Niji Moses**


**Mr. Anoop Surling**


**Mrs. Kusumam Justus**

## MEMBERS


**Mr. Austinlal M. Jose**


**Mr. Alex Prasad**


**Mr. Binulal C.S.**


**Mr. Bipin C.L.**


**Mr. Joy S.R.**


**Mr. Sunny D.**


**Mr. Sajan P. Raj**


**Mr. Sherin Benjamin**


**Mr. Winfred Baby**


**Mrs. Tintu Gilbert**

# ആമുഖം

റവ. എസ്. സ്റ്റീഫൻ ജോസഫ്



ഒരു പ്രവാസിക്ക് ഏറ്റവും വിലയുള്ളത് ഗൃഹാതുരത ആണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഈ വന്നു പാർക്കുന്ന ഇടം സ്വന്തമല്ലെന്നും ഈ കടലുകൾക്കപ്പുറമുള്ള പച്ചപ്പണിഞ്ഞ നാടാണ് നമ്മുടെയൊക്കെ സ്വന്തം നാട് എന്നും ഉള്ളിൽ ശക്തമായ ബോധ്യമുണ്ട്. സ്വന്തം നാട്, സ്വന്തം വീട്, ബന്ധുമിത്രാദികൾ എന്നു തുടങ്ങി പലതും പ്രവാസിക്ക് വിദൂര സ്വപ്നമാണ്. ഈ പശ്ചാത്തലത്തിൽ സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി) ഇടവകയിലൂടെ നമ്മുടെ സ്വന്തം ആരാധനാ രീതികൾ ഇവിടെ പറിച്ചു നടാനായി എന്നത് ഏറ്റവും ഭാഗ്യകരമായ ഒന്നായി തോന്നുന്നു.

ഈ കൂട്ടായ്മ നമ്മെ ക്രിസ്തു വിശ്വാസത്തിൽ ഉറപ്പിക്കുകയും ക്രൈസ്തവ സാഹോദര്യത്തിൽ വളർത്തുകയും ചെയ്തു.

ഇപ്പോഴിതാ 15 വർഷങ്ങൾ ഇടവക പിന്നിട്ടിരിക്കുന്നു. കടന്നുപോയ നാൾവഴികളെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് **"കാദേശ്"**. ദീർഘമായ ഈ യാത്രയിൽ പലരും ഒപ്പം ചേർന്ന് ഇതിനെ ആവേശഭരിതമാക്കി. പിന്നീട് ഇവിടുത്തെ ജോലി അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് പോയി. അങ്ങനെ വന്നുചേർന്നും വിട്ടു പിരിഞ്ഞും ഈ യാത്രയ്ക്ക് ദാർശനികഭാവം നൽകി. അതുകൊണ്ട് ഈ സ്മരണിക ജീവിതത്തിന്റെ നേർ രേഖയായി നമ്മുടെ സഭാ ജീവിത ദർശനത്തിന്റെ നവ മുകുളങ്ങൾ സമ്മാനിക്കട്ടേ എന്ന് പ്രാർത്ഥിക്കുന്നു. കൂടുതൽ ദൈവപ്രസാദമുള്ളവരായി ജീവിക്കാൻ കാദേശിലൂടെ നമുക്ക് സാധിക്കട്ടെ. ഈ സംരംഭം പൂവണിയാൻ തങ്ങളുടെ പ്രയത്നവും പ്രാർത്ഥനയും അർപ്പണം ചെയ്തവരെ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനകളോടെ

റവ. എസ്. സ്റ്റീഫൻ ജോസഫ്

EDITORIAL

# വിശ്വാസ അഭിവൃദ്ധി - അവിരാമം

ശ്രീ. രാകേഷ് എം. രാജേന്ദ്രൻ
ചീഫ് എഡിറ്റർ



ഇരുപത് - ഇരുപത്തൊന്ന് നൂറ്റാണ്ടുകളിലെ വളരെ പ്രസക്തമായ ഒരു പദപ്രയോഗമാണ് "തുടർച്ചയായ പുരോഗമനം" (Continuous Progression). ആത്മീക ഭൗതിക ജീവിതത്തിന്റെ ഏതു വീക്ഷണ കോണിൽ നിന്ന് നോക്കിയാലും ഈ പ്രതിഭാസം മനുഷ്യനു വളരെ ആവശ്യമായ ഒന്നാണെന്ന് മനസ്സിലാക്കാം. നമ്മുടെ പ്രതിദിന ജോലി, ബിസിനസ്, ടെക്നോളജി എല്ലാത്തിലും ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു വസ്തുതയാണത്.

ഈ ഒരു പശ്ചാത്താലത്തിൽ നിന്നാണ് "**കാദേശ്** " എന്ന വാക്കിനെ അല്ലെങ്കിൽ കാദേശ് ബർന്നയിൽ വച്ച് യിസ്രായേൽ ജനത നേരിട്ട പരീക്ഷയെ നോക്കി കാണേണ്ടത്. നമ്മുടെ ആത്മീക ജീവിതത്തിൽ ഇടയ്ക്കിടയ്ക്ക് സംഭവിക്കാറുള്ള ഈ ''കുടുങ്ങി പോകലുകൾ'' നമ്മെ എത്രത്തോളം ദൈവത്തിൽ നിന്ന് അകറ്റുന്നുണ്ടാവാം!

ഈ സ്മരണിക വായിക്കുന്ന എല്ലാ ക്രൈസ്തവ സഭാ വിശ്വാസികൾക്കും തങ്ങളുടെ ജീവിത പുരോഗതിയുടെ ഓരോ ഘട്ടങ്ങളിലും സഭ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ഒരുപാട് പറയുവാനുണ്ടാകും എന്നത് ഉറപ്പാണ്. അങ്ങനെ ജീവാത്മാവു പോലെ കൊണ്ടു നടക്കുന്ന സഭാ ജീവിതത്തിൽ നിന്നും അടർത്തി ഊഷരമായ മരുഭൂമിയിലേക്ക് പറിച്ചു നടപ്പെട്ടവരാണ് സി. എസ്. ഐ. ദുബായ് ദക്ഷിണ കേരള മഹായിടവക അംഗങ്ങൾ. ഓരോ അംഗത്തിനും തങ്ങളുടെ മാതൃ ഇടവകയിൽ നിന്ന് വിട്ട് ദുബായിലെത്തിയതിനു ശേഷം ഇവിടെ നമുക്കൊരു സഭ ഉണ്ടെന്ന് കണ്ടെത്തി അംഗമാകുന്നതു വരെയുള്ള കാലയളവിൽ നേരിടേണ്ടി വന്ന കാദേശിന്റെ തിക്താനുഭവ കഥകൾ പറയാനുണ്ടാകും.

ഈ തിക്താനുഭവത്തിന്റെ കാലയളവ് കുറയ്ക്കുക അല്ലെങ്കിൽ ഇല്ലാതാക്കുക എന്ന ചിന്തയിൽ നിന്നാണ് സ്മരണിക എന്ന ആശയം രൂപീകരിച്ചത്. ഒരു സഭാ കമ്മിറ്റി മെമ്പർ എന്ന നിലയിൽ ഈ ആശയം സഭാ കമ്മിറ്റിയുടെ പിന്തുണയോടെ തിരുസഭ മീറ്റിംഗിൽ അവതരിപ്പിക്കുമ്പോൾ മനസ്സിൽ നിറഞ്ഞു നിന്നതും എന്റെ ജീവിതത്തിൽ നിന്നും അറ്റുപോയ ആ മൂന്ന് നാലു വർഷങ്ങളെക്കുറിച്ച് ആയിരുന്നു. അതിനു ശേഷം ചീഫ് എഡിറ്ററായി. എന്നാൽ കഴിയുന്നത് സ്മരണികയ്ക്കു വേണ്ടി ചെയ്യാൻ തീരുമാനിച്ചതും ഇതേ പ്രേരണയാൽ തന്നെ ആയിരുന്നു. "**കാദേശ്** " എന്ന പേര് നിർദ്ദേശിച്ച സഹോദരന്റെ മനസ്സിലും ഉണ്ടായിരുന്ന ആശയം മറ്റൊന്നല്ല.

ബൈബിൾ പണ്ഡിതർ രേഖപ്പെടുത്തിയിട്ടുള്ള ശ്രദ്ധയോടെ പഠിക്കാൻ ശ്രമിക്കുന്ന ബൈബിളിലെ ഒരു സന്ദർഭം ആണ് " Incident at Antioch " (ഗലാത്യർക്ക് എഴുതിയ ലേഖനം അദ്ധ്യായം:2). ഒരു കാലത്ത് യിസ്രായേൽ മക്കളിൽ മാത്രം ചൊരിഞ്ഞിരുന്ന ആ നന്മ ഈ ലോകം മുഴുവൻ പകർന്ന യേശു ക്രിസ്തുവിന്റെ ഉപദേശം (മത്തായി 28:19) ശിരസാവഹിച്ച് ഈ ലോകം മുഴുവൻ സുവിശേഷം പകരാൻ അധ്വാനിക്കുന്ന വിശുദ്ധ പൗലോസ് അപ്പോസ്തലൻ ജാതികളുടെ ചില കാര്യങ്ങളിൽ വിട്ടുവീഴ്ചയ്ക്ക് ഒരുങ്ങാത്ത വിശുദ്ധ പത്രൊസിനോട് തർക്കിക്കുന്നത് അവിടെ കാണുവാൻ സാധിക്കും. പിതാവായ ദൈവത്തിനു ഈ ലോക ജനതയോടുള്ള അടങ്ങാത്ത സ്നേഹമാണ് ആ സംഭവത്തിനൊടുവിൽ വിജയിച്ചതും, ഈ ഭൂമി മുഴുവൻ സുവിശേഷം പടരാൻ കാരണം ആയതും. അതിനായുള്ള ഇച്ഛാശക്തിയും ദർശനങ്ങളും വിശുദ്ധ പൗലോസ് അപ്പോസ്തലനു ലഭിക്കുന്നതും അത് പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് അദ്ദേഹം മുന്നേറിയതും അദ്ദേഹത്തിന്റെ എഴുത്തുകളിൽ വായിച്ചറിയുവാൻ കഴിയും.

യേശു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം തുടർച്ചയായി സംഭവിച്ച ആത്മീക പുരോഗമനങ്ങളിലൂടെ ഈ ലോകജനത ദൈവീക കരം തിരിച്ചറിഞ്ഞു. അതിൽ നിന്നും അണുവിട പുറകിലേക്ക് പോകാൻ സാധ്യതയുള്ള ഒരു കാരണവും സഭാജനം എന്ന നിലയ്ക്ക് നമ്മിൽ നിന്ന് ഉണ്ടായിക്കൂടാ. മാനസികമായ ഒരു വിടവും സഭയും ജനങ്ങളും തമ്മിൽ ഉണ്ടാകാൻ പാടില്ല.

ഈ സ്മരണിക ദക്ഷിണ കേരള മഹായിടവകയുടെ ഓരോ പള്ളികളിലെയും ലൈബ്രറികളിൽ എത്തിക്കുക എന്ന ശ്രമകരമായ ദർശനം ഇനിയും പ്രാവർത്തികമാക്കേണ്ടതുണ്ട്. അതിലൂടെ സി. എസ്. ഐ. ദുബായ് ഇടവകയെ കുറിച്ച് ദക്ഷിണ കേരള മഹായിടവകയിലെ ഓരോ അംഗവും അറിയണം. അങ്ങനെ നമ്മുടെ ഭവനങ്ങളിൽ നിന്ന് യു. എ. യിലേക്ക് വിമാനം കയറുന്ന ഓരോ വ്യക്തിയും തൊട്ടടുത്ത ആഴ്ച ദുബായ് ഇടവകയിലെ വിശുദ്ധ ആരാധനയിൽ പങ്കെടുക്കണം. ഈ ലക്ഷ്യ സാക്ഷാത്കാരത്തിനായി തുടർന്നും ഇതു വായിക്കുന്ന ഓരോരുത്തരുടെയും സഹായം ഞാൻ അഭ്യർത്ഥിക്കുന്നു.

സ്മരണികയെ കുറിച്ചുള്ള ചർച്ചകളുടെ തുടക്കം മുതൽ എന്നെ എല്ലാ തരത്തിലും സഹായിച്ചവരെ മറ്റു താളുകളിൽ നിങ്ങൾക്ക് പരിചയപ്പെടാൻ സാധിക്കും. എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.

40 വർഷത്തെ മരുഭൂവാസത്തിൽ നേരിട്ട കയ്പുകളെ അന്ത്യോക്ക്യയിൽ നേടിയ വിജയത്തിൽ നമുക്ക് ഒഴുക്കി കളയാം. ആത്മീക ജീവിതത്തിൽ തുടർച്ചയായുള്ള പുരോഗമനം എന്ന ലക്ഷ്യത്തിൽ ഊന്നി നമുക്ക് മുന്നേറാം.



# Greetings

**Arch Bishop Michael**
Anglican Diocese of Cyprus and the Gulf

Grace, mercy, and peace, with warmest Christian greetings, to brothers and sisters in Christ who worship as C.S.I. Malayalam Church of South Kerala Diocese in Dubai.

It is our privilege, as the Anglican authority in the region, to offer hospitality to you who are in full communion with us and all Anglicans.

May this year (2021), and all the subsequent years be blessed in our common faith and may the clergy and the people work together as one for the glory of God.



# Greetings



**Rev. M. Christopher Rajendran**
**C.S.I. Al Ain Tamil Church**

**Greetings to you in the Holy name of Lord Jesus Christ.**

**Thanks for asking me to write an acclamatory note.**

**On behalf of C.S.I. Tamil Parish (Al Ain, UAE), I praise and thank God, as the C.S.I. Malayalam Church of S.K.D., Dubai turns 15 years as a developing Church, striving to be the Mystical Body of Christ.**

**I am privileged to pen down a few words about this church, because our pioneer Rev. Sunin Spencer was chosen to give his pastoral services in the early years of the congregation of C.S.I. S.K.D., Dubai. After getting permission from former Moderator of C.S.I., Most Rev. Dr. J. W. Gladstone, Rev. Sunin Spencer started conducting worship services in C.S.I. (S.K.D.) Dubai church and gave pastoral visits regularly from the year of 2008 to 2011. His committed services were memorable and to be acknowledged with gratitude. Thereon, the relationship between our communities have been steadily growing through our mutual participation in all our annual festivals. Let us thank and praise God for this wonderful 15th Anniversary celebrations. I hope under the powerful leaderships the church will grow to the greater heights.**

**I sincerely pray that the blessings of God Almighty be bestowed upon each and every member connected to this community.**

**With prayers**
**Yours in His Service,**
**Rev. M Christopher Rajendran.**
**C.S.I. Al Ain Tamil Church**



ഫാ. ക്രിസ്റ്റോ കുര്യൻ
സെന്റ് ജോർജ്ജ് ക്നാനായ ചർച്ച്, ദുബായ്

# ആശംസ

ചരിത്രത്തിൽ എക്കാലത്തും ഉയർന്നു വന്ന ഒരു വലിയ ചോദ്യമാണ് നൂറ്റാണ്ടുകളായി മനുഷ്യ ഹൃദയത്തെ മാറ്റത്തിന്റെ പാതയിൽ നടത്തുന്ന യേശുക്രിസ്തു ആരാണ് ? ഒരിക്കൽ യൂറോപ്പിലെ സിംഹമായ നെപ്പോളിയൻ സെന്റ് ഹെലീന ദ്വീപിൽ ഏകാകിയായി നാടുകടത്തപ്പെട്ടവരുമായി കരുത്തറ്റ് നിരാശാദരിതനായി കഴിയുകയായിരുന്നു. " Impossibility is a word that is found only in the dictionary of fools" (അസാദ്ധ്യമെന്നത് വിഡ്ഢികളുടെ നിഘണ്ടുവിൽ മാത്രം കാണുന്ന ഒരു പദമാണ്) എന്ന് പറഞ്ഞ നെപ്പോളിയൻ ഏകാകിയായി സെന്റ് ഹെലീന ദ്വീപിൽ കിടന്നുകൊണ്ട് നിരാശയോടെ ചോദിച്ചു അലക്സാണ്ടറും സീസറും ചാർളി മെയ്നും കരുത്തുകൊണ്ട് സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്തു. ഞാനും കൈക്കരുത്ത് കൊണ്ട് സാമ്രാജ്യം സ്ഥാപിച്ചു. കരുത്തു കൊണ്ട് സ്ഥാപിച്ച എല്ലാം തകർന്നു വീണു. എന്നാൽ ഗലീലക്കാരനായ യേശു മനുഷ്യ ഹൃദയങ്ങളിൽ സ്ഥാപിച്ച സ്നേഹത്തിന്റെ സാമ്രാജ്യം ഇന്നും അജയ്യമായി കെട്ടുറപ്പോടെ നിലനിൽക്കുന്നു. യേശുവിന്റെ സാമ്രാജ്യത്തിൽ ലക്ഷോപലക്ഷങ്ങൾ അവനു വേണ്ടി മരിക്കുവാൻ തയ്യാറായി നിൽക്കുന്നു. ഈ യേശു ആരാണ് ? രണ്ടായിരം വർഷങ്ങൾക്ക് മേൽ യെരുശലേമിൽ കടന്നു വന്ന ക്രിസ്തു അവിടുത്തെ ജനത്തെ മുഴുവനും ഇളക്കി. മറ്റൊരു ഭാഷയിൽ ക്രിസ്തുവിന്റെ സാന്നിധ്യം അവിടുത്തെ ജനഹൃദയങ്ങളെ ഇളക്കി മറിച്ചു. (മത്തായി 21:10).

ഹൃദയങ്കമായി ഈ ചോദ്യം ചോദിച്ച പലർക്കും ഈ ക്രിസ്തു അവരുടെ ജീവിതത്തിന്റെ ഉത്തരമായി മാറി. ലൂക്കോസ് 7:49-ൽ നമുക്ക് കാണുവാൻ സാധിക്കും ചുറ്റുപാടും കൂടിയ ജനങ്ങൾ ചോദിച്ചു, ഇവൻ ആര് ? എന്നാൽ അവരിൽ ആ പാപിണിയായ സ്ത്രീ ഇതിന്റെ ഉത്തരം അവളുടെ ജീവിതത്തിൽ കണ്ടെത്തി. ഇവൻ എന്റെ പാപങ്ങൾ മോചിച്ചു തന്ന പാപമോചകനാണ് എന്ന്.

കഴിഞ്ഞ ദീർഘ വർഷങ്ങളിലൂടെയുള്ള ഇടവകയുടെ യാത്രയിൽ എപ്പോഴെങ്കിലും നിങ്ങളുടെ ജീവിതം കൊണ്ട്, ആരാധന കൊണ്ട് ഈ ചോദ്യത്തിന്റെ ഉത്തരത്തിന് കൂടുതൽ മിഴിവേകുവാൻ സാധിച്ചിട്ടുണ്ടോ, എന്ന് ചിന്തിക്കുന്ന ദിനങ്ങളായിതീരട്ടെ എന്ന് ആശംസിക്കുന്നു.

അതോടൊപ്പം വളരെ സന്തോഷത്തോടു കൂടി സി. എസ്. ഐ. ദുബായ് ദക്ഷിണ കേരള മഹായിടവകയുടെ വിജയത്തിന്റെ ജൈത്രയാത്രയുടെ ഓർമ്മച്ചെപ്പ് ഒരു സുവനീറിലൂടെ തുറക്കപ്പെടുന്ന ഈ വേളയിൽ എനിക്കും അതിൽ ഒരുപിടി തിളക്കമാർന്ന നന്മകളും, ആശംസകളും നേരുവാൻ സാധിച്ചതിൽ അതിയായ സന്തോഷമുണ്ട്. കഴിഞ്ഞ ദീർഘ വർഷങ്ങളായി സ്വന്തമായി ഒരു ആരാധന ആലയം ഇല്ലാതെ തങ്ങൾക്ക് ലഭിക്കുന്ന എല്ലാ സാധ്യമായ അവസരങ്ങളും നമ്മുടെ കർത്താവും ദൈവവുമായ ക്രിസ്തുവിനെ പാടി സ്തുതിക്കുവാനും ആരാധിച്ച് മഹത്വപ്പെടുത്തുവാനും ബഹുമാനമുള്ള വൈദീകരോട് ഒപ്പം എടുത്തിട്ടുള്ള ഇടവകയുടെ ധീരമായ എല്ലാ കാൽ വെയ്പ്പുകളും ദൈവസന്നിധിയിൽ നിന്നും വരുന്ന തലമുറക്ക് തമ്പുരാൻ വലിയ അനുഗ്രഹം ആക്കി തീർക്കട്ടെ എന്ന് പ്രാർത്ഥിച്ച് ആശംസിക്കുന്നു. എല്ലാ നന്മകളും അനുഗ്രഹങ്ങളും ദുബായ് സെന്റ് ജോർജ്ജ് ക്നാനായ പള്ളിയുടെ വികാരി എന്ന നിലയിൽ നിങ്ങൾക്ക് നേരുന്നു.

എന്ന്

**ഫാ. ക്രിസ്റ്റോ കുര്യൻ**
ചക്കിട്ടപ്പറമ്പിൽ





# Greetings

**Rev. S.P. Bhaskar**
C.S.I. Al Ain Tamil Church

Dear Pastor & Beloved Brothers and Sisters in Christ,

Greetings in the Name of our Risen Lord and Saviour Jesus Christ.

It is immense joy and pleasure to part and praise God on behalf of C.S.I. Tamil Parish,Al Ain, UAE, along with the Jubilant Congregation of C.S.I. Malayalam Church of SKD, Dubai,UAE.

I thank and praise God for inspiring the congregation with the vision to take up and stepping into her 15th year of her pilgrimage. In His wisdom and providence, God had raised up a Malayalam Congregation of C.S.I. SKD, Dubai. The once little congregation has become a major center of Christian worship and witness. I thank them for their prayers and their contributions.

The Church is a worshipping community and it is also a witnessing community. We witness to our Lord Jesus Christ by being rooted in Him and in His Holy Gospel and reaching out to the world in a spirit of Mission, Prayer and Worship inspires the church but involvement in society by participating in the life struggle of the poor and the oppressed energizes the Church. The church is always growing when the church is alive growing in faith, growing in mission, growing in fellowship and also growing in capability to achieve great things.

May our Lord God continue to bless our Malayalam Congregation of C.S.I. SKD, Dubai and also able to plant and build new congregations in the ever expanding boundaries of the church. May our Risen Lord Jesus help us to symbolize the vibrant Christian presence as the salt of the Earth and the light of the World.

On this occasion, I would like to express my sincere appreciation, wishes, greetings and earnest prayers with blessings to each and every one of C.S.I. SKD, Dubai Congregation members, all the sub-committee members and convenors, all Fellowships' members and its officers, members of the Executive Committee, the E.C. Secretary and Treasurer for their enthusiasm and priceless efforts towards His ministry.

May God Bless you all
In His vineyard,

**Rev.S.P.Baskar**
Presbyter (C.S.I.Tamil Parish, Al ain, UAE)



# ആശംസ

**ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്**
**സഭാ സെക്രട്ടറി**

കർത്താവിൽ പ്രീയരെ,

നാം നമ്മുടെ സഭയുടെ 15 -ാമത് വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ, ദൈവം നമ്മെ ഇത്രയും കാലം അത്ഭുതകരമായി ഈ ദേശത്ത് വഴി നടത്തി എന്നതിന്റെ സാക്ഷിപത്രമായ് "കാദേശ്" എന്ന സ്മരണിക പുറത്തിറക്കാൻ ഇടയാക്കിയ കർത്താവായ യേശുക്രിസ്തുവിനും, ഇതിനുവേണ്ടി സഹകരിച്ച എല്ലാവർക്കും നന്ദി അർപ്പിക്കുന്നു.

നമ്മുടെ സഭയുടെ തുടക്കം മുതൽ, സർവ്വോപരി 2008-ലെ ആരംഭത്തിനും, ബഹറിൻ സഭയുടെ തുടക്കത്തിനും ചുക്കാൻ പിടിക്കാൻ വിക്കനായ മോശയോട് കൃപ ചെയ്ത ദൈവം ഈയുള്ളവനെയും എടുത്ത് ഉപയോഗിച്ചതിന് നന്ദി അർപ്പിക്കുന്നു. നമ്മുടെ സഭയിൽ പ്രവർത്തിച്ച എല്ലാ സഭാശുശ്രൂഷകർക്കും, പ്രത്യുതാ 2008-ലെ തുടക്കത്തിനും മുന്നോട്ടുള്ള വളർച്ചയ്ക്കും നേതൃത്വം നൽകിയ റവ. സുനിൻ സ്പെൻസർ അച്ചനും സഭയ്ക്കുവേണ്ട എല്ലാ പ്രോത്സാഹനങ്ങളും നൽകിയ ദക്ഷിണ കേരള മഹായിടവക പിതാക്കൻമാർ വിശിഷ്യാ അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനി കാലാകാലങ്ങളിൽ സഭയ്ക്ക് നേതൃത്വം നൽകിയ സഭ സെക്രട്ടറിമാർ, തുടക്കത്തിൽ സഭയ്ക്ക് നേതൃത്വം നൽകി ഇപ്പോൾ ആസ്ട്രേലിയയിലെ പെർത്തിൽ താമസിക്കുന്ന ശ്രീമാൻ ജയിംസ് രത്നരാജ് അവർകൾക്കും, കൂടാതെ എല്ലാ സഭാകമ്മിറ്റി അംഗങ്ങൾക്കും, സംഘടനാ ഭാരവാഹികൾക്കും 2008 മുതൽ ഇന്നുവരെ നമുക്ക് വേണ്ട എല്ലാവിധ കരുതലുകളും നൽകുന്ന സി. എസ്. ഐ. തമിഴ് അൽ ഐൻ-ലെ പ്രിയപ്പെട്ടവർക്കും കർത്താവ് എല്ലാവിധ അനുഗ്രഹങ്ങളും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ലോകമെമ്പാടുമുള്ള മനുഷ്യരാശി കോവിഡ് -19 എന്ന മഹാരോഗത്തിന്റെ പിടിയിൽ അമർന്ന് വളരെ വിഷമങ്ങൾ അനുഭവിക്കുന്ന ഈ ദിവസങ്ങളിൽ, അതിന്റെ രണ്ടാം അലയടി നാം വസിക്കുന്ന ഈ ദേശത്തിലും, ഇന്ത്യാ മഹാരാജ്യത്തിലും അതികഠിനമായി തുടരുമ്പോൾ, നമുക്ക് ഒരു ജനമായി ഈ ദുബായ് പ്രദേശത്ത് നിലനിൽക്കാനും എല്ലാവർക്കും വേണ്ടി ദൈവത്തോട് മധ്യസ്ഥത ചെയ്യാനും, വിഷമത്തിലുള്ളവരെ കൈതാങ്ങാനും, സി. എസ്. ഐ. ദുബായ് (എസ്.കെ. ഡി.) സഭയ്ക്ക് ഇനിയും കഴിയട്ടെ. അതിന് സർവ്വശക്തൻ വരുന്ന വർഷങ്ങളിലും അനേകരിലൂടെ പ്രവർത്തിക്കട്ടെ എന്ന് ആശംസയോടെ,

സസ്നേഹം,
നിങ്ങളുടെ സഭാ സെക്രട്ടറി
ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്



# ഓർമ്മക്കുറിപ്പ്



റവ. ആർ. എസ്. സുരേഷ് കുമാർ
മുൻ സഭാ ശുശ്രൂഷകൻ

C.S.I. (SKD) ദുബായ് ഇടവക പതിനഞ്ച് വർഷങ്ങൾ പൂർത്തിയാക്കുന്ന വേളയിൽ ഒരു സ്മരണിക പ്രകാശനം ചെയ്യുന്നതായി അറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. ദുബായ് ഇടവകയിലെ എന്റെ സേവനകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ സ്മരണികയിൽ ഉൾപ്പെടുത്തുവാനുള്ള അവസരം ഒരുക്കിയതിനുള്ള സ്നേഹവും കടപ്പാടും കമ്മിറ്റിയോടും അച്ചനോടും അവിടെ ആരാധിക്കുന്ന ദൈവജനത്തോടും ആദ്യം തന്നെ അറിയിക്കട്ടെ.

ദുബായ് സി. എസ്. ഐ. (എസ്. കെ. ഡി) യുടെ ഇതുവരെയുള്ള വളർച്ചയിൽ പങ്കാളികളായ എല്ലാവരെയും ഓർക്കുന്നു. നിലവിലുള്ള അച്ചന്റെയും, കമ്മിറ്റിയുടെയും, വിശ്വാസികളുടെയും ജീവിതത്തിൽ സർവ്വശക്തനായ ദൈവം സകലവിധ അനുഗ്രഹങ്ങളും നന്മകളും നൽകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഒരു മനുഷ്യന്റെ ശരീരത്തിൽ നട്ടെല്ലിന് ഉള്ള സ്ഥാനമാണ് ഓരോ ചരിത്രത്തിലും അതിന്റെ ഓർമ്മകൾക്കും ഓർമ്മക്കുറിപ്പുകൾക്കും ഉള്ള സ്ഥാനം. അതുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടെ തന്നെ സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയുടെ ആദ്യ വിദേശ സഭയെക്കുറിച്ചുള്ള എന്റെ ഓർമ്മകൾ കുറിക്കട്ടെ.

2006 -ൽ അഭിവന്ദ്യ മുൻ മോഡറേറ്ററും സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവക ബിഷപ്പുമായിരുന്ന മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനിയിൽ നിന്നാണ് ദുബായ് ദക്ഷിണ കേരള മഹായിടവകയുടെതായി ഒരു സഭ ആരംഭിക്കുവാനുള്ള ശ്രമങ്ങളെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നത്. തിരുമേനിയുടെ വിദേശ യാത്രാ ഘട്ടങ്ങളിൽ ദുബായ് സന്ദർശനവും അവിടെ പരിചിതമായ ദക്ഷിണ കേരള മഹായിടവക അംഗങ്ങളെ കാണുന്നതും പതിവായിരുന്നു. ഒരു സഭ ആരംഭിക്കാൻ തക്ക അന്തരീക്ഷം ദുബായിൽ ഉണ്ട് എന്ന് മനസ്സിലാക്കിയ തിരുമേനി, അതിനായി അന്ന് മുൻകൈയെടുത്തവരെ പ്രോത്സാഹിപ്പിച്ചു. ആദ്യപടിയായി ഭവന പ്രാർത്ഥനകളും, ആരാധനാ നടത്തിപ്പിനായി ഒരു കമ്മിറ്റിയും രൂപീകരിച്ചു.


08.03.2006- ൽ ശ്രീ. ജെ. രത്നരാജ് അഭിവന്ദ്യ ഗ്ലാഡ്സ്റ്റൺ തിരുമേനിയ്ക്ക് എഴുതിയ കത്തിൽ "New Congregation in Dubai" എന്ന വിഷയം മഹായിടവകയെ അറിയിച്ചു. ആ കത്തിൽ ആരാധനയുടെ ആവശ്യകത ബോധ്യപ്പെടുത്തുകയും ദുബായിലെ വിശ്വാസികൾ എല്ലാ ചെലവുകളും വഹിച്ചു കൊള്ളാം എന്നും ഒരു വൈദികനെ നിയോഗിച്ചാൽ അത് ദൈവജനത്തിന് അനുഗ്രഹമാകും എന്നും അറിയിച്ചു. അതിൻ പ്രകാരം ദുബായ് സഭയെ ദക്ഷിണ കേരള മഹായിടവക അംഗീകരിച്ചു. 11.03.2006 - ൽ എന്നെ ദുബായ് സഭയുടെ ശുശ്രൂഷകനായി നിയമിച്ചുകൊണ്ട് തിരുമേനി മറുപടി എഴുതി. തിരുമേനി എന്നെ ഇക്കാര്യം അറിയിക്കുകയും, ദുബായിലെ കമ്മിറ്റി അംഗങ്ങളുമായി ഫോണിലൂടെ സംസാരിക്കുവാനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്തു.

2006 ദു:ഖവാരത്തിൽ (ഏപ്രിൽ 9 - ഏപ്രിൽ 15) അഭിവന്ദ്യനായ ഗ്ലാഡ്സ്റ്റൺ തിരുമേനി ദുബായ് സന്ദർശിച്ച് കരാമ സെന്ററിൽ വച്ചു നടത്തപ്പെട്ട 127 പേർ പങ്കെടുത്ത ആരാധനയ്ക്ക് നേതൃത്വം നൽകിയതായി അറിയാൻ കഴിഞ്ഞു. എന്നെ ദുബായ് ഇടവക ശുശ്രൂഷകനായി നിയമിച്ചതു മുതൽ ഞാൻ ദുബായ് ഇടവക കമ്മിറ്റി അംഗങ്ങളുമായി നിരന്തരം ഫോണിലൂടെ ബന്ധപ്പെടുവാനും വിവരങ്ങൾ ശേഖരിക്കുവാനും ആരംഭിച്ചു.

തുടർന്ന് ജബൽ അലിയിലെ മാർത്തോമ ചർച്ചിൽ ആരാധനയ്ക്കുള്ള അവസരം ലഭിക്കാൻ സാധ്യതയുണ്ട് എന്ന് ദുബായിൽ നിന്ന് അറിയിച്ചതനുസരിച്ച് 05.05.2006 - ൽ അഭിവന്ദ്യ തിരുമേനി മാർത്തോമാ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയ്ക്കും, ദുബായ് ഇടവകകളുടെ ചാർജ്ജുള്ള റൈറ്റ്. റവ. തോമസ് മാർ തിമോഥെയോസ് തിരുമേനിക്കും കത്തുകൾ തന്നു. ഈ കത്തുകൾ യഥാസമയം അവിടെ എത്തിച്ച് അതിന്റെ മറുപടികൾ ഞാൻ വാങ്ങി ദുബായ് ഇടവക സെക്രട്ടറിക്ക് അയച്ചു കൊടുത്തു.

ദുബായിൽ നിന്ന് അയച്ചു തന്ന വിസിറ്റിംഗ് വിസ പ്രകാരം 2006 മെയ് മാസം 16-ാം തീയതി സി. എസ്. ഐ. മലയാളം എസ്. കെ. ഡി യിലെ ആദ്യ പുരോഹിതനായി എനിക്ക് ദുബായിൽ എത്താൻ കഴിഞ്ഞു. അതിന് സഹായിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി, അവിടത്തെ അന്നത്തെ വിശ്വാസികൾ, എന്നെ നിയോഗിച്ച അഭിവന്ദ്യ ഗ്ലാഡ്സ്റ്റൺ തിരുമേനി, പാസ്റ്ററൽ ബോർഡ് എന്നിവരോട് ഞാൻ നന്ദിയുള്ളവനാണ്.

വളരെ ആദരവോടെ എന്നെ അന്ന് വരവേറ്റത് ഇന്നും ഞാൻ ഓർക്കുന്നു. വിസിറ്റിംഗ് വിസ കാലാവധിയിൽ ആദ്യം 15 ദിവസം ശ്രീ. അനി ജോർജ്ജിനൊപ്പവും അടുത്ത 15 ദിവസം അലക്സ് പ്രസാദിന്റെ സുഹൃത്ത് ശ്രീ. രമേശിനൊപ്പവും, ഒടുവിലത്തെ 2 മാസം അനി ജോർജ്ജും ഞാനും സജി എന്ന ഒരു സുഹൃത്തിന്റെ കരാമയിലുള്ള വീട്ടിലും താമസിച്ചു.



ഈ കാലയളവിൽ എന്നോടൊപ്പം ദുബായ് ഇടവകയുടെ വിവിധ പ്രവർത്തനങ്ങൾക്കായി മുൻകൈ എടുത്ത സഭാകമ്മിറ്റി അംഗങ്ങളെ ഓർക്കാതെ വയ്യ. അവരുടെ പ്രാർത്ഥനയും, പരിശ്രമവും ആണ് ദുബായ് സി. എസ്. ഐ. സഭയ്ക്ക് അടിസ്ഥാനം ആയതെന്ന് ഏക്കാലവും ഓർക്കും.

16.05.2006 മുതൽ മൂന്ന് മാസക്കാലം കൊണ്ട് പല വീടുകളിലും ആരാധനകൾ ക്രമപ്പെടുത്തി. ഓരോ സ്ഥലങ്ങളിലും ആവേശത്തോടെ ജനം വന്നുകൂടി. ചിക്കൻ പോക്സിന്റെ കാലത്ത് ബാച്ചിലർ അക്കോമഡേഷനുകൾ സന്ദർശിച്ചത് ഒരു പുതിയ അനുഭവമായി. നിർഭാഗ്യവശാൽ വിസ പുതുക്കാൻ കഴിയാതെ 2006 ജൂലൈ 17 ന് എനിക്ക് തിരിച്ചുപോരേണ്ടി വന്നു.

തുടർന്ന് മോഡറേറ്റർ വഴിയും മർത്തോമാ ഇടവക വഴിയും ആരാധനാകേന്ദ്രം ലഭിക്കുന്നതിന് ഞാൻ നാട്ടിലും ദുബായിലെ സഭാ നേതൃത്വം അവിടെയും നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. ഒന്നരവർഷക്കാലം ഈ ശ്രമം നിരന്തരം തുടർന്നു. ഈ ഒന്നര വർഷവും എനിക്ക് മാതൃ മഹായിടവകയിൽ സഭ ഇല്ലായിരുന്നു. ആരാധനാ ഹാൾ കിട്ടാതെയും വിസ അന്ന് ലഭിക്കാതെയും ഇരുന്നതിനാൽ കുറേ നാൾ ദുബായ് ഇടവകയുടെ ആരാധനകളിൽ പൗരോഹിത്യ സാന്നിധ്യം ഉണ്ടായിരുന്നില്ല. പിന്നീട് റവ. സുനിൽ സ്പെൻസർ അച്ചൻ ആരാധനകൾക്ക് നേതൃത്വം നൽകി വന്നു.

ഒരു ഇടവേളയ്ക്ക് ശേഷം 2011 നവംബറിൽ ദുബായ് ഇടവക കമ്മിറ്റി ആവശ്യപ്പെട്ടതനുസരിച്ച് അഭിവന്ദ്യ മോസ്റ്റ് റവ. എ. ധർമ്മരാജ് റസാലം തിരുമേനി എന്നോട് വീണ്ടും ദുബായ് ഇടവകയിലെ ശുശ്രൂഷ ഏറ്റെടുക്കാൻ ആവശ്യപ്പെട്ടു. എന്നാൽ ഡിസംബറിൽ അന്ന് ഞാൻ സേവനമനുഷ്ഠിച്ചിരുന്ന തിരുമല ഹോളി ട്രിനിറ്റി ഇടവകയിലെ ശുശ്രൂഷകൾ ക്രമീകരിച്ചിരുന്നതിനാൽ ജനുവരി മുതൽ ഞാൻ പോകാം എന്ന് സമ്മതിച്ചു. ഡിസംബർ മാസത്തെ ആരാധനകൾ നടത്തുവാനായി റവ. ഡി. ജേക്കബ് അച്ചനെ താൽക്കാലിക ശുശ്രൂഷകനായി വന്ദ്യ തിരുമേനി നിയോഗിച്ചു.

2012 ജനുവരി ഒന്നു മുതൽ ദുബായ് ഇടവകയുടെ ശുശ്രൂഷകനായി ഞാൻ ചുമതലയേറ്റു. ഊഷ്മളമായ വരവേൽപ്പ് ലഭിച്ചു. പഴയ സുഹൃത്തുക്കൾ ഉണ്ടായിരുന്നതിനാലും കമ്മിറ്റിയുടെ ഒത്തൊരുമയോടെയുള്ള പരിശ്രമത്താലും അനേകം പ്രതിസന്ധികൾ ഉണ്ടായിരുന്നെങ്കിലും ഒന്നൊന്നായി തരണം ചെയ്യാൻ ദൈവം സഹായിച്ചു.

ആദ്യ ഒരു വർഷക്കാലം പല സ്കൂൾ മുറികളിൽ ആയിരുന്നു ആരാധന. ശ്രീ. ക്രിസ്പൻ ജസ്റ്റസ് സാറിന്റെ കമ്പനി വിസയിൽ നിന്നു കൊണ്ട് പൗരോഹിത്യ സേവനം നടത്താൻ ദൈവം അവസരം ഒരുക്കി. കമ്മിറ്റിയുടെ നിരന്തര പരിശ്രമത്താൽ 2013 ൽ അന്നത്തെ ചാപ്ലയിൻ റവ. ഡോ. റുവാൻ പാലപ്പത്ത്‌വാലയുടെ പ്രത്യേക പരിഗണനയിൽ ഹോളി ട്രിനിറ്റി ഇടവകയിൽ വ്യാഴം രാത്രി എട്ടര മണി മുതൽ ആരാധന ആരംഭിക്കാൻ ദൈവം കൃപ തന്നു. തുടർന്ന് നിരന്തര ശ്രമത്താൽ പ്രീസ്റ്റ് വിസ ലഭ്യമായി. അത് അത്ഭുതകരമായ ദൈവകൃപയായി ബോധ്യപ്പെട്ടു. ഇടവകയ്ക്ക് സ്വന്തമായി ഒരു പാഴ്സനേജ് എന്നത് അന്നത്തെ മറ്റൊരു സ്വപ്നം ആയി അവശേഷിച്ചു.

2013 മാർച്ച് 25ന് അഭിവന്ദ്യ റൈറ്റ് റവ. എ. ധർമ്മരാജ് റസ്സാലം തിരുമേനിയും ഷെർളി റസ്സാലം ബിഷപ്പമ്മയും ദുബായ് ഇടവക സന്ദർശിച്ചു. അവരോടൊപ്പം എന്റെ സഹധർമ്മിണി ബി. പുഷ്പലത കൊച്ചമ്മയ്ക്കും ദുബായിൽ വരാൻ ദൈവം അവസരം ഒരുക്കി. ആ നാളുകളിൽ കൊച്ചമ്മ ദുബായ് ഇടവകയിലെ ആരാധനകളിൽ പങ്കെടുത്തത് ദുബായിലെ വിശ്വാസികൾക്ക് ഒരു പുതിയ ഉണർവ്വേകി. കൊച്ചമ്മയുടെ ജീവിതത്തിലെ അവിസ്മരണീയ നാളുകളായിരുന്നു അത്. വിശ്വാസികൾ ആദരവോടെ കൊച്ചമ്മയെ കൈക്കൊണ്ടത് ഇന്നും ഓർക്കുന്നു.

2013-2014 വർഷത്തിനിടയിൽ ദുബായിൽ നിന്ന് ബഹ്റൈനിൽ പോയി അവിടുത്തെ ദക്ഷിണ കേരള മഹായിടവകയിലെ അംഗങ്ങളുടെ സ്നേഹം നിറഞ്ഞ ക്ഷണം അനുസരിച്ച് ആരാധന ആരംഭിക്കാൻ ദൈവം സഹായിച്ചു. ക്ഷീണം നോക്കാതെ ഓടാൻ ദൈവം സഹായിച്ചതുകൊണ്ട് ദുബായിലും, ബഹ്റൈനിലും ഓരോ ആരാധന കേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം അവസരം തന്നു എന്ന ചാരിതാർത്ഥ്യത്തോടെ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. മസ്കറ്റിൽ ദക്ഷിണ കേരള മഹായിടവകയുടേതായി ഒരു സഭ ആരംഭിക്കാൻ പദ്ധതി ഉണ്ടായിരുന്നു എങ്കിലും അത് കഴിഞ്ഞില്ല. ദൈവം പുതിയ അവസരങ്ങൾ ആരിലൂടെ എങ്കിലും ഒരുക്കട്ടെ എന്ന് ആശംസിക്കുന്നു.

2015 ഏപ്രിലിൽ മൂന്ന് വർഷത്തെ വൈദേശിക കർത്തൃ സേവനം പൂർത്തിയാക്കി ഞാൻ നാട്ടിലേക്ക് മടങ്ങി. ദുബായ് ഇടവക ഇന്നും വളർച്ചയുടെ പാതയിൽ ആണെന്ന് അറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ഇനിയും ഒരുപാട് സ്വപ്നങ്ങൾ പൂർത്തീകരിക്കുവാനായി ബാക്കിയുണ്ട്. അതിൽ ഒന്നാണ് സ്വന്തമായി ആരാധിക്കുവാനുള്ള ഒരിടം. ഫലപ്രാപ്തികൾ ദൈവം ഒരുക്കും. അദ്ധ്വാനിക്കേണ്ടത് നാം തന്നെ.






# ഓർമ്മക്കുറിപ്പ്

റവ. ഡി. ജേക്കബ്
മുൻ സഭാ ശുശ്രൂഷകൻ

പ്രിയരേ,

2011 ഡിസംബർ പകുതി മുതൽ 2012 ജനുവരി പകുതി വരെ ഒരു മാസക്കാലം ദുബായ് ഇടവകയുടെ ശുശ്രൂഷകൻ ആകാൻ ദൈവം എനിക്ക് അവസരം നൽകി. വളരെ അപ്രതീക്ഷിതമായിട്ടാണ് അഭിവന്ദ്യ ധർമ്മരാജ് റസാലം തിരുമേനി ഈ ഉത്തരവാദിത്വം എന്നെ ഏൽപ്പിച്ചത്. ഒരു മാസത്തെ കാലയളവിനുള്ളിൽ സഭാ ആരാധനകൾ ശക്തമാക്കുന്നതിനും ഭവന സന്ദർശനം ഊർജിതമാക്കുന്നതിനും സാധിച്ചു. അനുഗ്രഹകരമായി ആ വർഷത്തെ കരോൾ ശുശ്രൂഷ നടത്താനും ദൈവം കൃപ ചെയ്തു. ഈ ദിവസങ്ങളിൽ ആരാധനകൾ നടന്നിരുന്നത് വാടകയ്ക്കെടുത്ത സ്കൂൾ കെട്ടിടങ്ങളിൽ ആയിരുന്നതിനാൽ സ്ഥിരമായ ഒരു ആരാധന സ്ഥലം വേണമെന്ന ആവശ്യം സഭാംഗങ്ങൾക്ക് ഉണ്ടായിരുന്നു. ദുബായ് ട്രിനിറ്റി ചർച്ചിൽ നമുക്ക് ആരാധനയ്ക്കായി ഒരു സ്ഥലം ലഭിക്കേണ്ടതിന് ആംഗ്ലിക്കൻ സഭയുടെ സൈപ്രസ് - ഗൾഫ് മഹായിടവക ബിഷപ്പും നമ്മുടെ അഭിവന്ദ്യ തിരുമേനിയും തമ്മിൽ കത്തിടപാടുകൾ നടത്തുന്നതിന് പ്രയത്നിക്കാനും സാധിച്ചു. ഈ ശ്രമങ്ങൾ പിന്നത്തേതിൽ ഫലം കണ്ടതിൽ ഏറെ സന്തോഷിക്കുന്നു. അന്ന് നിലനിന്നിരുന്ന ചില ആശങ്കകളെ ചൊല്ലി സഭാ ശുശ്രൂഷകനെന്ന നിലയ്ക്ക് ഞാൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സഭാംഗങ്ങൾ അംഗീകരിക്കുകയും സ്നേഹത്തോടെ എന്നെ കരുതുകയും ചെയ്തത് നന്ദിയോടെ ഓർക്കുന്നു. തുടർന്നും ഒത്തൊരുമയിലും കരുതലിലും സഭ വളരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.



# ഓർമ്മക്കുറിപ്പ്



റവ. ഡി. എസ്. റോയ് & ഫാമിലി
മുൻ സഭാ ശുശ്രൂഷകൻ

കർത്താവിൽ പ്രിയരേ,

2016-2019 വർഷങ്ങളിൽ ദുബായ് ഇടവകയുടെ ശുശ്രൂഷകൻ ആയിരിക്കുവാൻ ദൈവം എന്നെ ചുമതലപ്പെടുത്തി. തൊഴിൽ സംബന്ധമായ സമ്മർദ്ദവും പ്രവാസ ജീവിതത്തിലെ ആകുലതകളും നിറഞ്ഞ വിശ്വാസ സമൂഹത്തിനോട് ചേർന്ന് ശുശ്രൂഷ ചെയ്യാൻ സാധിച്ചത് വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു. പ്രത്യേകിച്ചും അൽ ഖൂസ് തുടങ്ങിയ സ്ഥലങ്ങളിലെ ബാച്ചിലേഴ്സ് താമസ സ്ഥലങ്ങളിൽ നടന്നുവരുന്ന പ്രാർത്ഥന കൂട്ടായ്മ ഏറെ അർത്ഥവത്തായ ഒന്നായി ഞാൻ ഓർക്കുന്നു. ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിലെ ഇവിടുത്തെ പ്രാർത്ഥനാ കൂട്ടായ്മകളിലൂടെ ദൈവകൃപ അനുഭവിക്കാൻ സാധിച്ചത് നന്ദിയോടെ സ്മരിക്കുന്നു. എന്റെ ശുശ്രൂഷ കാലത്തിൽ വിവിധ സഭാ - സംഘടനാ കമ്മിറ്റികളിൽ അംഗങ്ങളിൽ നിന്നും സഭാ ജനങ്ങളിൽ നിന്നും ലഭിച്ച പിന്തുണയും ദൈവാനുഗ്രഹമായി ഞാൻ കാണുന്നു. തുടർന്നും ദുബായ് ഇടവക വളർച്ചയുടെ പടവുകൾ പിന്നിടട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എല്ലാവർക്കും സമൃദ്ധമായ ദൈവകൃപയുണ്ടാകട്ടെ.





# ഓർമ്മക്കുറിപ്പ്

ശ്രീ. ജെ. രത്നരാജൻ
മുൻ സഭാ സെക്രട്ടറി

സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയുടെ ദുബായിലെ കൂട്ടായ്മയുടെ ഉത്ഭവത്തെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ് വേണമെന്ന് എന്നോടു ആവശ്യപ്പെട്ടപ്പോൾ ഞാനതിൽനിന്നൊഴിവാകാൻ ശ്രമിച്ചെങ്കിലും ഒരു കഴിവോ പ്രാപ്തിയോ ഇല്ലാത്ത എന്നെ ദൈവം അതിനൊരു ഉപകരണമായി തിരഞ്ഞെടുത്തിരുന്നതിനാൽ അതിൽ നിന്നും ഒഴിയാൻ പറ്റിയില്ല. ഓർമ്മക്കുറവുണ്ടെങ്കിലും ഇപ്പോൾ എന്റെ ഓർമ്മയിൽ തികട്ടിവരുന്ന ഇന്നത്തെ സഭ അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്താം എന്ന് വിചാരിക്കുന്നു.

രണ്ടായിരമാണ്ടിന്റെ ആദ്യ വർഷങ്ങളിലെ (വർഷം കൃത്യമായി ഓർക്കുന്നില്ല ) ദുബായിലെ ഒരു വേനൽക്കാലം. അതികഠിനമായ ചൂട് പോരാഞ്ഞിട്ടെന്നപോലെ പൊടികാറ്റും. എന്റെ ഒരു സുഹൃത്തായിരുന്ന സുരേഷ് (വെങ്ങാനൂർ) എന്നെയും കൂട്ടി സുഖമില്ലാതെ കഴിയുന്ന തന്റെ ഒരു സുഹൃത്തിനെ കാണാൻ സോണാപ്പൂർ ലേബർ ക്യാമ്പിലേയ്ക്കു പോയി. സുരേഷിന്റെ സുഹൃത്തും കൂടെയുള്ളവരും താമസിക്കുന്ന മുറിയിൽ നാമമാത്രമായി ഒരു എ. സി. പ്രവർത്തിക്കുന്നുണ്ട്. രണ്ടുനില കട്ടിലുകളിൽ കഴിയുന്ന വളരെയധികം യാതനകൾ അനുഭവിച്ചു ജീവിക്കുന്ന നമ്മുടെ കുറെ സഹോദരങ്ങളെ കണ്ടു. പല കാര്യങ്ങളും പങ്കുവച്ചു. വെയിലിന്റെ കാഠിന്യം അല്പം കുറഞ്ഞപ്പോൾ ഞങ്ങൾ പ്രാർത്ഥന കഴിച്ചിട്ട് മടക്കയാത്ര ഇറങ്ങി. അപ്പോൾ ആ ക്യാമ്പിൽ കഴിയുന്ന നെയ്യാറ്റിൻകര ഭാഗത്തുള്ള ചില സഹോദരങ്ങളെ അവിചാരിതമായി കാണുവാനിടയായി.

അവരുമായുള്ള സംഭാഷണത്തിൽ വീട്ടുകാരും നാട്ടുകാരും ഗൾഫ് ജീവിതം എന്നീ വിഷയങ്ങളെല്ലാം കടന്നുവന്നു. ഈ സഹോദരങ്ങളിൽ പലരും സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയിലെ വിശ്വാസികൾ ആണെന്നറിഞ്ഞപ്പോൾ അതിയായ സന്തോഷം തോന്നി. അവർക്കൊരു പാസ്റ്ററൽ കെയർ അനിവാര്യമാണെന്ന് എന്റെ ഉള്ളിൽ ആരോ പറയുന്നതു പോലെ. അവരിൽ അധികം പേർക്കും ദുബായിലൊരു സി. എസ്. ഐ. ആരാധന ഉണ്ടെന്നറിയില്ലായിരുന്നു. ഞാൻ ആ സി. എസ്. ഐ. ആരാധനയിലേയ്ക്ക് അവരെ ക്ഷണിക്കുകയും യാത്രാ സൗകര്യം തത്ക്കാലം ക്രമീകരിക്കാമെന്ന് സുരേഷ് ഏല്ക്കുകയും ചെയ്തു. അങ്ങനെ ആ ക്യാമ്പിലുള്ള പല സഹോദരങ്ങളും ദുബായിലെ സി. എസ്. ഐ. ആരാധനയിൽ പങ്കെടുക്കാൻ തുടങ്ങി. സി. എസ്. ഐ. സഭയിലെ അച്ചന് ഈ സഹോദരങ്ങളെ പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു.

സുരേഷ് ഓടിച്ചിരുന്നതു കമ്പനി വാഹനം ആയിരുന്നതിനാൽ യാത്രാ സൗകര്യം അധിക കാലം നല്കാൻ സാധിച്ചില്ല. ഈ കാര്യങ്ങൾ ഞങ്ങൾ ദുബായ് സി. എസ്. ഐ. സഭയിലെ ഒരംഗമായിരുന്ന സോളമൻ ഡേവിഡുമായി ( ദക്ഷിണ കേരള മഹായിടവകയിലെ പരേതനായ ബഹുമാനപ്പെട്ട ഡേവിഡ് അച്ചന്റെ മകൻ ) പലവട്ടം സംസാരിക്കുകയും പ്രാർത്ഥിക്കുകയും ചില തീരുമാനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. തുടർന്ന് 2006-ൽ ദക്ഷിണ കേരള മഹായിടവകയിലെ മറ്റു ചില വിശ്വാസികളുമായി സംസാരിക്കുകയും നമുക്കു എല്ലാവർക്കും ഒരുമിച്ചുകൂടി പ്രാർത്ഥിക്കാനും തുടർന്നുള്ള കാര്യങ്ങളെ കുറിച്ച് ആലോചിക്കാനും തീരുമാനിച്ചു. അതിൻ പ്രകാരം പല വെള്ളിയാഴ്ച ദിവസങ്ങളിലും എന്റെ ഫ്ളാറ്റിൽ ഒരു പ്രാർത്ഥനാ യോഗമായി കൂടുമായിരുന്നു. പത്ത് മുതൽ ഇരുപതോളം വിശ്വാസികൾ ഒരുമിച്ചു കൂടിവന്നു. സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയുടെ ഒരു കൂട്ടായ്മയ്ക്കായി പ്രാർത്ഥിക്കുക പതിവായിരുന്നു.

അതൊരു ചെറിയ പ്രാർത്ഥനാകൂട്ടമായിരുന്നു എങ്കിലും അതിനകത്തു നിന്നും പുറത്തു നിന്നും പലതരത്തിലുള്ള പരീക്ഷകളും പ്രതിസന്ധികളും



നേരിടേണ്ടി വന്നു. അങ്ങനെ കുറെക്കാലം ആ കൂട്ടായ്മ നിറുത്തിവയ്ക്കേണ്ടി വന്നു. 2009-ൽ ആസ്റ്റിൻലാലിനെ പരിചയപ്പെടാനായി. ആസ്റ്റിനിലൂടെ അന്ന് അൽ ഐൻ തമിഴ് സി. എസ്. ഐ. സഭയിലെ പുരോഹിതൻ ആയിരുന്ന ബഹുമാനപ്പെട്ട സുനിൻ സ്പെൻസർ അച്ചനെ പരിചയപ്പെട്ടു. തുടർന്ന് അച്ചൻ ചിലനാളുകൾ എന്റെ ഫ്ളാറ്റിൽ വരികയും നമ്മളിൽ പലരും കൂടി വന്നു ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുകയും സഭയുടെ രൂപീകരണത്തെക്കുറിച്ചും ഭാവി നടത്തിപ്പിനെ കുറിച്ചുമുള്ള അഭിപ്രായങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും അച്ചൻ നമുക്കു വേണ്ടുന്ന പ്രചോദനം നല്കുകയും ചെയ്തു.

അങ്ങനെ അച്ചന്റെ നിർദ്ദേശത്തിലും നേതൃത്വത്തിലും ദുബായിലും ഷാർജയിലുമുള്ള ദക്ഷിണ കേരള മഹായിടവക അംഗങ്ങളെ ഒരുമിച്ചു വിളിച്ചു കൂട്ടാൻ തീരുമാനിച്ചു. അതിൻ പ്രകാരം 2009 ജൂലൈ മാസം അഞ്ചാം തീയതി ഗർഹൂദിലെ ഈറ്റ് ആന്റ് ഡ്രിങ്ക് റസ്റ്റോറന്റിന്റെ മുകളിലത്തെ നിലയിലെ ഹാളിൽ ഏകദേശം അൻപതോളം പേരെ പങ്കെടുപ്പിച്ചു ഒരു കൂട്ടായ്മ ആചരിപ്പാൻ ദൈവം കൃപ ചെയ്തു. ആ കൂട്ടായ്മയിലൂടെ കർത്താവിന്റെ തിരുവിഷ്ടത്തെ എല്ലാവർക്കും കൂടുതൽ വെളിവാക്കുകയും ഈ കൂടിവരവ് ഒരു ആരാധനയായി തുടർച്ചയായി നടത്തണമെന്ന് അന്നു പങ്കെടുത്തവർ ഒരേ സ്വരത്തിൽ ആവശ്യപ്പെടുകയും ചെയ്തു. ഈ യോഗത്തിന്റെ ക്രമീകരണത്തിനു സഹായിച്ച ജസ്റ്റിൻ രാജിനെ ഇത്തരുണത്തിൽ ഓർക്കുന്നു. ക്രിസ്പൻ ജസ്റ്റസ് തന്റെ വീട്ടിൽ താൽക്കാലികമായി കൂട്ടായ്മ ആചരിപ്പാനുള്ള സൗകര്യം ചെയ്തു തരികയും 2009 ആഗസ്റ്റ് മാസം 27-ാം തീയതി ബഹുമാനപ്പെട്ട സുനിൻ സ്പെൻസർ അച്ചന്റെ കാർമ്മികത്വത്തിൽ ആരാധന ആരംഭിക്കുകയും ചെയ്തു. തുടർന്ന് മാസംപ്രതി ഓരോ ആരാധന നടന്നു വന്നു. അതേ വർഷം ഒക്ടോബർ മാസം അഞ്ചാം തീയതി ദക്ഷിണ കേരള മഹായിടവക ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനി നമ്മുടെ സഭ സന്ദർശിക്കുകയും വിശുദ്ധ തിരുവത്താഴ ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു.

കർത്താവ് കൂടുതൽ സഭാജനങ്ങളെ തിരുസഭയോടു ചേർത്തുകൊണ്ടിരുന്നു. സഭാജനങ്ങളുടെ ആഗ്രഹപ്രകാരം എല്ലാ ആഴ്ചയും ആരാധന നടത്തുവാനും എല്ലാപേരെയും ഉൾക്കൊള്ളുവാൻ അനുയോജ്യമായ ഒരു ഹാൾ കണ്ടെത്തുവാനുമുള്ള ശ്രമം തുടങ്ങി. അതിൻ പ്രകാരം ഞങ്ങൾ ദുബായ് ഹോളി ട്രിനിറ്റി ചർച്ചിന്റെ ചാപ്ലയൻസിയെ സമീപിച്ചു. പക്ഷെ ഹാൾ ഒന്നും ഒഴിവില്ല എന്ന മറുപടിയാണ് ലഭിച്ചത്. ( അന്ന് ഒരു ചെറിയ ഹാൾ പോലും ലഭിക്കാതിരുന്ന നമുക്കു പിന്നീട് അവിടത്തെ മുഖ്യ ദൈവാലയം തന്നെ നല്കാൻ സർവ്വശക്തൻ കൃപ ചെയ്തതു ചരിത്രം ). ദൈവകൃപയാൽ കരാമാ സെന്ററിന്റെ മുകൾ നിലയിലെ ഒരു ഹാൾ നമുക്കു ലഭിക്കുകയും 2009 ഡിസംബർ മാസം മുതൽ എല്ലാ വ്യാഴാഴ്ചകളിലും രാത്രി 8.30ന് അവിടെ വച്ചു ക്രമമായി ആരാധന തുടർന്നു നടത്തുകയുണ്ടായി. അൽ ഐനിൽ നിന്നും അച്ചൻ വന്ന് ഈ ആരാധനകളിൽ വിശുദ്ധ തിരുവത്താഴ ശുശ്രൂഷ നിർവ്വഹിച്ചു പോന്നു.

2010 ഫെബ്രുവരിയിൽ ഞാൻ ജോലിയിൽ നിന്നു വിരമിക്കുകയും ദുബായിയോടു യാത്ര പറയുകയും ചെയ്തു. ഇപ്രകാരം ആരംഭിച്ച കൂട്ടായ്മ ഇന്ന് അനേകം പരീക്ഷകളേയും പ്രതിസന്ധികളേയും കർത്താവിന്റെ കരുണയാൽ അതിജീവിച്ച് ഒരു വലിയ സഭയായി വളർന്നു കർത്താവിന്റെ വേല സ്തുത്യർഹമായി നിർവ്വഹിക്കുന്നു എന്നറിയുന്നതിൽ സർവ്വശക്തനായ ദൈവത്തെ സ്തുതിക്കുന്നു. കർത്താവ് ഇനിയും അധികമധികം കൃപകൾ ചൊരിയട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കർത്താവിൽ എളിയ ജെ. രത്നരാജൻ



# ഓർമ്മക്കുറിപ്പ്



ശ്രീ. ക്രിസ്പൻ ജസ്റ്റസ്
മുൻ സഭാ സെക്രട്ടറി

കർത്താവിൽ പ്രിയരെ,

കഴിഞ്ഞ ഏതാനും വർഷങ്ങൾ ദുബായ് സഭയിലായിരിക്കുവാനും സഭയിലെ എല്ലാ ദൈവമക്കളുമായി ഒരുമിച്ച് ദൈവത്തെ ആരാധിക്കുവാനും ഞങ്ങളുടെ ജീവിതത്തിൽ അവസരം ലഭിച്ചത് വലിയ ഒരു ഭാഗ്യമായി കരുതുന്നു. അതിലൂടെ ദൈവത്തിൽ നിന്നും ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുവാൻ കഴിഞ്ഞു. തുടർന്ന് ഇന്നുവരെയും ഞങ്ങൾ അവിടെ ആയിരുന്നപ്പോൾ സ്നേഹത്തോടുകൂടി സഹകരിച്ച എല്ലാ സഭാ വിശ്വാസികൾക്കും, കമ്മിറ്റി മെമ്പേഴ്സിനും, അച്ചൻമാർക്കും, കുടുംബാംഗങ്ങൾക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ സ്നേഹവന്ദനം അറിയിക്കുന്നു. സഭ വളരെ നല്ല രീതിയിൽ വളർന്ന് മുന്നോട്ട് പോകുന്നു എന്ന് അറിയുവാൻ കഴിയുന്നതിൽ അതിയായ സന്തോഷം ഉണ്ട്. തുടർന്നും മേൽക്കുമേൽ ആത്മീയമായും സാമ്പത്തികമായും സഭ വളരുവാനും ഒപ്പം സഭയിലെ എല്ലാവർക്കും അത് ഒരു അനുഗ്രഹമായി തീരുവാനും അനേകർക്ക് ഈ സഭ ആശ്വാസതണലായിരിക്കുവാനും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി.

ശ്രീ. ക്രിസ്പൻ ജസ്റ്റസ്

# ഓർമ്മക്കുറിപ്പ്



"Commit your way to the Lord; trust in Him; and He will act."
Psalms 37:5

**ശ്രീ. ഷാജി ഡി. ആർ.**
മുൻ സഭാ സെക്രട്ടറി

മഹത്തായ ഒരു ദശാബ്ദം പിന്നിട്ട സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി) ഇടവകയ്ക്ക് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. പ്രയാസങ്ങളും, പരിവേദനങ്ങളും, പ്രതിസന്ധികളും നിറഞ്ഞ ഒരു ബാല്യകാലത്തിൽ നിന്നു ഉയർച്ചയുടെ പടവുകൾ കയറി നിൽക്കുന്ന നമ്മുടെ ഇടവകയുടെ വളർച്ച വളരെ അനുഗ്രഹം നിറഞ്ഞതാണ്.

സഭയുടെ ആരംഭം മുതൽ തന്നെ സി. എസ്. ഐ. എസ്. കെ. ഡി. യുടെ ഭരണഘടന അനുശാസിക്കുന്ന ആരാധനകളും, സംഘടനാ ആരാധനകളും ഒരു മുതിർന്ന സഭയുടെ പക്വതയോടുകൂടി നടന്നു വന്നിരുന്നു. വിശേഷ അവസരങ്ങളിൽ സഭാംഗങ്ങളുടെ ഒത്തുചേരലുകൾ, കുടുംബവുമായുള്ള Choir Practice, Carol Service, വിനോദയാത്രകൾ എന്നിവ ഏറെ അനുഗ്രഹപ്രദവും ഉണർവ് നൽകുന്നവയും ആയിരുന്നു. സഭാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മ ബന്ധം ഊട്ടിയുറപ്പിക്കാൻ ഇവ വളരെ സഹായിച്ചിരുന്നു. കുഞ്ഞുങ്ങളുടെയും, യുവാക്കളുടെയും സർവ്വോപരി ഓരോ കുടുംബങ്ങളുടെയും ആത്മീയ വളർച്ചയ്ക്കു നമ്മുടെ മതപരമായ രീതിയിൽ ആരാധനാ സ്വാതന്ത്ര്യം അനുവദിച്ചു തന്ന ദുബായ് ഭരണാധികാരികളോടും ഹോളി ട്രിനിറ്റി ചർച്ചിന്റെ മുൻ ചാപ്ലയിൻ റവ. റുവാൻ പാലപ്പത്ത്‌വാലയോടും എന്നും കടപ്പെട്ടിരിക്കുന്നു.

സഭയുടെ വളർച്ചയുടെ ഓരോ ചുവടുവയ്പിലും ഒപ്പം നിൽക്കാൻ കഴിഞ്ഞു എന്നത് ഏറെ അഭിമാനദായകമായി കരുതുന്നു.

മുൻനിര സഭാ ജീവിതത്തിലേക്ക് കൈപിടിച്ച് നടത്തിയ ബഹുമാനമുള്ള റവ. സുനിൻ സ്പെൻസർ അച്ചനെ നന്ദിയോടെ ഓർമ്മിക്കുന്നു. ആരാധനസ്ഥലം അനുവദിച്ചു കിട്ടുന്നതിലേക്കുള്ള ശ്രമത്തിൽ അച്ചനോടും കമ്മിറ്റി അംഗങ്ങളോടും ഒപ്പം പ്രവർത്തിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നു.

തുടർന്നു റവ. സുരേഷ്കുമാർ അച്ചന്റെ പ്രവർത്തന കാലയളവിൽ ആരാധനാസ്ഥലവും പ്രീസ്റ്റ് വിസയും അനുവദിച്ചുകിട്ടി.

ഹോളി ട്രിനിറ്റിയിൽ ആരാധനാസ്ഥലം അനുവദിച്ചു കൊണ്ടുള്ള ചാപ്ലയൻസിയുടെ ഉത്തരവ് അന്നത്തെ ചാപ്ലയിൻ ആയിരുന്ന റവ. റുവാൻ പാലപ്പത്ത്‌വാലയിൽ നിന്നും ഏറ്റുവാങ്ങാൻ കഴിഞ്ഞതും, ആദ്യ ആരാധനക്ക് മുമ്പുള്ള ഒരുക്ക പ്രാർത്ഥനയിൽ അന്നത്തെ ഇടവക വികാരി ആയിരുന്ന റവ. ആർ. എസ്. സുരേഷ്കുമാർ അച്ചനോടൊപ്പം പങ്കെടുക്കാൻ കഴിഞ്ഞതും ജീവിതത്തിൽ ലഭിച്ച അമൂല്യമായ അനുഗ്രഹമാണ്. Brother D. J. Ajith Kumar (2013), Most Rev. Samuel (2014), Fr. Boby Jose Kattikkad (2015), Fr. Jibi Mathew (2016), Fr. Joseph Puthenpurakkal (2017), Brother Mario Joseph & Family (2018) എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ദുബായ് കൺവെൻഷൻ നമ്മുടെ ഇടവകയ്ക്കു പുറമെ മറ്റു സഭകൾക്കും ആത്മീയ ഉണർവ് നൽകുന്നതായിരുന്നു.

ദുബായ് കൺവെൻഷനു അതിഥികളായെത്തിയ ബഹുമാനമുള്ള സാമുവേൽ തിരുമേനി, ബോബി ജോസ് കട്ടിക്കാട് അച്ചൻ, ജോസഫ് പുത്തൻപുരക്കൽ അച്ചൻ, ജിബി മാത്യു അച്ചൻ, ബ്രദർ മാരിയോ ജോസഫ് & ഫാമിലി, എന്നിവർക്ക് എന്റെ ഭവനത്തിൽ ആതിഥ്യം അരുളാൻ കഴിഞ്ഞത് നിറഞ്ഞ ചാരിതാർത്ഥ്യം നൽകുന്നു.

യു. എ. ഈ-യിലെ മറ്റു സഭകളുമായും നല്ല ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിരുന്നു. ചർച്ച് ഡേ, ഹാർവെസ്റ്റ് ഫെസ്റ്റിവൽ തുടങ്ങിയ വിശിഷ്ട അവസരങ്ങളിൽ പങ്കെടുക്കുകയും അതിന്റെ ഭാഗമാകാൻ കഴിഞ്ഞതും എന്നും നല്ല ഓർമ്മകൾ നൽകുന്നു.

സഭയെ പ്രതിനിധീകരിച്ചു KCC-യുടെ ഭാഗമായി പ്രവർത്തിക്കുന്ന KCC GULF ZONE, KCC DUBAI UNIT എന്നിവയുമായി ചേർന്ന് പ്രവർത്തിച്ചു നമ്മുടെ സഭയ്ക്ക് അർഹമായ പ്രാതിനിധ്യം നേടിയെടുക്കാൻ കഴിഞ്ഞത് അഭിമാനിക്കാവുന്ന കാര്യമാണ്.

റവ. സുരേഷ്കുമാർ, റവ. ക്രിസ്റ്റൽ ജയരാജ്, റവ. ഡി. എസ്. റോയ് എന്നിവരോടൊപ്പം സഭാ സെക്രട്ടറിയായി പ്രവർത്തിച്ചതിലൂടെ ലഭിച്ച അനുഭവസമ്പത്തു ജീവിതത്തിൽ എന്നും മുതൽകൂട്ട് തന്നെയാണ്.

തുടർന്നുള്ള യാത്രയിൽ ഒരു സാക്ഷ്യമുള്ള സഭയായി അനേകായിരം പേർക്ക് ആശ്വാസം നൽകുന്ന ഒരു സമൂഹമായി നിലകൊള്ളാൻ സി. എസ്. ഐ. (എസ്. കെ. ഡി.)ക്കു കഴിയും എന്ന് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**Jeremiah 17 : 7**

**But blessed is the one who trust in the Lord, whose confidence is in Him.**

# ഓർമ്മക്കുറിപ്പ്

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം
ഞാൻ സകലത്തിന്നും മതിയാകുന്നു" ഫിലിപ്പിയർ 4:13



ശ്രീ. സണ്ണി ഡി.
മുൻ സഭാ സെക്രട്ടറി

ദൈവനാമത്തിന് മഹത്വം ഉണ്ടാകട്ടെ. ദുബായ് സി. എസ്. ഐ (എസ്. കെ. ഡി.) സഭ 15-ാമത് സഭാ വാർഷികം ആഘോഷിക്കുന്നതിനോടനുബന്ധിച്ച് സഭാചരിത്രം ഉൾപ്പെടുത്തി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ അതിയായി സന്തോഷിക്കുന്നു.

സഭ രൂപീകൃതമായതു മുതൽ ഇന്നുവരെയും അതിന്റെ പിന്നിൽ കഠിനമായി അദ്ധ്വാനിച്ചവരെയും, വിവിധ കാലഘട്ടത്തിൽ സഭയിൽ ശുശ്രൂഷ ചെയ്ത വൈദീകരെയും, സഭയെ നയിച്ചവരെയും അവരുടെ ത്യാഗോജ്ജ്വലമായ സേവനങ്ങളെയും കുറിച്ച് ഓർമ്മിക്കാനും ദൈവസന്നിധിയിൽ നന്ദിയുള്ളവരായിരിപ്പാനും ഈ സ്മരണിക മുഖാന്തിരമാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

പ്രവാസ ജീവിതത്തിന്റെ വിഷമതകളിലും കഠിനമായ ജോലി സാഹചര്യങ്ങളിലുംപ്പെട്ട് മനസ്സ് മരവിച്ച് പോകുന്ന അവസരങ്ങിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആലയത്തിൽ പോകാൻ അവസരം കിട്ടാൻ വേണ്ടി ഒരുപാട് ആഗ്രഹിച്ചിട്ടുണ്ട്. വിവിധ സഭകളിൽ ആരാധിക്കാൻ പോയ ദിവസങ്ങളെയും ഓർക്കുന്നു. നമ്മുടെ ദക്ഷിണ കേരള മഹായിടവകയുടെ ഒരു ആരാധനാലയം ഉണ്ടായിരുന്നെങ്കിൽ എന്ന് ഏറെ ആഗ്രഹിച്ചു പോയി. ഇങ്ങനെ ആഗ്രഹിച്ചു കഴിഞ്ഞ അനേകരിലൂടെ ദൈവം പ്രവർത്തിച്ചതിന്റെ ഫലമാണ് നമ്മുടെ ഈ ആരാധനാലയം.

2017 ഫെബ്രുവരി മാസം മുതൽ 2018 ഏപ്രിൽ വരെയുള്ള 14 മാസക്കാലം ഈ സഭയുടെ സെക്രട്ടറി എന്ന നിലയിൽ സഭയെ നയിക്കാൻ ദൈവം എനിക്കും അവസരം തന്നു. 2017 ഫെബ്രുവരി മാസം 10-ാം തീയതി നടന്ന താങ്ക്സ് ഗിവിംങ് സർവ്വീസിൽ ദക്ഷിണേന്ത്യാ സഭയുടെ മുൻ മോഡറേറ്ററും നമ്മുടെ ബിഷപ്പുമായിരുന്ന അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനിയും ബിഷപ്പമ്മയും നമ്മുടെ മുൻ സഭാശുശ്രൂഷകൻ റവ. ആർ. എസ്. സുരേഷ്കുമാർ അച്ചനും അതിഥികളായി പങ്കെടുത്തത് വളരെ അനുഗ്രഹകരമായിരുന്നു.

സഭാ ശുശ്രൂഷകനായിരുന്ന റവ. ഡി. എസ്. റോയി അച്ചന്റെ നേതൃത്വത്തിൽ ആ കാലയളവിൽ നടന്നു കൊണ്ടിരുന്ന അൽ ഖൂസ് ക്യാമ്പ് പ്രെയർ ഫെലോഷിപ്പ് വളരെ അനുഗ്രഹകരമായിരുന്നു. വളരെ ത്യാഗപൂർവ്വം അച്ചൻ ആ ശുശ്രൂഷ ഭംഗിയായി ചെയ്തുകൊണ്ടിരുന്നു. ഞാൻ സെക്രട്ടറിയായിരുന്ന സമയത്ത് വളരെ സ്നേഹത്തോടും ആദരവോടും അച്ചൻ എന്നെ കരുതിയതും നന്ദിയോടെ ഓർക്കുന്നു.

സഭയിൽ എല്ലാ വർഷവും നടന്നുകൊണ്ടിരുന്ന വി. ബി. എസ്. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി മഹായിടവക സിലബസ് അനുസരിച്ച് 2017-ൽ മഹായിടവകയിൽ നിന്ന് വി. ബി. എസ്. ലീഡേഴ്സിനെ കൊണ്ടുവന്ന് നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് 2017-ൽ റവ. അനൂപ് സാം അച്ചനും കൊച്ചമ്മയും 2018-ൽ മിസ്സർ. അമൃത് വി. ഇസ്രായേലും, മിസ്സർ. സി. സുമജും ലീഡേഴ്സ് ആയി വന്ന് വി. ബി. എസ് വളരെ ഭംഗിയായി നടത്തിയത് സണ്ടേസ്കൂളിനും കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും ഒരുപോലെ അനുഗ്രഹകരമായിരുന്നു.

2018-ലെ കഷ്ടാനുഭവവാര ശുശ്രൂഷകളിലും സഭാദിന ആഘോഷങ്ങളിലും പങ്കെടുക്കാനായി റവ. പ്രേംജിത്ത് കുമാർ അച്ചൻ കടന്നുവരികയും ശുശ്രൂഷകൾ വളരെ ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. അച്ചന്റെ ശുശ്രൂഷകൾ സഭയുടെ ആത്മീയ വളർച്ചയ്ക്ക് കാരണമായി തീർന്നു.

നമ്മോടൊപ്പം ഉണ്ടായിരുന്ന പലരും ആകസ്മികമായി ഈ ലോകം വിട്ട് എടുക്കപ്പെട്ടു. കോവിഡ് എന്ന മഹാമാരി ലോകം മുഴുവനും നാശം വിതച്ച് മുന്നേറിയപ്പോൾ അതിന്റെ ബുദ്ധിമുട്ടുകൾ നമ്മുടെ സഭയിലെ പലർക്കും നേരിടേണ്ടി വന്നു. ഈ പ്രതികൂല സാഹചര്യ ങ്ങളിലും നമ്മെ ഒരു ജനമായി, ഒരു സഭയായി നിലനിർത്തിയ ദൈവത്തിന് നന്ദി കരേറ്റാം.

സഭാ സെക്രട്ടറി എന്ന നിലയിലുള്ള എന്റെ ശുശ്രൂഷാക്കാലത്ത് എന്നോടൊപ്പം ചേർന്ന് ആത്മാർത്ഥമായി പ്രവർത്തിച്ച അച്ചൻ, സഭാ കമ്മിറ്റി അംഗങ്ങൾ, സംഘടനാ സെക്രട്ടറിമാർ, ഭാരവാഹികൾ, സഭാവിശ്വാസികൾ എല്ലാവർക്കും നന്ദി അർപ്പിക്കുന്നു.

യൗവ്വനകാലം മുതൽ സഭയുമായി ബന്ധപ്പെട്ട് നിരവധി ചുമതലകൾ ഏറ്റെടുത്ത് ചെയ്യാൻ ദൈവം എന്നെ സഹായിച്ചു. എന്നാൽ ഒരു സഭയെ നയിക്കാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചത് സി. എസ്. ഐ. ദുബായിലാണ്. അശക്തനായ എനിക്ക് അവസരം തന്ന, എന്നെ യോഗ്യനാക്കിയ, എന്നെ ശക്തീകരിച്ച ദൈവത്തിന് നന്ദിയും സ്തുതി സ്തോത്രവും അർപ്പിക്കുന്നു.

സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന് എല്ലാവിധ ആശംസകളും അനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

സ്നേഹത്തോടെ, സണ്ണി.ഡി



# ഓർമ്മക്കുറിപ്പ്

ശ്രീ. ബിനുലാൽ സി.എസ്.

മാമലകളുടെ നാട്ടിൽ നിന്നും ഇങ്ങ് അകലെ ഈ മണലാരണ്യത്തിൽ ജീവിതത്തിന്റെ പച്ചപ്പ് തേടി ഇറങ്ങുമ്പോൾ വീടും, പെറ്റമ്മയായ നാടും, ഒപ്പം മാതൃ സഭയും തന്ന സംരക്ഷണവും, ദൈവീക ചിന്തയും ജീവിത യാത്രയിൽ എന്തായി തീരും എന്ന ചിന്ത വല്ലാതെ അലട്ടിയിരുന്നു. എന്നാൽ പോറ്റമ്മയായി മാറിയ ഈ നഗരത്തിന്റെ മനോഹാരിതയിലും, വശ്യതയിലും പൂർണമായി അമർന്നു പോകാതെ ആത്മീയ പരിപോഷണത്തിന് ഒരു പോറൽപോലും ഏൽക്കാതെ നാൾവഴി ഇതുവരെ മുന്നോട്ട് നയിക്കാൻ സർവ്വശക്തനായ ദൈവം വഴി ഒരുക്കിയത് സി. എസ്. ഐ. ദുബായ് ( എസ്. കെ. ഡി. )എന്ന സഭ ആയിരുന്നു എന്നത് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ രേഖപ്പെടുത്താവുന്ന ഒന്ന് തന്നെയാണ്.

നീണ്ട 15 വർഷത്തിനിപ്പുറം സഭയുടെ 15-ാം വാർഷികം ആഘോഷിക്കപ്പെടുന്ന ഈ അവസരത്തിൽ സി. എസ്. ഐ. ദുബായ് ( എസ്. കെ. ഡി.) സഭ വളർന്ന് വന്ന നാൾവഴികൾ ഒരിക്കലും ചുവന്ന പരവതാനി വിരിച്ചതായിരുന്നില്ല എന്നുള്ളത് ഓർത്തെടുക്കാനാകുന്നു. ഇന്ത്യാ മഹാരാജ്യത്തിന് പുറത്ത് ഈ രാജ്യത്തിന്റെ സകല നിയമവശങ്ങളും പാലിച്ചുകൊണ്ട് അനുവദനീയമായ രീതിയിലും ചട്ടകൂടിനുള്ളിലും നിന്നുകൊണ്ട് ഒരു സഭ കെട്ടിപ്പടുക്കുക എന്നത് വളരെ ലളിതമായ ഒരു സംരംഭം ആയിരുന്നില്ല. ഈ സഭയുടെ ആദ്യ ദിനങ്ങൾ മുതൽ ഇന്നു വരെയും സഭയോട് ചേർന്ന് നിന്ന് പ്രവർത്തിക്കാൻ ആയതിന്റെ ചാരിതാർത്ഥ്യത്തോടുകൂടെ തന്നെ ദൈവം അത്ഭുതകരമായ് സഭയെ വഴി നടത്തിയതിന്റെ അനുഭവ സാക്ഷ്യം 15 വർഷങ്ങൾക്കും ശേഷം തിരിഞ്ഞു നോക്കുമ്പോൾ വളരെയധികം ആത്മാഭിമാനവും സംതൃപ്തിയും ഉളവാക്കുന്നു.

സി. എസ്. ഐ. ദുബായ് ( എസ്. കെ. ഡി.) സഭയുടെ ഈ അത്ഭുതപൂർവ്വമായ വളർച്ചയിൽ തുടക്കം മുതൽ തോളോടു തോൾ ചേർന്ന് നിന്ന് പ്രവർത്തിച്ചവരേയും ഓരോ സഭാജനങ്ങളേയും നന്ദിയോടെ സ്മരിക്കുന്നു. വളരെ കുറച്ച് അംഗങ്ങൾ മാത്രം ഉണ്ടായിരുന്ന സി. എസ്. ഐ. ദുബായ് ( എസ്. കെ. ഡി. )യുടെ വളർച്ചയ്ക്ക് നിദാനം ആയത് ഔദ്യോഗിക ജീവിതത്തിനിടയിലും സഭാ അംഗങ്ങളുടെ പ്രാർത്ഥനയോടുകൂടെയുള്ള സഹകരണവും, ആത്മാർത്ഥതയും, ലാഭേച്ഛയില്ലാതെയുള്ള പ്രവർത്തന രീതിയും ആയിരുന്നു. സഭയുടെ തുടക്കം മുതൽ ഇതുവരെയും സഭയോട് ചേർന്ന് പ്രവർത്തിച്ചവർ, പ്രവാസ ജീവിതം മതിയാക്കി ജന്മനാട്ടിലേക്ക് തിരികെ പോയവർ, പുതിയ മേച്ചിൽപുറങ്ങൾ തേടി മറ്റു രാജ്യങ്ങളിലേക്ക് ചേക്കേറിയവർ, ഇന്നും പുതിയതായി വന്നു ചേരുന്നവർ തുടങ്ങി ഓരോരോ വ്യക്തിയ്ക്കും സഭയുടെ ഉയർച്ചയ്ക്ക് അവരവരുടേതായ സംഭാവനകൾ അവകാശപ്പെടാനുണ്ട് എന്നുള്ളത് വസ്തുതാപരമായ ഒന്നാണ്. അങ്ങനെ ഓരോ വ്യക്തിയുടെയും പ്രാർത്ഥനയുടെയും, നിസ്സീമമായ സഹകരണത്തിന്റെയും, പ്രവർത്തനങ്ങളുടെയും പരിണിത ഫലമാണ് നാം ഇന്ന് കാണുന്ന 15-ന്റെ നിറവിൽ നിൽക്കുന്ന സി. എസ്. ഐ. ദുബായ് ( എസ്. കെ. ഡി. ) സഭ.

സ്ഥിരമായി ഒരു ദിവസമോ, സ്ഥിരമായി ഒരു ആരാധന സ്ഥലമോ ലഭ്യമല്ലാതെ ആരാധന നടത്തിപ്പിന്റെ മുന്നോട്ടുള്ള പ്രയാണം സംശയത്തിന്റെ നിഴൽവീണ നാളുകളിൽ നിന്ന് സ്ഥിരമായ ഒരു ആരാധന സ്ഥലം ലഭ്യമായി ഇന്ന് നാം കാണുന്ന രീതിയിലേക്ക് സഭയുടെ വളർച്ച എത്തി നിൽക്കുന്നതിൽ കാലാകാലങ്ങളിൽ സഭാ ശുശ്രൂഷകരായിരുന്ന് നേതൃത്വം നൽകിയ ദൈവ ദാസൻമാരേയും, അതിനായി അക്ഷീണം പരിശ്രമിച്ച അതാത് കാലയളവിലെ സഭാ കമ്മിറ്റി, സംഘടനാ കമ്മിറ്റികൾ, സഭാ ജനങ്ങൾ എന്നിവർ പ്രശംസ അർഹിക്കുന്നു. അങ്ങനെ നാം ഏവരും ചരിത്രത്തിന്റെ ഭാഗമാകുകയായിരുന്നു.

# ഓർമ്മക്കുറിപ്പ്

സഭാ ആരാധനകളിലെ ആത്മീയതയും, വിശ്വാസവും സഭാജനങ്ങൾക്കും, സഭയോട് ചേർന്ന് നിൽക്കുന്നവർക്കും നൽകുന്നതോടൊപ്പം നമ്മുടെ കുഞ്ഞുങ്ങളുടെ ആത്മീയ പഠനത്തിന് വളരെയധികം പ്രാമുഖ്യം നൽകി വന്നത് ദൈവഭയത്തിൽ വളർന്നുവരുന്ന ഒരു പുതിയ തലമുറയെ വാർത്ത് എടുക്കാൻ നമുക്ക് സാധിച്ചു എന്നത് വളരെ ഉചിതമായ കാര്യമായി കരുതുന്നു.

ദുബായ് ലോക ഭൂപടത്തിൽ അതിന്റേതായ വ്യക്തമായ സ്ഥാനം ഉറപ്പിച്ച് മുന്നേറുന്ന ഈ കാലഘട്ടത്തിൽ, സർവ്വ മതസ്ഥരേയും ഒന്ന് പോലെ കാണാനും, എല്ലാ മതങ്ങൾക്കും അർഹിക്കുന്ന പ്രാധാന്യം നൽകി ആരാധന സൗകര്യങ്ങൾ അനുവദിച്ച് കൊടുത്തു കൊണ്ട് മനുഷ്യമൂല്യങ്ങൾക്ക് വില നൽകുന്ന യു. എ. ഈ. യിലെ ഭരണാധികാരികളുടെ സുമനസ്സിനെയും, നല്ലവരായ എമിറാട്ടി ജനങ്ങളുടെ സഹകരണത്തിനെയും പ്രകീർത്തിക്കാതെ തരമില്ല.

സി. എസ്. ഐ. ദുബായ് ( എസ്. കെ. ഡി.) സഭയുടെ നട്ടെല്ലായി മാറിയ സഭാജനങ്ങൾ ഓരോരുത്തരോടുമുള്ള സ്നേഹാദരങ്ങൾ പങ്ക് വച്ച് കൊണ്ട് 15-ാം വർഷം പൂർത്തിയാക്കുന്ന നമ്മുടെ സ്വന്തം സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) സഭയ്ക്ക് ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും ആത്മാർത്ഥതയോടുള്ള ആശംസകൾ അർപ്പിക്കുന്നു.

നാം ഈ ആത്മീയ യാത്ര തുടന്ന് കൊണ്ടേയിരിക്കും. നമ്മിൽ നിന്ന് അടുത്ത തലമുറയിലേക്ക്....

നാം മറ്റുള്ളവർക്കും, വരുവാനിരിക്കുന്ന വിദേശ സഭകൾക്കും മാതൃകയായി ഈ ദേശത്ത് നിലകൊള്ളട്ടെ എന്ന് സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു.



Best Compliments from
Mr. J. Rathnaraj & Family

# കാദേശ്

## ആവർത്തനം 01:19-21



ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്

വാഗ്ദത്ത ദേശമായ കനാനിലേയ്ക്കുള്ള പ്രയാണത്തിൽ യോർദ്ദാനക്കരെവച്ച് യഹോവ മോശെ മുഖാന്തിരം യിസ്രായേൽ ജനത്തോട് "ഭയപ്പെടരുത്, അധൈര്യപ്പെടുകയും അരുത്; നിന്റെ പിതാക്കന്മാരോട് വാഗ്ദത്തം ചെയ്ത ദേശം നിങ്ങൾക്ക് ലഭിക്കും" എന്ന് അരുളി ചെയ്തത് "കാദേശ് - ബർന്ന" എന്ന സ്ഥലത്തു വച്ചാണ്.

ആവർത്തന പുസ്തകം ഒന്നാം അദ്ധ്യായം 1 മുതൽ 18 വരെയുള്ള വചനങ്ങളിലൂടെ വെളിപ്പെടുത്തിയത് പ്രകാരം, ഹൊരേബിൽ വച്ച് മോശെ, യിസ്രായേൽ മക്കളുടെ വ്യവഹാരങ്ങൾ വഹിക്കുന്നതിന് 12 ഗോത്രങ്ങളിൽ നിന്നും ജ്ഞാനവും, വിവേകവും പ്രസിദ്ധിയുമുള്ള പുരുഷന്മാരെ തിരഞ്ഞെടുത്ത് ഗോത്ര ത്തലവന്മാരായി നിയമിച്ചതിനുശേഷം അരാബ മരുഭൂമി കടന്ന് 11 ദിവസത്തെ വഴി നടന്നാണ് കാദേശ് - ബർന്ന എന്ന സ്ഥലത്ത് എത്തിപ്പെട്ടത്.

നമ്മുടെ സഭയും 2009-ൽ റവ. സുനിൻ സ്പെൻസർ അച്ചന്റെ നേതൃത്വത്തിൽ, മോസ്റ്റ് റവ.ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനിയുടെ ആശീർവാദത്തിൽ രണ്ടാം ഘട്ട ആരാധന ആരംഭിച്ചതിനുശേഷം തുടർച്ചയായ പതിനൊന്നാമത്തെ വർഷമാണല്ലോ. ഈ കാലയളവിൽ എല്ലാം യഹോവ നമ്മെ വളരെ അത്ഭുതകരമായി വഴി നടത്തി. അളവില്ലാത്ത അനുഗ്രഹങ്ങൾ നൽകി നമ്മെ ദുബായ് കേന്ദ്രമാക്കി നിലനിർത്തി. ഈ കാലഘട്ടത്തിൽ കൂടുതൽ പേർ സഭയുമായി ചേരുകയും, കുറെപേർ തങ്ങളുടെ ഈ ദേശത്തെ ഉപജീവനം മതിയാക്കി ലോകത്തിന്റെ പലഭാഗങ്ങളിലേയ്ക്കും പ്രയാണം ചെയ്യുകയും ചെയ്തു. ദൈവസ്നേഹം കൂടുതലായി മനസ്സിലാക്കാനും, ദൈവവചനം ആഴത്തിൽ പഠിക്കാനുമായി അഞ്ച് സംഘടനകൾ രൂപപ്പെട്ടു.

ലോകം കോവിഡ് -19 എന്ന പകർച്ച വ്യാധിയാൽ ഇന്ന് വരെ 51 കോടിയിലധികം ജനങ്ങൾ രോബാധിതരും, 62 ലക്ഷത്തിലധികം ജനങ്ങൾ മരണപ്പെടുകയും ചെയ്തു. മനുഷ്യർ മരണഭയത്താലും, തൊഴിലില്ലായ്മയാലും, പട്ടിണിയാലും, മാനസിക പിരിമുറുക്കത്തിന്റെ നാളുകളിലൂടെ കടന്നു പോകുകയാണ്. നമ്മൾ വസിക്കുന്ന ദുബായ് പ്രദേശത്തും വളരെയധികം ജനങ്ങൾ ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് പാലായനം ചെയ്യുന്ന വേളയിൽ "കാദേശ്" എന്നത് ഒരു ഓർമ്മപ്പെടുത്തലാണ്.

കൈവശമാക്കാൻ പോകുന്ന ദേശം പാലും തേനും ഒഴുകുന്നതാണെന്ന് യിസ്രയേൽ ജനം തിരിച്ചറിയുന്നത് കാദേശിൽ വച്ചാണ് (സംഖ്യ 13:26) എങ്കിലും മുന്നോട്ടുള്ള യാത്രയെ നിരുത്സാഹപ്പെടുത്തുന്ന അഭിപ്രായമാണ് യിസ്രായേൽ ഗോത്ര പ്രതിനിധികൾ അവിടെ പ്രകടിപ്പിച്ചത്. ആ ദേശത്തു പാർക്കുന്നവർ നമ്മളെക്കാളും ബലവാന്മാരാണെന്ന് പറഞ്ഞ് യിസ്രായേലിന്റെ ധൈര്യം ചോർത്തിക്കളയുക ആയിരുന്നു അവർ. ഇത്തരം നിരുത്സാഹപ്പെടുത്തുന്ന വാക്കുകൾ തള്ളിക്കളഞ്ഞുകൊണ്ട് കാലേബ് എന്ന ഭക്തൻ "നമുക്ക് ജയിക്കാൻ കഴിയും" എന്ന് ഉറച്ച തീരുമാനം കൈക്കൊണ്ട ഇടമാണ് കാദേശ്. പ്രതീക്ഷകളെയും, ആഗ്രഹങ്ങളെയും തല്ലിക്കെടുത്തിക്കൊണ്ട് ഈ കൊറോണ കാലം പ്രവാസ ജീവിതത്തിന് മങ്ങൽ ഏൽപ്പിക്കുമ്പോൾ 'നമ്മൾ ജയിക്കും' എന്ന ഉറച്ച തീരുമാനം എടുക്കാൻ കാദേശ് ഓർമ്മപ്പെടുത്തുന്നു.


കാദേശ് എന്ന പദത്തിന്റെ അർത്ഥം സൂചിപ്പിക്കുന്നതു പോലെ ജീവിതത്തിൽ വിശുദ്ധി കാത്തു സൂക്ഷിക്കാൻ ദൈവ പ്രസാദമുള്ളവരായും, മറ്റുള്ളവർക്ക് നന്മയുള്ളവരായി ജീവിക്കാനും ഈ സ്മരണിക ഇടയാക്കട്ടെ.

"ഭയപ്പെടരുത്; അധൈര്യപ്പെടുകയും അരുത്" ഈ കാലഘട്ടത്തിൽ ദൈവം നമുക്ക് നൽകുന്ന ഉറപ്പാണിത്. ദൈവത്തെ മുറുകെപ്പിടിച്ചു യാത്ര തുടരുക. കനാൻ ദേശത്തിന്റെ അനുഭവം നമുക്ക് സ്വായത്തമാക്കുവാൻ സാധിക്കും.



# സി.എസ്.ഐ. ദുബായ് സഭാചരിത്രം

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു." (മത്തായി 18:20)



മിഷണറി പാരമ്പര്യത്തിൽ വേരൂന്നിയ സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയിലൂടെ നാം അനുഭവിച്ച നന്മകൾക്ക് ദൈവത്തിന് നന്ദിയർപ്പിച്ചുകൊണ്ട് സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവകയുടെ 2021 വരെയുള്ള ചരിത്രം അവതരിപ്പിക്കുന്നു.

അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായി രൂപം കൊണ്ട ഇടവകയാണ് സി. എസ്. ഐ. ദുബായ്. ദക്ഷിണ കേരള മഹായിടവകയുടെ ബിഷപ്പ് ആയതുമുതൽ (1997) അദ്ദേഹത്തിന്റെ മനസ്സിൽ പ്രവാസികളായി പാർക്കുന്ന തന്റെ മഹായിടവകയിലെ ജനങ്ങൾക്ക് തങ്ങളുടെ പൈതൃക രീതിയിൽ ദൈവത്തെ ആരാധിക്കുന്നതിനും, ഒരു ജനമായി നിലനിർത്തിക്കൊണ്ട് പാസ്റ്ററൽ കെയർ നൽകുന്നതിനുമുള്ള ദർശനം സജീവമായി ഉണ്ടായിരുന്നു. ദുബായിൽ താമസിക്കുന്ന ഇരുമ്പിൽ സഭാംഗമായ ശ്രീ. അലക്സ് പ്രസാദിനോട് തിരുമേനി ഇക്കാര്യം അറിയിച്ചു. അതിനു ശേഷം ദുബായിലേയ്ക്കുള്ള തന്റെ സന്ദർശനങ്ങളിൽ ശ്രീ. ജയിംസ് രത്നരാജ് (സി. എസ്. ഐ. എം. എം. ചർച്ച്), ശ്രീ. ക്രിസ്പൻ ജസ്റ്റസ് (സി. എസ്. ഐ. ചേങ്കോട്ടുകോണം), ശ്രീ. അലക്സ് പ്രസാദ് എന്നിവരുമായി ഇതിനെക്കുറിച്ച് ആശയവിനിമയം നടത്തുകയും, ഒരു ഇടവകയുടെ ആവശ്യകതയെകുറിച്ച് സംസാരിക്കുകയും ചെയ്തു. അഭിവന്ദ്യ തിരുമേനിയുടെ ദീർഘവീക്ഷണം ഉറച്ചതാണ് എന്ന് സാധൂകരിക്കുന്നതാണ് 2002-ൽ ശ്രീ. അലക്സ് പ്രസാദ് തിരുമേനിയെ കണ്ടപ്പോൾ ദക്ഷിണ കേരള മഹായിടവകയ്ക്ക് ദുബായ് കേന്ദ്രമായി ഒരു സഭ ഉണ്ടാകേണ്ടതിന്റെ ആവശ്യകത തിരുമേനി വീണ്ടും ചൂണ്ടിക്കാണിച്ചതും "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" എന്ന് ഒരു അർത്ഥശങ്കയ്ക്കും ഇടയില്ലാതെ പ്രസ്താവിക്കുകയും ചെയ്തു. ദീർഘ നാളുകളുടെ ചർച്ചകൾക്കും പരിശ്രമത്തിനും ഒടുവിൽ 2006 ഫെബ്രുവരി 13-ന് എം. എം. ചർച്ച് അംഗമായ ശ്രീ. ജയിംസ് രത്നരാജ് അവർകളുടെ വീട്ടിൽ മീറ്റിംഗ് കൂടുവാൻ സാധിച്ചു. ശ്രീ. ജയിംസ് രത്നരാജ്, ശ്രീ. അലക്സ് പ്രസാദ്, ശ്രീ. ക്രിസ്പൻ ജസ്റ്റസ്, ശ്രീ. ബിനുലാൽ സി.എസ്. (സി. എസ്. ഐ. തൊഴുക്കൽ), ശ്രീ. സുനിൽകുമാർ (സി. എസ്. ഐ. ഓലത്താന്നി), ശ്രീ. സുരേഷ് (സി. എസ്. ഐ. പാലപ്പൂര്), ശ്രീ. അനി ജോർജ്ജ് (സി. എസ്. ഐ. ഉറിയാക്കോട്), ശ്രീ. ജോയ് എസ്. ആർ. (സി. എസ്. ഐ. ഓലത്താന്നി), ശ്രീ. സുജിൻ വി. എസ്.(സി. എസ്. ഐ. അമരവിള), ശ്രീ. സോളമൻ ഡേവിഡ് (പുനലൂർ), ശ്രീ. സഞ്ജയ് എന്നിവർ ഈ മീറ്റിംഗിൽ പങ്കെടുത്തു. സി. എസ്. ഐ. ദക്ഷിണ കേരള

മഹായിടവകയിലെ അംഗങ്ങളായി സ്നാനം സ്വീകരിച്ചവരും, സ്ഥിരീകരണം സ്വീകരിച്ചവരുമായി നൂറുകണക്കിന് അംഗങ്ങളും കുടുംബങ്ങളും യു. എ. ഈ-യുടെ വിവിധ ഭാഗങ്ങളിൽ പാർക്കുന്നു. ചിതറിക്കിടക്കുന്ന ഈ അംഗങ്ങളെ ഒരുമിപ്പിച്ച് ആത്മികമായ ശുശ്രൂഷയിലും സഭാ ശുശ്രൂഷാപരമായ കാര്യങ്ങളിലും സജീവമാക്കുക, പരസ്പര ബന്ധവും സഹകരണവും നിലനിർത്തുക, വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവും ആതുര ശുശ്രൂഷാപരവും ബുദ്ധിപരവും ശാസ്ത്രീയവും സാമ്പത്തികവും തൊഴിൽപരവുമായ രംഗങ്ങളിൽ അത്യാവശ്യം സഹായസഹകരണങ്ങൾ നൽകുക, പ്രാർത്ഥനയാൽ ഒരുമിപ്പിക്കുകയും കൂട്ടായ്മയുടെ കരങ്ങളിൽ പരസ്പരം കൈ താങ്ങുകയും ചെയ്യുക എന്നീ ആവശ്യങ്ങൾക്കായി ഒരു സഭ രൂപീകരിക്കുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. ഈ കാലഘട്ടത്തിൽ ശ്രീ. ജയിംസ് രത്നരാജിന്റെ നേതൃത്വത്തിൽ ലേബർ ക്യാമ്പുകളിൽ കഴിയുന്ന നമ്മുടെ മഹായിടവകയിലെ അംഗങ്ങളെ ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

തുടർന്ന് 2006 മാർച്ച് 6 ന് നടന്ന ആലോചനാ യോഗത്തിൽ വച്ച് ശ്രീ. ക്രിസ്പൻ ജസ്റ്റസ് (പ്രസിഡന്റ്), ശ്രീ. ജയിംസ് രത്നരാജ് (സെക്രട്ടറി), ശ്രീ. അലക്സ് പ്രസാദ് (ട്രഷറർ), ശ്രീ. അനി ജോർജ്ജ്, ശ്രീ. ജോയ് എസ്. ആർ., ശ്രീ. സുനിൽകുമാർ, ശ്രീ. ബിനുലാൽ സി. എസ്., ശ്രീ. സുരേഷ്, ശ്രീ. സുജിൻ വി. എസ്. എന്നിവരടങ്ങിയ ഓർഗനൈസിംഗ് കമ്മിറ്റിയ്ക്ക് രൂപം നൽകി. അഭിവന്ദ്യ ഗ്ലാഡ്സ്റ്റൺ തിരുമേനിയ്ക്ക് 2006 മാർച്ച് മാസം 8-ാം തീയതി അപേക്ഷ നൽകി. ഏപ്രിൽ മാസം 16-ാം തീയതി ഈസ്റ്റർ ദിനത്തിൽ സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയിലെ ജനങ്ങൾ ശ്രീ. ജയിംസ് രത്നരാജ്, ശ്രീ. അനി ജോർജ് എന്നിവരുടെ അദ്ധ്യക്ഷതയിൽ ജബൽ അലിയിലെ ചർച്ച് കാമ്പസ്സിൽ വച്ച് ആദ്യ ആരാധന നടത്തി. ഓർഗനൈസിംഗ് കമ്മിറ്റിയുടെ അപേക്ഷ പ്രകാരം തിരുമേനിയുടെ ആശീർവാദത്തോടെയും നിയമന ഉത്തരവോടുകൂടെയും, റവ. ആർ. എസ്. സുരേഷ്കുമാർ അച്ചൻ 2006 മെയ് 16-ന് ദുബായിൽ എത്തി ഇടവക ശുശ്രൂഷകനായി ചുമതല ഏറ്റെടുത്തു. ആദ്യ 15 ദിവസം അച്ചൻ ശ്രീ. അനി ജോർജ്ജിനോടൊപ്പവും അടുത്ത 15 ദിവസം ശ്രീ. അലക്സ് പ്രസാദിന്റെ സുഹൃത്തായ ശ്രീ. രമേഷിനോടൊപ്പവും ഒടുവിലത്തെ രണ്ടു മാസം ശ്രീ. സജി എന്ന സുഹൃത്തിന്റെ കരാമയിലുള്ള വീട്ടിലും താമസിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ശ്രീ. ക്രിസ്പൻ ജസ്റ്റസ് ആയിരുന്നു അച്ചന് വിസിറ്റ് വിസ എടുത്ത് നൽകിയത്.

ഈ കാലയളവിൽ ദൈവകൃപയാൽ രണ്ട് ആരാധനകൾ ദുബായ് ജെബൽ അലിയിലെ ക്രൈസ്റ്റ് ചർച്ചിൽ വച്ച് നടത്തുവാൻ ഇടയായി. തുടർന്നുള്ള രണ്ട് ആരാധനകൾ ഷാർജയിൽ വച്ച് നടത്തപ്പെട്ടു. നമുക്ക് സ്ഥിരമായി ഒരു ആരാധനാ സ്ഥലം ലഭിക്കുന്നതിനായി മർത്തോമാ സഭയുടെ ആലയത്തിൽവച്ച് ആരാധന നടത്തുന്നതിനുള്ള അനുവാദത്തിനായി അപേക്ഷ കൊടുത്തിരുന്നെങ്കിലും അതിനും കാലതാമസം നേരിട്ടു. അങ്ങനെ നിർഭാഗ്യവശാൽ ആരാധനാലയങ്ങൾ ഒന്നും തരപ്പെടാതെ വന്നതിനാൽ സുരേഷ്കുമാർ അച്ചന് പ്രീസ്റ്റ് വിസ ലഭിക്കുവാൻ കഴിഞ്ഞില്ല. കൂടാതെ അച്ചന്റെ സന്ദർശന വിസയുടെ കാലാവധി തീർന്നതിനാൽ തിരികെ നാട്ടിലേക്ക് മടങ്ങേണ്ടി വന്നു.

അച്ചൻ നാട്ടിൽ എത്തിയതിനുശേഷം ജബൽ അലി മർത്തോമാ സഭയുടെ മറുപടിയിൻ പ്രകാരം നാട്ടിലെ മാർത്തോമാ ഡയോസിസിൽ നിന്നും അനുവാദം വാങ്ങുന്നതിനു വേണ്ടിയുള്ള അപേക്ഷയും, തുടർ നടപടികളും നമ്മുടെ ഡയോസിസ് മുഖേന ചെയ്തു വന്നു. എന്നാൽ അതൊന്നും തന്നെ ഫലപ്രാപ്തി കൈവരിച്ചില്ല. തുടർന്ന് യു. എ. ഈ. കേന്ദ്രീകൃതമായി ദക്ഷിണ കേരള മഹായിടവകയുടെ നേതൃത്വത്തിൽ വിശുദ്ധ ആരാധനകൾ നടത്താൻ കഴിഞ്ഞില്ലെങ്കിലും ഭവന ആരാധനകളായി ദക്ഷിണ കേരള മഹായിടവക അംഗങ്ങൾ കൂടി ചേർന്നും, പരസ്പരം കൈതാങ്ങിയും മുന്നോട്ടുപോയി.

2008-ൽ അന്നത്തെ സി. എസ്. ഐ. മോഡറേറ്റർ ആയിരുന്ന മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനി നിയോഗിച്ചയച്ചതനുസരിച്ച് സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവകയിലെ പട്ടക്കാരനായ റവ. സുനിൻ സ്പെൻസർ അച്ചൻ സി. എസ്. ഐ. അൽ ഐൻ തമിഴ് ചർച്ചിന്റെ ആദ്യ പട്ടക്കാരനായി 2008 മെയ് മാസം ചുമതലയേറ്റ് യു. എ. ഈ.യിൽ എത്തുകയുണ്ടായി.

അഭിവന്ദ്യ ഗ്ലാഡ്സൺ തിരുമേനിയുടെ നിർദ്ദേശപ്രകാരം യു. എ. ഈ.യിൽ ദക്ഷിണ കേരള മഹായിടവകയ്ക്ക് ഒരു സഭ സ്ഥാപിതമാകേണ്ടതിന്റെ ആവശ്യകത ദുബായിൽ താമസിക്കുന്ന തന്റെ സുഹൃത്തായ ശ്രീ. ആസ്റ്റിൻലാൽ എം. ജോസിനെ (സി. എസ്. ഐ. പരണിയം) അറിയിക്കുകയും

അവർ അൽ ഐനിലെ പാഴ്സനേജിൽ കണ്ടുമുട്ടുമ്പോൾ ഒക്കെ ഇക്കാര്യം ഓർമ്മിച്ച് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. തന്നാൽ കഴിയുന്ന എല്ലാ സഹായങ്ങളും ശ്രീ. ആസ്റ്റിൻലാൽ എം. ജോസ് വാഗ്ദാനം ചെയ്യുകയും ചെയ്തു.

ദൈവനിയോഗമെന്നവണ്ണം ദുബായ് ഹോളി ട്രിനിറ്റി ചർച്ച് ക്യാമ്പസിൽ വച്ച് ശ്രീ. ആസ്റ്റിൻലാൽ എം. ജോസും ശ്രീ. ജയിംസ് രത്നരാജും തമ്മിൽ കാണുവാൻ ഇടയാകുകയും, അഭിവന്ദ്യ ഗ്ലാഡ്സ്റ്റൺ തിരുമേനിയുടെ സ്വപ്ന സാക്ഷാത്കാരത്തിനുള്ള ആശയങ്ങൾ പരസ്പരം കൈമാറുകയും ചെയ്തു. അതിൻപ്രകാരം 2009 മെയ് 28ന് ശ്രീ. രത്നരാജ് അവർകളുടെ കരാമയിലെ ഭവനത്തിൽ ഒരു ആലോചനയോഗം സംഘടിപ്പിക്കപ്പെട്ടു. റവ. സുനിൻ സ്പെൻസർ, ശ്രീ. രത്നരാജ്, ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്, ശ്രീ. ക്രിസ്പൻ ജസ്റ്റസ്, ശ്രീ. ജസ്റ്റിൻ രാജ്, ശ്രീ. അലക്സ് പ്രസാദ്, ശ്രീ. ബിനുലാൽ, ശ്രീ. സോളമൻ ഡേവിഡ് എന്നിവർ പങ്കെടുക്കുകയും, യു. എ. ഈ.യിൽ താമസിക്കുന്ന ദക്ഷിണ കേരള മഹായിടവകയിലെ അംഗങ്ങളെ മുഴുവൻ ഒരുമിച്ചു കൂട്ടിവരുത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. തുടർന്ന് 2009 ജൂലൈ 2 ന് ദുബായ് ഗർഹൂദിലെ ഈറ്റ് & ഡ്രിങ്ക് ഹോട്ടലിലെ പാർട്ടി ഹാളിൽ റവ.സുനിൻ സ്പെൻസർ അച്ചന്റെ കാർമ്മികത്വത്തിൽ ദക്ഷിണ കേരള മഹായിടവകയിലെ അന്ന് ഉണ്ടായിരുന്ന ഏകദേശം 80 അംഗങ്ങൾ വിശുദ്ധ ആരാധനയായി കൂടി വന്നു. ഈ ആരാധന മറ്റൊരു നാഴിക കല്ലായി മാറി. തുടർന്ന് ദക്ഷിണ കേരള മഹായിടവക ബിഷപ്പിന് നൽകിയ അപേക്ഷയുടെ ഫലമായി റവ. സുനിൻ സ്പെൻസർ അച്ചന് ദുബായ് കേന്ദ്രമാക്കി ദക്ഷിണ കേരള മഹായിടവകയിലെ ജനങ്ങൾക്കായി ആരാധന നടത്തുവാനുള്ള അംഗീകാരം ലഭിച്ചു. അൽ ഐൻ സി. എസ്. ഐ. തമിഴ് സഭയുടെ അന്നത്തെ കമ്മിറ്റിയുടെ പരിപൂർണ്ണ പിന്തുണയും അച്ചനു ലഭിച്ചത് നന്ദിപൂർവ്വം സ്മരിക്കുന്നു.

അതിനുശേഷം ക്രമമായി ആരാധനകൾ സുനിൻ സ്പെൻസർ അച്ചന്റെ നേതൃത്വത്തിൽ നടന്നുവന്നു. ഈ സമയത്ത് ആരാധനയുടെ ക്രമീകരണങ്ങൾ ഏകോപിപ്പിച്ചത് ശ്രീ. രത്നരാജും, കണക്കുകൾ എഴുതി സൂക്ഷിച്ചത് ശ്രീ. ആസ്റ്റിൻലാൽ എം. ജോസുമാണ്. റവ. സുനിൻ സ്പെൻസർ അച്ചൻ യാത്രബത്ത മാത്രം സ്വീകരിച്ച് കുടുംബമായി എല്ലാ ആരാധനകൾക്കും നേതൃത്വം നൽകി വന്നു.

27-08-2009-ൽ ശ്രീ. ക്രിസ്പൻ ജസ്റ്റസിന്റെ വീട്ടിൽ വച്ച് റവ. സുനിൽ സ്പെൻസർ അച്ചന്റെ അദ്ധ്യക്ഷതയിൽ ആരാധന നടത്തുകയും തുടർന്ന് നടന്ന അടിയന്തര കമ്മിറ്റിയിൽ വച്ച് അക്കൗണ്ടന്റായി ശ്രീ. ആസ്റ്റിൻലാൽ എം. ജോസിനെയും ട്രഷററായി ശ്രീ. ജസ്റ്റിൻരാജിനെയും തെരഞ്ഞെടുത്തു. 22-09-2009-ൽ ശ്രീ. ക്രിസ്പൻ ജസ്റ്റസിന്റെ ഭവനത്തിൽ നടന്ന ആരാധനയിൽ റവ. വിനോദ് വിക്ടർ അച്ചൻ പങ്കെടുത്ത് ആരാധനയ്ക്ക് നേതൃത്വം നൽകി.

2009 സെപ്റ്റംബർ 30ന് മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനി ദുബായ് സന്ദർശിക്കുകയും, അന്നേ ദിവസം വൈകുന്നേരം ശ്രീ. ക്രിസ്പൻ ജസ്റ്റസിന്റെ ഭവനത്തിൽ വച്ചു നടന്ന ആരാധനയിൽ വിശുദ്ധ സംസർഗ്ഗ ആരാധന നടത്തുകയും ചെയ്തു. തുടർന്ന് നവംബർ 2009 മുതൽ മാസത്തിൽ രണ്ട് ആരാധനകൾ വീതം നടത്തി വന്നു.

2009 ഡിസംബറിൽ സഭയുടെ ആദ്യ കരോൾ ശുശ്രൂഷയായി ഓരോ സഭാ ജനങ്ങളുടെയും ഭവനങ്ങൾ സന്ദർശിക്കുവാൻ ദൈവം ഇടയാക്കി. ഈ കാലയളവിൽ സഭാംഗങ്ങളുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. അങ്ങനെ 2009 ഡിസംബർ മാസം മുതൽ എല്ലാ വ്യാഴാഴ്ചയും രാത്രി 8.30 മുതൽ കരാമ സെന്റർ ഹാളിൽ വച്ച് ആരാധനകൾ ക്രമീകരിക്കാൻ തീരുമാനിച്ചു. ആരാധന നടത്തുന്നതിലേക്കായി ആരാധനക്രമങ്ങൾ, പാട്ടു പുസ്തകങ്ങൾ, കീബോർഡ് എന്നിവ ശ്രീ. ജയിംസ് രത്നരാജ്, സൗണ്ട് സിസ്റ്റം ശ്രീ. ജോയ് എസ്. ആർ., തിരുവത്താഴത്തിനു വേണ്ടുന്ന സാധനങ്ങൾ, കാണിക്ക വഞ്ചി തുടങ്ങിയവ ശ്രീ. ആസ്റ്റിൻലാൽ എം. ജോസ് എന്നിവർ സഭയ്ക്ക് നേർച്ചയായി നൽകി. ഇക്കാലയളവിൽ തന്നെ www.csidubai.com എന്ന പേരിൽ സഭയുടേതായി ഒരു വെബ്സൈറ്റ് ശ്രീ. രത്നരാജ് അവർകളുടെ മകൻ ശ്രീ. ജെയിംസ് രാജേഷ് രൂപകല്പന ചെയ്തു നൽകി. ഇതു കൂടാതെ സഭയുടെ ആരംഭനാളുകളിൽ സാമ്പത്തികമായും മറ്റു സഹായങ്ങൾ ചെയ്തും കൈത്താങ്ങൽ നൽകിയവരേയും വിസ്മരിക്കാവുന്നതല്ല.

സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) സഭയുടെ അന്നത്തെ പരിമിതമായ സാഹചര്യത്തിൽ മഹായിടവക ഭരണഘടന അനുസരിച്ചുള്ള ഒരു തെരഞ്ഞെടുപ്പ് നടത്തുക സാധ്യമായിരുന്നില്ല. എന്നാൽ വിശുദ്ധ സഭയുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങൾക്ക് ശക്തമായ ഒരു നേതൃത്വം ആവശ്യമായിരുന്നു. അതിനാൽ 2010 ജനുവരി മാസം റവ. സുനിൻ സ്പെൻസർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന ആദ്യ സഭാ പൊതുയോഗത്തിൽ വച്ച് ഒരു അഡ്ഹോക് കമ്മിറ്റിയെയും, വിവിധ സംഘടനാ ഭാരവാഹികളെയും തെരഞ്ഞെടുത്തു. സർവ്വശ്രീ. ക്രിസ്പൻ ജസ്റ്റസ്, രത്നരാജ്, ജസ്റ്റിൻ രാജ്, അലക്സ് പ്രസാദ്, ബിനുലാൽ, ഡേവിഡ് ഉമ്മച്ചൻ, അജിത് ശശി, ശ്രീമതി. സീമ വിൻഫ്രഡ് എന്നിവരെ ഐകകണ്ഠേന തെരഞ്ഞെടുക്കുകയുണ്ടായി. തുടർന്ന് സൺഡേസ്കൂൾ സെക്രട്ടറി ആയി ശ്രീ. ലിവിൻസ് ആൽബർട്ടിനെയും, അക്കൗണ്ടന്റ് & ട്രഷറർ ആയി ശ്രീമതി. ആശ ജോണിനെയും, യുവജനസഖ്യ സെക്രട്ടറി ആയി ശ്രീ. ആസ്റ്റിൻലാൽ എം. ജോസിനെയും, അക്കൗണ്ടന്റായി ശ്രീ. അജി തോമസിനെയും, ക്വയർ സെക്രട്ടറി ആയി ശ്രീ. വിൻഫ്രഡ് ബേബി, ശ്രീ. ജെയിംസ് ജസ്റ്റസ് എന്നിവരെയും, സ്ത്രീജനസഖ്യ പ്രസിഡന്റ് ആയി ശ്രീമതി. സീജ സുനിൻ കൊച്ചമ്മയേയും, ശ്രീമതി. റംല ക്രിസ് സ്ത്രീജനസഖ്യ സെക്രട്ടറിയായും, ക്യാമ്പ് കോഡിനേറ്റേഴ്സ് ആയി ശ്രീ. ജോയ്സൺ, ശ്രീ. ഷിബുരാജ് എന്നിവരെയും, ട്രാൻസ്പോർട്ടേഷൻ കോഡിനേറ്റർ ആയി ശ്രീ. ജോയി എസ്. ആർനെയും, പ്രസ്ബിറ്റർ അസിസ്റ്റന്റ് ആയി ശ്രീ. സണ്ണി ഡി.യെയും (സി. എസ്. ഐ. വിരാലി) തെരഞ്ഞെടുക്കുക ഉണ്ടായി. അതിനുശേഷം നടന്ന സഭാകമ്മിറ്റി യോഗത്തിൽ വച്ച് സഭാ സെക്രട്ടറി ആയി ശ്രീ. ജയിംസ് രത്നരാജിനെയും, അക്കൗണ്ടന്റ് ആയി ശ്രീ. അജിത് ശശിയെയും, ട്രഷറർ ആയി ശ്രീ. എസ്. ആർ. ജസ്റ്റിൻ രാജിനെയും തെരഞ്ഞെടുത്തു.

ദക്ഷിണ കേരള മഹായിടവകയിലെ ദൈവജനത്തെ അവരുടെ പൈതൃക ആരാധനാ ശൈലിയിൽ ഒരുമിച്ചു ചേർക്കുന്നതിന് ശ്രീ. രത്നരാജ് അവർകൾ നൽകിയ കരുതൽ വളരെ വിലപ്പെട്ടതായിരുന്നു. സഭാംഗങ്ങളെ കൂട്ടിച്ചേർക്കുന്നതിന് നിരന്തരമായ ഫോൺ സംഭാഷണങ്ങൾ അദ്ദേഹം നടത്തിയിരുന്നു. കുറഞ്ഞ കാലയളവിൽ സഭയുടെ വളർച്ചയ്ക്ക് സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ച ശ്രീ. ജയിംസ് രത്നരാജ് തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച് 2010-ൽ നാട്ടിലേക്ക് തിരികെ പോകേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തു. അദ്ദേഹവും കുടുംബവും സഭയുടെ ആരംഭത്തിനും വളർച്ചയ്ക്കുമായി ചെയ്ത സേവനങ്ങളെ സഭ നന്ദിയോടെ ഓർക്കുന്നു.

ശ്രീ. ജയിംസ് രത്നരാജിന്റെ ഒഴിവിലേക്ക് ശ്രീ. ആസ്റ്റിൻലാൽ എം. ജോസിനെ സഭാ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. തുടർന്ന് നടന്ന സഭാ കമ്മിറ്റിയോഗത്തിൽ ശ്രീ. ക്രിസ്പൻ ജസ്റ്റസിനെ സഭാ സെക്രട്ടറിയായും, ശ്രീ. ബിനുലാൽ, ശ്രീ. ഡേവിഡ് ഉമ്മച്ചൻ (സി. എസ്. ഐ. പുനലൂർ) എന്നിവരെ ജോയിന്റ് സെക്രട്ടറിമാരായും ശ്രീ. എസ്. ആർ. ജസ്റ്റിൻ രാജിനെ (സി. എസ്. ഐ. ചേങ്കോട്ടുകോണം) ട്രഷറർ ആയും ഐകകണ്ഠേന തെരഞ്ഞെടുത്തു.

ഈ കാലയളവിൽ മാസത്തിൽ ഒരു വെള്ളിയാഴ്ച 'ഫാമിലി പ്രയർ' ആയി നടത്തി വന്നിരുന്നു. കൂടാതെ വിവിധ ക്യാമ്പുകളിൽ കഴിയുന്ന സഭാ വിശ്വാസികളെ, സഭയോടൊപ്പം ചേർത്തു നിർത്തുന്നതിനും, അവർക്ക് വേണ്ടുന്ന ഇടയസംരക്ഷണം നൽകുന്നതിനും വേണ്ടി ക്യാമ്പ് കോഡിനേറ്റേഴ്സിന്റെ സഹായത്തോടെ ക്യാമ്പ് വിസിറ്റുകളും, പ്രാർത്ഥനാ കൂട്ടായ്മകളും നടത്തിയിരുന്നു.

സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) സഭയ്ക്ക് സ്ഥിരമായി ഒരു ആരാധനാലയം ദുബായ് - ഔദ് മേത്ത ഹോളി ട്രിനിറ്റി ചർച്ച് ക്യാമ്പസിനകത്ത് ലഭിക്കുവാനുള്ള ശ്രമങ്ങൾ വളരെ തീവ്രമായും, ഇടതടവില്ലാതെയും നടന്നു വരുന്നുണ്ടായിരുന്നു. ഇതിന്റെ ഭാഗമായി ട്രിനിറ്റി ചർച്ച് ഭാരവാഹികളുമായുള്ള പല കൂടിക്കാഴ്ചകളും നടന്നു. 2010-ലെ വിശുദ്ധവാര ആരാധനകളിൽ പങ്കെടുക്കുവാൻ അക്കാലത്തെ ദക്ഷിണ കേരള മഹായിടവക വൈസ് ചെയർമാൻ ആയിരുന്ന സ്നേഹവും ബഹുമാനവുമുള്ള റവ. ഡോ. ശോഭനം അച്ചൻ വരികയുണ്ടായി. അച്ചന്റെ സാന്നിധ്യം സഭയ്ക്ക് വളരെ അനുഗ്രഹപ്രദമായ ഒന്നായിരുന്നു. ഈ വിശുദ്ധ വാരത്തിൽ ആദ്യമായി നമ്മുടെ ഇടവകയിൽ നിന്ന് സ്വയവർജ്ജന കാണിക്ക സ്വരൂപിച്ചു. ഈ തുക മഹായിടവകയിൽ അടയ്ക്കുവാൻ സാധിച്ചു. മഹായിടവക വൈസ് ചെയർമാൻ എന്ന നിലയിൽ ശോഭനം അച്ചന്റെ നേതൃത്വത്തിൽ സഭാ കമ്മിറ്റിയായി അന്നത്തെ ട്രിനിറ്റി ചർച്ച് ചാപ്ലയിൻ ആയിരുന്ന റവ. ജോൺ വേയിർ അച്ചനെ സന്ദർശിച്ചു. നമുക്ക് സ്ഥിരമായി ഒരു ആരാധനാലയം അനുവദിക്കുന്നതിന്റെ സാധ്യതയെപ്പറ്റി ചർച്ച ചെയ്യുവാൻ ഇടയായി. ഈ ചർച്ചകൾ സഭയുടെ പ്രത്യാശയോടെയുള്ള മുന്നേറ്റത്തിന് ആക്കം കൂട്ടി എങ്കിലും പ്രതീക്ഷിച്ച ഫലം കണ്ടില്ല. എങ്കിലും പ്രത്യാശയും,

പ്രാർത്ഥനയും കൈവിടാതെ യത്നിച്ചു കൊണ്ടേയിരുന്നു. ദുബായിൽ നിന്നും 120 കിലോമീറ്റർ മാറി റാസ് അൽ ഖൈമയിൽ ഒരു ആരാധനാലയം ലഭിക്കാനുള്ള സാധ്യത ഉണ്ടായിരുന്നെങ്കിലും അവസാന നിമിഷം അതും നിരസിക്കപ്പെട്ടു.

2010 ഒക്ടോബർ മാസം 22-ാം തീയതി സി. എസ്. ഐ. തമിഴ് അൽ ഐൻ ഇടവകയുടെ ഹാർവെസ്റ്റ് ഫെസ്റ്റിവലിൽ ആദ്യമായി നമ്മുടെ സഭ പങ്കെടുത്തു. നമ്മുടെ സഭയെ പ്രതിനിധീകരിച്ച് ഒരു ഫുഡ് സ്റ്റാൾ നടത്തുവാനും സാധിച്ചു.




2010 ഒക്ടോബർ മാസം 17-ാം തീയതി സഭയുടെ ആദ്യത്തെ പിക്നിക് ഖോർഫക്കാൻ കേന്ദ്രമാക്കി നടക്കുകയുണ്ടായി. സഭാ കമ്മിറ്റി അംഗം ശ്രീ. ഷാജി ഡി. ആർ. (സി. എസ്. ഐ. ചെറുവാരക്കോണം) ഈ പരിപാടിയുടെ കൺവീനർ ആയി ചുമതല വഹിച്ചു. സഭാംഗങ്ങൾ ഒരുമിച്ച് നടത്തിയ ഈ യാത്ര ഹൃദ്യമായ അനുഭവം ആയിരുന്നു. സഭയുടെ ആദ്യത്തെ ധാന്യോത്സവം 2010 ഡിസംബർ 2-ാം തീയതി കരാമ സെന്ററിലെ കോൺഫറൻസ് ഹാളിൽ വച്ച് നടത്താൻ ദൈവം വഴി ഒരുക്കി. സഭാംഗമായ ശ്രീ. ബിപിൻ (സി. എസ്. ഐ. കൊടിയന്നൂർക്കോണം) ആദ്യത്തെ ധാന്യോത്സവത്തിന്റെ കൺവീനർ ആയി പ്രവർത്തിച്ചു. തുടർ വർഷങ്ങളിലും സഭയുടെ സാമ്പത്തിക വളർച്ചയ്ക്കും, സഭാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധങ്ങൾ കൂടുതൽ ഊട്ടി ഉറപ്പിക്കുന്നതിനും ഇത് സഹായകമായി.

2010 ഡിസംബർ മാസം 24ന് സഭയുടെ ആദ്യത്തെ ക്രിസ്തുമസ് ഈവ് ആരാധന ഗർഹൂദ് - ഈറ്റ് & ഡ്രിങ്ക് ഹാളിൽ വച്ച് നടന്നു. ശ്രീ. ജയിം കെ. ജസ്റ്റസ് (സി. എസ്. എസ്. കുഴിവിള) ശ്രീ. അജിത് ശശി (സി. എസ്. ഐ. ചെമ്പൂർ) എന്നിവർ ഈ പ്രോഗ്രാമിന്റെ കൺവീനർമാരായി പ്രവർത്തിച്ചു.



സഭയുടെ ആദ്യത്തെ പുതുവർഷ ആരാധന 2011 ജനുവരി ഒന്നാം തീയതി രാവിലെ സഭാ സെക്രട്ടറി ശ്രീ. ക്രിസ്പൻ ജസ്റ്റസ് അവർകളുടെ ഭവനാങ്കണത്തിൽ വച്ച് നടന്നു. അന്നേ ദിവസത്തെ ഒരുമിച്ചുള്ള പ്രഭാത ഭക്ഷണം ഒരു പുത്തൻ അനുഭവമായിരുന്നു.

2011 മാർച്ച് മാസം സഭാ ട്രഷറർ ആയിരുന്ന ശ്രീ. ജസ്റ്റിൻരാജ് തന്റെ യു. എ. ഈലെ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് പോയി. ഇക്കാലയളവിൽ അദ്ദേഹവും കുടുംബവും സഭയ്ക്ക് ചെയ്ത സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. ആ ഒഴിവിലേയ്ക്ക് ശ്രീ. ഡാനി വിൽഫ്രഡിനെ (സി. എസ്. ഐ. എം. എം. ചർച്ച്, തിരുവനന്തപുരം) ഐകകണ്ഠേന തെരഞ്ഞെടുത്തു.

സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവക ദക്ഷിണ കേരള മഹായിടവക ഭരണഘടന അനുസരിച്ച് പ്രവർത്തിക്കേണ്ടത് ആണെന്നും, എന്നാൽ മറ്റൊരു രാജ്യത്തിൽ പ്രവർത്തിക്കുന്ന സഭ ആയതിനാൽ ആ രാജ്യത്തിന്റെ നിയമങ്ങളും, രീതികളും പിന്തുടരേണ്ടതിന്റെ ആവശ്യകതയും മനസ്സിലാക്കി സഭ പ്രവർത്തിച്ചുവന്നിരുന്നു. 2011 മെയ് മാസത്തിൽ വാർഷിക ബഡ്ജറ്റ് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത പരിഗണിക്കുകയും അതിൻപ്രകാരം ആദ്യ ബഡ്ജറ്റ് മേയ് മാസം 5-ാം തീയതി അക്കൗണ്ടന്റ് ആയിരുന്ന ശ്രീ. ഡേവിഡ് ഉമ്മച്ചൻ അവതരിപ്പിച്ചു. കമ്മ്യൂണിറ്റി വെൽഫെയർ ലേബർ കെയർ ഫണ്ട് എന്ന പേരിൽ ഇക്കാലത്ത് ആരംഭിച്ച സംരംഭം പിൽക്കാലത്ത് കരുണ ഫണ്ട് എന്ന പേരിൽ റവ. ഡി. ജേക്കബ് അച്ചന്റെ നിർദ്ദേശത്തിൽ പുനർനാമകരണം ചെയ്യപ്പെട്ടു.

2011-ൽ റവ. സുനിൻ സ്പെൻസർ അച്ചന്റെ അൽ ഐൻ തമിഴ് ഇടവകയിലെ സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന്, അച്ചനെ സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവകയിൽ നിയമിക്കുന്നതിനായി അഭിവന്ദ്യ ധർമ്മരാജ്

റസ്സാലം ബിഷപ്പിന് സഭാ കമ്മിറ്റി അപേക്ഷ നൽകി. തുടർന്ന് 2011 ജൂൺ 1ന് ദുബായ് ഇടവകയുടെ പൂർണ്ണ സമയ ശുശ്രൂഷകനായി നിയമിതനായി.

സഭയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം സഭാ ജനങ്ങളിൽ സൃഷ്ടിക്കുവാനായി ഒരു പ്രതിമാസ ബുള്ളറ്റിൻ 2011 ജൂൺ മാസം മുതൽ സഭാ ശുശ്രൂഷകന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ശ്രീ. സാജൻ പി. രാജ് (സി. എസ്. ഐ. കോട്ടുക്കോണം), ശ്രീ. രാകേഷ് എം. ആർ. (സി. എസ്. ഐ. കല്ലിയൂർ), ശ്രീ. അലക്സ് പ്രസാദ് എന്നിവർ ഇതിനായുള്ള സാങ്കേതിക പിന്തുണ നൽകി സഹായിച്ചു.

നമ്മുടെ സഭയിൽ ആദ്യമായി ഒരു വിവാഹ പരസ്യം വായിച്ചത് 2011 ഡിസംബർ മാസം 5-ാം തീയതി കാട്ടാക്കട സഭയിൽ വച്ച് നടന്ന നമ്മുടെ സഭാംഗമായ ശ്രീ. അനിൽ പോളിന്റേയും കല്ലാമം സഭാംഗമായ ശ്രീമതി. രാജിയുടേയും വിവാഹ പരസ്യമാണ്.

2011 ഡിസംബർ മാസത്തിൽ റവ. സുനിൻ സ്പെൻസർ അച്ചന് ആകസ്മികമായി നാട്ടിലേക്ക് മടങ്ങി പോകേണ്ടി വന്നു. അൽ ഐൻ ഇടവകയിലെ ശുശ്രൂഷകനായിരുന്നപ്പോൾ അച്ചനും സീജ കൊച്ചമ്മയും മക്കളും 250 കിലോമീറ്ററിൽ അധികം യാത്ര ചെയ്താണ് നമ്മുടെ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയിരുന്നത്. നമ്മുടെ ഇടവക പട്ടക്കാരനായിരുന്ന സമയത്തും കുടുംബമായി താമസിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും ശുശ്രൂഷകളെ സഭ നന്ദിയോടെ സ്മരിക്കുന്നു. അടുത്ത ശുശ്രൂഷകനെ ലഭിക്കുന്നതുവരെയുള്ള ചെറിയ കാലയളവിൽ TAFTEEയുടെ (The Association For Theological Education By Extension) ഡയറക്ടർ ആയിരുന്ന റവ. വെൽവറ്റ് ജോൺ അച്ചൻ ആരാധനയ്ക്ക് നേതൃത്വം നൽകിയത് നന്ദിയോടെ സ്മരിക്കുന്നു.

പുതിയ സഭാ ശുശ്രൂഷകനെ ലഭിക്കുന്നതിനായി അഭിവന്ദ്യ ധർമ്മരാജ് റസ്സാലം തിരുമേനിയ്ക്ക് സഭാ കമ്മിറ്റി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ റവ. ഡി. ജേക്കബ് അച്ചനെ താൽക്കാലികമായി നിയോഗിച്ചു. 2011-ലെ ക്രിസ്തുമസ് പുതുവർഷ ആരാധനകൾക്ക് റവ. ഡി. ജേക്കബ് അച്ചൻ കാർമ്മികത്വം വഹിച്ചു. ഇക്കാലയളവിൽ കമ്മിറ്റി അംഗമായ ശ്രീ. ആസ്റ്റിൻലാൽ എം. ജോസിന്റെ ഭവനത്തിൽ താമസിച്ച് അച്ചൻ സഭാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സൈപ്രസ് - ഗൾഫ് ആംഗ്ലിക്കൻ ഡയോസിസുമായുള്ള ബന്ധം സജീവമാക്കാൻ ഈ ചുരുങ്ങിയ കാലയളവിലും അച്ചൻ മുൻകൈ എടുത്തു. കൂടാതെ സംഘടനാ പ്രവർത്തനങ്ങൾ സജീവമാക്കാൻ വേണ്ടി പുതിയ സംഘടനാ കമ്മിറ്റികൾക്ക് രൂപം നൽകി. തൽഫലമായി സണ്ടേസ്കൂൾ സെക്രട്ടറിയായി ശ്രീമതി. ബബിത ബിപിനും, സ്ത്രീജനസഖ്യ സെക്രട്ടറിയായി ശ്രീമതി. റംല ക്രിസും, ജോയിന്റ് സെക്രട്ടറിയായി ശ്രീമതി. കുസുമം ജസ്റ്റസിനേയും ചുമതലപ്പെടുത്തി.

അച്ചന്റെ ഒരു മാസത്തെ സേവനം സഭാ ജനങ്ങൾക്ക് ഒരു പുത്തൻ ഉണർവ്വ് നൽകി. മുൻപ് കമ്മ്യൂണിറ്റി & ലേബർ വെൽഫയർ ഫണ്ട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന സംരംഭത്തിന് 'കരുണ' എന്ന പേര് നിർദ്ദേശിച്ച്, ബുദ്ധിമുട്ടിലും ദാരിദ്ര്യത്തിലും ആയിരിക്കുന്നവരെ കരുതാനുള്ള സഭയുടെ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് പകർന്നു. തന്റെ താൽക്കാലിക ചുമതല വളരെ ശ്രേഷ്ഠമായി ചെയ്ത് ജേക്കബ് അച്ചൻ ജനുവരി മാസം ആദ്യ നാളുകളിൽ മഹായിടവകയിലേയ്ക്ക് മടങ്ങി.

സഭയ്ക്കായി ഒരു പുതിയ വെബ്സൈറ്റ് രൂപീകരിയ്ക്കാൻ 2011 ഡിസംബർ 16-ാം തീയതി കൂടിയ സഭാകമ്മിറ്റി ശ്രീ. അനൂപ് സർലിംഗിനെ ചുമതലപ്പെടുത്തി. ആയതിൻ പ്രകാരം 2012 മെയ് മാസം 18-ാം തീയതി www.csidubaiskd.org എന്ന വെബ്സൈറ്റ് താങ്ക്സ് ഗിവിംഗ് സർവ്വീസ് നടന്ന ദിവസം പ്രകാശനം ചെയ്തു. ശ്രീ. ബിനുലാൽ സി. എസ്., ശ്രീ. സാജൻ പി. രാജ് എന്നിവർ ഈ സംരംഭത്തിൽ പങ്കാളിത്തം വഹിച്ചു.

2012 ജനുവരിയിൽ റവ. ആർ. എസ്. സുരേഷ്കുമാർ അച്ചൻ സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവകയുടെ ഔദ്യോഗിക പട്ടക്കാരനായി വീണ്ടും നിയമിതനായി ദുബായിലേക്ക് വന്നു. സഭയുടെ ബാലാരിഷ്ടതകൾ മനസ്സിലാക്കിയ അദ്ദേഹം ഷെയറിംഗ് അക്കോമഡേഷനിൽ താമസിച്ച് സഭയുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് കരുതലേകി. 2006-ൽ സഭയുടെ തുടക്കത്തിൽ നേതൃത്വം നൽകിയതുകൊണ്ടുള്ള അദ്ദേഹത്തിന്റെ പരിചയ പാടവം നമ്മുടെ സഭയ്ക്ക് സ്ഥിരമായി ഒരു ആരാധനാലയം ലഭിക്കാനുള്ള പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കി. അതിനായുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കുകയും 2012 ജനുവരി 28-ന് കൂടിയ സഭാ കമ്മിറ്റിയിൽ ശ്രീ. ആസ്റ്റിൻലാൽ എം. ജോസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. സഭയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ചിട്ടയായി നടക്കുന്നതിന്, പ്രധാന പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകാനായി കൺവീനർമാരെ ചുമതലപ്പെടുത്തി. വിവിധ ക്യാമ്പുകളിൽ

താമസിക്കുന്ന സഹോദരങ്ങളെയും ആരാധനയിലേയ്ക്ക് എത്തിക്കുന്നതിലേക്കായി എല്ലാ ആഴ്ചയും വാഹന ക്രമീകരണങ്ങൾ നൽകുകയും, അതിന്റെ ക്രമീകരണങ്ങൾക്കായി ശ്രീ. അലക്സ് പ്രസാദ്, ശ്രീ. ജോയി, ശ്രീ. ബിപിൻ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു.

2012 മാർച്ച് 19-ാം തീയതി ശ്രീ. ബിപിൻ സി. എൽ.നെ ഉൾപ്പെടുത്തി സഭാ കമ്മിറ്റി വിപുലമാക്കി. തുടർന്ന് കരുണയുടെ ആദ്യത്തെ കൺവീനർ ആയി ശ്രീ. ബിപിൻ സി. എൽ. നിയോഗിക്കപ്പെട്ടു.

ഈ കാലഘട്ടങ്ങളിൽ സഭാ ആരാധനകൾ എല്ലാ വെള്ളിയാഴ്ച വൈകുന്നേരം 7.45 മുതൽ 9.30 വരെ മുഹൈസ്നയിലെ അൽ മജീദ് സ്കൂളിൽ (ദി ഇന്ത്യൻ അക്കാഡമി) വച്ചാണ് നടത്തി വന്നിരുന്നത്. ആരാധനയെ തുടർന്ന് സണ്ടേസ്കൂൾ, സ്ത്രീജനസഖ്യം, യുവജനസഖ്യം, ക്വയർ പ്രാക്ടീസ് എന്നിവയും നടന്നിരുന്നു. എല്ലാ മാസത്തിന്റെയും ആദ്യ വെള്ളിയാഴ്ച വിശുദ്ധ സംസർഗ്ഗ ആരാധന നടന്നു വന്നിരുന്നു. നമ്മുടെ സഭാ ട്രഷറർ ആയിരുന്ന ശ്രീ. ഡാനി വിൽഫ്രഡിന്റെയും ശ്രീമതി. ഡോ. പ്രീതരാജന്റെ മകനും സണ്ടേസ്കൂൾ അംഗവുമായിരുന്ന മാസ്റ്റർ. അലൻ ഡാൻ വിൽഫ്രഡ് ഗവൺമെന്റ് ഓഫ് ദുബായുടെ Sheikh Hamdan Bin Rashid Al Maktoum Distinguished Student അവാർഡിന് അർഹനായി. സഭാ കമ്മിറ്റി അംഗമായ ശ്രീ. ഷാജി ഡി. ആർ., ശ്രീമതി. രാഖി ഷാജി ദമ്പതികളുടെ മകനും സണ്ടേസ്കൂൾ അംഗവുമായ മാസ്റ്റർ. അവിനാഷ് ഷാജി ഇംഗ്ലണ്ടിൽ നടന്ന 14 ദിവസത്തെ ക്രിക്കറ്റ് ക്യാമ്പിൽ പങ്കെടുത്ത് നമ്മുടെ സണ്ടേസ്കൂൾ കുട്ടികൾക്ക് പ്രചോദനമായി. സഭയുടെ ആദ്യ സ്നാന ശുശ്രൂഷ 2012 ഫെബ്രുവരി മാസം 3-ാം തീയതി നടന്നു. ശ്രീ. സജിൻ തോമസിന്റേയും ശ്രീമതി. അലൻസജിന്റേയും മകനായ മാസ്റ്റർ. ആരോൺ സജിന് നമ്മുടെ സഭാ ശുശ്രൂഷകൻ ആയിരുന്ന റവ. ആർ. എസ്. സുരേഷ്കുമാർ അച്ചൻ സ്നാനം നൽകുകയുണ്ടായി.

നമ്മുടെ സഭയ്ക്ക് വേണ്ടിയുള്ള ഭരണഘടനയുടെ തുടക്കം, ഒരു വർഷത്തെ പ്രവർത്തന ബഡ്ജറ്റ്, ഫാമിലി രജിസ്റ്റർ പരിഷ്കരണം എന്നീ കാര്യങ്ങൾ 2012-ൽ റവ. ആർ. എസ്. സുരേഷ്കുമാർ അച്ചന്റെ നേതൃത്വത്തിൽ നടന്നു. ദക്ഷിണ കേരള മഹായിടവകയുമായുള്ള നമ്മുടെ സഭയുടെ ബന്ധം ഊട്ടി ഉറപ്പിക്കുന്നതിന്റെ ഭാഗമായി നാട്ടിലെ എല്ലാ സഭകളിലും ഇന്ത്യക്ക് പുറത്തുള്ള ആദ്യ സഭയായ സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവകയുടെ വിവരങ്ങൾ നാട്ടിൽ എത്തിക്കുന്നതിനുമായി, സഭയുടെ വിശേഷങ്ങൾ ക്രൈസ്തവ ദീപികയിൽ പ്രസിദ്ധീകരിക്കുകയും, എല്ലാ ഡിസ്ട്രിക്ട് ചെയർമാൻമാർക്കും, അച്ചന്മാർക്കും പ്രത്യേകമായി കത്തുകൾ നൽകുകയും ചെയ്തു.

സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവകയ്ക്ക് യു. എ. ഈ.യിലെ നിയമങ്ങൾക്കനുസൃതമായി സത്യ ദൈവത്തെ ആരാധിക്കാനുള്ള സ്ഥലം, സഭാജനങ്ങളുടെയും, ദക്ഷിണ കേരള മഹായിടവകയിലെ എല്ലാ ജനങ്ങളുടെയും പ്രാർത്ഥനയുടെയും, പ്രവർത്തനങ്ങളുടെയും ഫലമായി 2012 ഏപ്രിൽ മാസം നമ്മുടെ സഭയെ അംഗീകരിച്ചു കൊണ്ടും, ആരാധനയ്ക്ക് സ്ഥലം അനുവദിച്ചു കൊണ്ടും ദുബായ് ഹോളി ട്രിനിറ്റി ചാപ്ലയൻസിയിൽ നിന്നും അറിയിപ്പ് ലഭിക്കുകയുണ്ടായി. ആയതിൻപ്രകാരം 2012 മെയ് മൂന്നാം തീയതി ആദ്യത്തെ ആരാധന ഹോളി ട്രിനിറ്റി മെയിൻ ചർച്ച് ഹാളിൽത്തന്നെ നടത്തുവാൻ സർവ്വശക്തനായ ദൈവം അനുവദിച്ചു. ഈ ആരാധനയ്ക്ക് റവ. ആർ. എസ്. സുരേഷ്കുമാർ അദ്ധ്യക്ഷം വഹിച്ചു. ഹോളി ട്രിനിറ്റി സീനിയർ ചാപ്ലയിൻ റവ. റുവാൻ പാലപ്പത്ത്‌വാല വിശിഷ്ട അതിഥിയായും, റവ. ഐസക് സുന്ദർ സിങ് (സി. എസ്. ഐ. തമിഴ് അൽ ഐൻ) ആശംസാ പ്രാസംഗികനായും പങ്കെടുത്തു.



ഈ അംഗീകാരത്തിനുവേണ്ടി അഹോരാത്രം പ്രാർത്ഥിക്കുകയും, പ്രയത്നിക്കുകയും ചെയ്ത ദക്ഷിണേന്ത്യാ സഭയുടെ മുൻ പരമാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനി, ഇപ്പോഴത്തെ ദക്ഷിണേന്ത്യ സഭയുടെ പരമാദ്ധ്യക്ഷൻ മോസ്റ്റ് റവ. ധർമ്മരാജ് റസ്സാലം തിരുമേനി, മുൻ വൈസ് ചെയർമാൻ റവ. ശോഭനം, നമ്മുടെ മുൻ സഭാ സെക്രട്ടറിമാർ ശ്രീ. രത്നരാജ്, ശ്രീ. ക്രിസ്പൻ ജസ്റ്റസ് കൂടാതെ സൈപ്രസ് ഡയോസിസും ആയുള്ള ചർച്ചകൾ ഏകോപിപ്പിച്ച ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്, മറ്റു സഭാകമ്മിറ്റി അംഗങ്ങൾ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

2012 മെയ് മാസം നടന്ന താങ്ക്സ് ഗിവിംഗ് സർവ്വീസിലൂടെ ലഭിച്ച ആകെ തുകയിൽ നിന്നും 3000 ദിർഹം ആദ്യമായി കരുണ അക്കൗണ്ടിലേയ്ക്ക് വകയിരുത്തി. ശ്രീ. ഷാജി ഡി. ആർ., ശ്രീ. ആസ്റ്റിൻലാൽ എം. ജോസ് എന്നിവർ ആയിരുന്നു ഇതിന്റെ കൺവീനർമാരായി പ്രവർത്തിച്ചത്.

സഭാ അക്കൗണ്ടന്റ് ആയിരുന്ന ശ്രീ. ഡേവിഡ് ഉമ്മച്ചന് തന്റെ ഉത്തരവാദിത്തത്തിൽ തുടരാൻ സാധിക്കാതെ വന്നതിനാൽ 2012 ജൂൺ മാസം കൂടിയ ചർച്ച് കമ്മിറ്റിയിൽ വച്ച് ചർച്ച് അക്കൗണ്ടന്റ് ആയി ശ്രീ. ആസ്റ്റിൻലാൽ എം. ജോസിനെ ചുമതലപ്പെടുത്തി. 2012 ഓഗസ്റ്റ് മാസം നടന്ന ദക്ഷിണ കേരള മഹായിടവകയുടെ വാർഷിക കൗൺസിൽ യോഗത്തിൽ ആദ്യമായി നമ്മുടെ സഭയെ പ്രതിനിധീകരിച്ച് റവ. സുരേഷ് കുമാർ അച്ചനും സഭാ സെക്രട്ടറി ശ്രീ. ക്രിസ്പൻ ജസ്റ്റസും പങ്കെടുത്തു.

നമ്മുടെ സഭയുടെ വളർച്ചയുടെ പടവുകളിൽ മറ്റൊരു സുപ്രധാനമായ വർഷമായിരുന്നു 2013. ജനുവരി മാസത്തിൽ ദക്ഷിണേന്ത്യ സഭയുടെ ബിഷപ്പ് കൗൺസിൽ ദുബായ് കേന്ദ്രമാക്കി നടക്കുകയുണ്ടായി. അതിൽ നമ്മുടെ സഭയ്ക്ക് ഭാഗമാകുവാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി ദക്ഷിണേന്ത്യ സഭയുടെ മുൻ അദ്ധ്യക്ഷൻ മോസ്റ്റ് റവ. ദേവകടാക്ഷം തിരുമേനി ഇന്ത്യക്ക് പുറത്തുള്ള സി. എസ്. ഐ. സഭകളുടെ ജി. സി. സി. കൗൺസിൽ രൂപീകരണത്തിനെടുത്ത ശ്രമങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവക, യു. എ. ഈ.യ്ക്ക് പുറത്തുള്ള ദക്ഷിണ കേരള മഹായിടവക അംഗങ്ങൾക്കും അനുഗ്രഹമാകുവാൻ 2013-ൽ സാധിച്ചു. ദക്ഷിണ കേരള മഹായിടവക ബിഷപ്പ് റൈറ്റ് റവ. ധർമ്മരാജ് റസ്സാലം തിരുമേനിയുടെ ആഗ്രഹപ്രകാരം റവ. ആർ. എസ്. സുരേഷ്കുമാർ അച്ചൻ ബഹറൈനിൽ താമസിക്കുന്ന ദക്ഷിണ കേരള മഹായിടവകയിലെ അംഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ശ്രീ.ആസ്റ്റിൻലാൽ എം.ജോസ് തന്റെ ഔദ്യോഗിക ആവശ്യത്തിനായി 2013 ഫെബ്രുവരിയിൽ ബഹറൈൻ സന്ദർശിച്ചപ്പോൾ ഇവരെയെല്ലാം ബന്ധപ്പെടുകയും, കൂട്ടുനിന്നതിൽ ഇടവക അംഗമായ ശ്രീ. ഷാജിയെയും, അദ്ദേഹത്തിന്റെ ബന്ധുവായ ശ്രീ. മോഹനനെയും കാണുവാൻ സാധിക്കുകയും ചെയ്തു. ദക്ഷിണ കേരള മഹായിടവകയ്ക്ക് ബഹറൈനിൽ ഒരു സഭ ഉണ്ടാകുവാനുള്ള സാദ്ധ്യതകളെ കുറിച്ച് ചർച്ച ചെയ്തു. എല്ലാ വെള്ളിയാഴ്ചയും അവിടെ നമ്മുടെ മഹായിടവകയിലെ അംഗങ്ങൾ ഒത്തുകൂടി ഒരു സഭയ്ക്കായി പ്രാർത്ഥിക്കുന്ന കാര്യം മനസ്സിലാക്കി. ഈ കാര്യങ്ങൾ സി. എസ്. ഐ. ദുബായ് (എസ്. കെ. ഡി.) ഇടവക കമ്മിറ്റിയെ ധരിപ്പിക്കുകയും റവ. ആർ. എസ്. സുരേഷ്കുമാർ അച്ചന് ബഹറൈനിലേയ്ക്ക് പോയി ആരാധന നടത്തുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. തൽഫലമായി ബഹറൈനിൽ ശ്രീ. ഷാജിയുടെ ഭവനത്തിൽ വച്ച് ആദ്യ ആരാധന നടത്തപ്പെട്ടു. അച്ചന്റെ ബഹറൈൻ യാത്രയ്ക്കുള്ള വിസയും വിമാന ടിക്കറ്റും ശ്രീ. ആസ്റ്റിൻലാൽ എം. ജോസും കുടുംബവും നേർച്ചയായി നൽകി. സഭാംഗമായ ശ്രീ. ഹിഗ്ഗിൻസ് തന്റെ പരിശ്രമത്താൽ തുടർന്നുള്ള യാത്രകൾക്ക് മിതമായ നിരക്കിൽ ടിക്കറ്റ് ക്രമീകരിച്ചു നൽകി. ഈ ആരാധനകൾ തുടർന്നും നടത്തപ്പെടുന്നതിനായി റൈറ്റ് റവ. ധർമ്മരാജ് റസാലം തിരുമേനി, റവ. സുരേഷ്കുമാർ അച്ചന് സി. എസ്. ഐ. ബഹറൈൻ (എസ്. കെ. ഡി.) ഇടവകയുടെ ഉത്തരവാദിത്തം കൂടി നൽകി. സുരേഷ്കുമാർ അച്ചന്റെ പ്രാരംഭ ശുശ്രൂഷകൾക്കുശേഷം മുഴുസമയ പട്ടക്കാരെ ദക്ഷിണ കേരള മഹായിടവക പാസ്റ്ററൽ ബോർഡ് കാലാകാലങ്ങളിൽ നിയമിക്കുകയും ഇന്ന് ആ സഭ സ്വയം പര്യാപ്തതയിൽ എത്തുകയും ചെയ്തത് നമ്മുടെ ഇടവകയെ സംബന്ധിച്ച് ഏറെ അഭിമാനകരമാണ്.

2013-ലെ വിശുദ്ധവാര ആരാധനകൾക്ക് നേതൃത്വം നൽകിയത് അഭിവന്ദ്യ റൈറ്റ് റവ. ധർമ്മരാജ് റസാലം തിരുമേനിയും, ശ്രീമതി. ഷെർളി റസ്സാലം ബിഷപ്പമ്മയുമാണ്. 2013 മാർച്ച് 28ന് നടന്ന പെസഹ ആരാധനയിൽ സഭയിലെ ആദ്യ സ്ഥിരീകരണ ശുശ്രൂഷ ഹോളി ട്രിനിറ്റി ചർച്ചിൽ വച്ച് ബിഷപ്പിന്റെ നേതൃത്വത്തിൽ നടന്നു. ശ്രീ. ബേസിൽ വിൻഫ്രഡ്, ശ്രീ. നിഥിൻ സതീഷ്, ശ്രീമതി. അബിഷ ബ്രൂസ് എന്നിവർ ആയിരുന്നു ആദ്യമായി സ്ഥിരീകരണം സ്വീകരിച്ചത്.



ദക്ഷിണകേരള മഹായിടവക ഭരണഘടനാ പ്രകാരമുള്ള ആദ്യ സഭാകമ്മിറ്റി 2013 മെയ് മാസം 13ന് രൂപീകൃതമായി.

1. ശ്രീ. ക്രിസ്പൻ ജസ്റ്റസ് - സഭാ സെക്രട്ടറി
2. ശ്രീ. അലക്സ് പ്രസാദ് - അക്കൗണ്ടന്റ്
3. ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്
4. ശ്രീ. ബിനുലാൽ സി. എസ്.
5. ശ്രീ. ഡി. ആർ. ഷാജി
6. ശ്രീ. വിൻഫ്രഡ് ബേബി
7. ശ്രീ. ബിപിൻ സി. എൽ.
8. ശ്രീ. സണ്ണി ഡി.
9. ശ്രീ. സജി ചാൾസ്
10. ശ്രീ. ഷിബുരാജ്

എന്നിവർ 2013 മെയ് മാസം 16ന് സഭയിൽ വച്ച് നടന്ന പ്രതിഷ്ഠാ ശുശ്രൂഷയിലൂടെ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ സ്വീകരിച്ചു.

സഭയുടെ ആദ്യ കൺവെൻഷൻ "ദുബായ് കൺവെൻഷൻ 2013" എന്ന പേരിൽ ഒക്ടോബർ മാസം 15,16,17 തീയതികളിൽ ഹോളി ട്രിനിറ്റി ചർച്ചിൽ വച്ച് നടത്തുക ഉണ്ടായി. മുഖ്യ പ്രാസംഗികനായി റവ. ഡോ. ഡി. ജെ. അജിത് കുമാറും അദ്ധ്യക്ഷന്മാരായി റവ. ഡോ. റുവാൻ പാലപ്പത്ത്‌വാല (സീനിയർ ചാപ്ലയിൻ, ഹോളി ട്രിനിറ്റി ചർച്ച്, ദുബായ്), റവ. എഡ്വിൻ (ശുശ്രൂഷകൻ, സി. എസ്. ഐ. തമിഴ് ചർച്ച്, ഷാർജ), റവ. സത്യദാസ് എന്നിവരും പങ്കെടുത്തു. ആദ്യ കൺവെൻഷന്റെ കൺവീനറായി പ്രവർത്തിച്ചത് ശ്രീ. ബിപിൻ സി. എൽ. ആയിരുന്നു. കൺവെൻഷൻ ഗാനപരിശീലനത്തിന് നേതൃത്വം നൽകിയത് ശ്രീ. രാകേഷ് എം. ആർ. ആയിരുന്നു.



സഭാ ജനങ്ങളെ എല്ലാവരെയും ഉൾപ്പെടുത്തി 2013 നവംബർ 30-ാം തീയതി ആദ്യമായി ദുബായിലെ മുഷ്‌രിഫ് പാർക്ക് കേന്ദ്രമാക്കി ആദ്യ ഏകദിന സഭാ കുടുംബ സംഗമം നടത്തിയത് പങ്കെടുത്തവരുടെ മാനസിക ഉല്ലാസത്തിനും, കായിക ക്ഷമതയ്ക്കും മുതൽക്കൂട്ടായി എന്ന് വിലയിരുത്തുന്നു. കൂടാതെ സഭാ ജനങ്ങൾ തമ്മിലുള്ള സ്നേഹ-ഐക്യ ബന്ധം വളർത്തുന്നതിനും സഹായകമായി. ആയതിനാൽ വരും വർഷങ്ങളിലും ഈ റിട്രീറ്റ് തുടരാൻ സഭാ കമ്മിറ്റി തീരുമാനിച്ചു. ആദ്യത്തെ റിട്രീറ്റിന് കൺവീനർ ആയി പ്രവർത്തിച്ചത് ശ്രീ. സണ്ണി ഡി. ആയിരുന്നു.



2013 അഖില ലോക സണ്ടേസ്കൂൾ ആഘോഷങ്ങളിൽ വിശിഷ്ട അതിഥികളായി റവ. വിനോദ് വിക്ടർ അച്ചനും, ശ്രീമതി. മോളി കൊച്ചമ്മയും പങ്കെടുത്തു.

2013 ഡിസംബർ മാസം ഹോളി ജോളി ക്രിസ്തുമസ് എന്ന പേരിൽ ശ്രീ. അജിത് ശശി, ശ്രീ. രാകേഷ്, ശ്രീ. സാജൻ പി. രാജ്, ശ്രീമതി. റ്റിന്റു എന്നിവരുടെ നേതൃത്വത്തിൽ ക്രിസ്തുമസ് കൂട്ടായ്മ നടന്നു. കുഞ്ഞുങ്ങൾ നേതൃത്വം നൽകിയ നാടകവും മറ്റു കലാ പരിപാടികളും എന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്ന അനുഭവം ആയിരുന്നു.

2014 ഫെബ്രുവരി 10 മുതൽ മാർച്ച് 13 വരെ റവ. സുരേഷ്കുമാർ അച്ചൻ വാർഷിക അവധിക്ക് നാട്ടിൽ പോയതിനാൽ, ആ സമയത്ത് ശുശ്രൂഷകൾക്ക് നേതൃത്വം നൽകാൻ റവ. ഷിബു വേങ്ങപ്പൊറ്റ അച്ചനെ മഹായിടവകയിൽ നിന്നും അയക്കുകയും, ഈ കാലയളവിൽ അദ്ദേഹം നമ്മുടെ ഇടവകയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

2014 ഫെബ്രുവരി 18ന് സഭാ സെക്രട്ടറി ആയിരുന്ന ശ്രീ. ക്രിസ്പൻ ജസ്റ്റസ് പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേയ്ക്ക് മടങ്ങി പോവുകയുണ്ടായി. നമ്മുടെ സഭയുടെ ആദ്യ നാളുകൾ മുതൽ സജീവ സാന്നിദ്ധ്യമായിരുന്നു ശ്രീ. ക്രിസ്പൻ ജസ്റ്റസ് സാറും കുടുംബവും. അദ്ദേഹം കൈക്കൊണ്ട ധീരമായ നിലപാടുകളും പ്രീസ്റ്റ് വിസ ലഭിക്കുന്നതുവരെ അച്ചന് വേണ്ടുന്ന വിസ നൽകിയതും സഭയുടെ വളർച്ചയ്ക്ക് കാരണമായി. അദ്ദേഹത്തിന്റെയും കുടുംബത്തിന്റെയും നിസ്വാർത്ഥമായ നേതൃത്വത്തിന് നന്ദി അർപ്പിക്കുന്നു.

2014 ഏപ്രിൽ മാസം കൂടിയ സഭാ കമ്മിറ്റിയിൽ സഭയുടെ മൂന്നാമത്തെ സെക്രട്ടറിയായി ശ്രീ. ഷാജി ഡി. ആർ.നെ തെരഞ്ഞെടുത്തു. അന്നേ ദിവസം തന്നെ ശ്രീ. അജിത് ശശി, ശ്രീ. ഹിഗ്ഗിൻസ് ബി. രാജയ്യൻ, ശ്രീമതി. കുസുമം ജസ്റ്റസ്, ശ്രീമതി. റീജ റസൽ എന്നിവരെ കൂടി കമ്മിറ്റിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്ത് കമ്മിറ്റി വിപുലമാക്കി.

2014 ഏപ്രിൽ 18-ാം തീയതി വലിയ വെള്ളിയാഴ്ച ദിവസം ആദ്യമായി സഭാംഗങ്ങൾ ക്രൂശിലെ മൊഴികളുടെ ധ്യാനത്തിന് നേതൃത്വം നൽകി.

സഭാ കമ്മിറ്റി അംഗമായിരുന്ന ശ്രീ. സജി ചാൾസ് 2014 മെയ് 3-ന് കർത്താവിൽ നിദ്ര പ്രാപിച്ചു. മെയ് 9ന് കൂടിയ സഭാ കമ്മിറ്റി അദ്ദേഹത്തിന്റെ അകാല വേർപാടിൽ അനുശോചനം രേഖപ്പെടുത്തി. 2014ജൂൺ മാസം നമ്മുടെ സഭയ്ക്ക് ആദ്യമായി പ്രീസ്റ്റ് വിസ ലഭിക്കുകയുണ്ടായി. അച്ചന് പ്രീസ്റ്റ് വിസ ലഭിച്ച സാഹചര്യത്തിൽ, അച്ചന്റെ ടേംസ് ഓഫ് സർവീസ് വ്യവസ്ഥകൾ തയ്യാറാക്കുന്നതിന് സഭാ സെക്രട്ടറി ശ്രീ. ഷാജി ഡി. ആർ., ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്, ശ്രീ. ബിപിൻ സി. എൽ. എന്നിവരടങ്ങുന്ന സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. 2014 ഒക്ടോബർ 17ന് നടന്ന സഭാ കമ്മിറ്റി അച്ചന്റെ ടേംസ് ഓഫ് സർവീസ് വ്യവസ്ഥകൾക്ക് അംഗീകാരം നൽകുകയും 2012 മെയ് മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

2014 ജൂലൈ 23ന് ദുബായ് ഹിറ്റ് എഫ്. എം. റേഡിയോയും യങ് ഇന്ത്യ എന്ന സംഘടനയുമായി ചേർന്ന് റമദാൻ കാലത്ത് സോണാപ്പൂർ ക്യാമ്പിൽ 202 പേർക്ക് ഇഫ്താർ കിറ്റ് വിതരണം നടത്തുകയുണ്ടായി. ശ്രീ. ബിപിൻ സി. എൽ. ഈ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

2014 ഓഗസ്റ്റ് 21 മുതൽ 28 വരെ ആദ്യമായി സണ്ടേസ്കൂളിന്റെ നേതൃത്വത്തിൽ "We are living Stones" എന്ന വിഷയത്തെ ആസ്പദമാക്കി വി. ബി. എസ്. നടന്നു. നമ്മുടെ സഭയിലെ സി. ഇ. വൈ. എഫ്. അംഗങ്ങൾ ആയ ശ്രീ. രാകേഷ് എം. ആർ., ശ്രീ. സാജൻ പി. രാജ്, ശ്രീമതി. നിജി മോസസ്, ശ്രീമതി. സിമി അജിത്, ശ്രീമതി. ബബിത, ശ്രീമതി. റ്റിന്റു ഗിൽബർട്ട് എന്നിവർ നേതൃത്വം നൽകുകയുണ്ടായി.

2014 സെപ്റ്റംബർ മാസം 26-ാം തീയതി ബഡ്സ് ഇന്റർനാഷണൽ സ്കൂളിൽ വച്ച് നടന്ന യു. എ. ഈ.ലെ സി. എസ്. ഐ. സഭകളെ സംഘടിപ്പിച്ച് നടത്തിയ C.S.I. Inter-Church Competition കലാ മത്സരത്തിൽ നമ്മുടെ സഭയ്ക്കും പങ്കെടുക്കുവാനും ഗായക സംഘത്തിന് രണ്ടാം സ്ഥാനം കരസ്ഥമാക്കുവാനും സാധിച്ചു.






സഭയുടെ സാമ്പത്തിക ഭദ്രതയ്ക്ക് കൈത്താങ്ങ് ആകുവാൻ സ്ത്രീജനസഖ്യത്തിന്റെ നേതൃത്വത്തിൽ കോയിൻ ബോക്സിലൂടെയുള്ള ദാനാർപ്പണത്തിന് 2014-ൽ തുടക്കം കുറിച്ചു. ശ്രീമതി. കുസുമം ജസ്റ്റസ് (വൈസ് പ്രസിഡന്റ്), ശ്രീമതി. വിനിത ജോസ് (സെക്രട്ടറി), ശ്രീമതി. റീജ റസ്സൽ, ശ്രീമതി. പ്രതിഭ ബിജു എന്നിവർ ഇക്കാര്യത്തിന് നേതൃത്വം നൽകി.

2014-ലെ ദുബായ് കൺവെൻഷൻ ഒക്ടോബർ മാസം 7,8,9 തീയതികളിൽ ഹോളി ട്രിനിറ്റി ചർച്ചിൽ വച്ച് നടന്നു. ഈസ്റ്റ് കേരള മഹായിടവക ബിഷപ്പും മുൻ സി. എസ്. ഐ. മോഡറേറ്ററും ആയിരുന്ന മോസ്റ്റ് റവ. ഡോ. കെ. ജെ. സാമുവേൽ തിരുമേനി മുഖ്യ പ്രാസംഗികൻ ആയിരുന്നു. ശ്രീ. അജിത് ശശി ഈ കൺവെൻഷന്റെ കൺവീനർ ആയി പ്രവർത്തിച്ചു.

2014 ഡിസംബർ മാസം 2-ാം തീയതി ദുബായ് സബീൽ പാർക്കിൽ വച്ച് നടന്ന ചർച്ച് റിട്രീറ്റിന് റവ. അനിലാൽ എം. ജോസ് അച്ചൻ വിശിഷ്ട അതിഥിയായി പങ്കെടുത്ത് ഗെയിംസ് പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. തന്നാണ്ടിലെ ക്രിസ്തുമസ് പുതുവൽസര ആരാധനകൾ പതിവുപോലെ നടന്നു.





നമ്മുടെ സഭയിലെ തന്റെ 3 വർഷത്തെ ശുശ്രൂഷാ കാലാവധി പൂർത്തിയാക്കി സ്വദേശത്തേക്ക് മടങ്ങി. സഭയുടെ ആദ്യ പുരോഹിതൻ എന്ന നിലയിൽ ത്യാഗോജ്ജ്വലമായ ശുശ്രൂഷ അച്ചൻ നിർവഹിച്ചു. നമ്മുടെ സഭയെ കെട്ടുറപ്പുള്ളത് ആക്കുന്നതിനു വേണ്ടുന്ന ആത്മീയ നേതൃത്വവും അച്ചനിൽ നിന്ന് ലഭിച്ചു. ദക്ഷിണ കേരള മഹായിടവകയിലെ തന്റെ അനുഭവ സമ്പത്തിന്റെ വെളിച്ചത്തിൽ നമ്മുടെ ഇടവകയ്ക്ക് ഇവിടുത്തെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള ഭരണഘടന തയ്യാറാക്കുന്നതിനുള്ള ആദ്യ പരിശ്രമങ്ങളും അച്ചന്റെ സമയത്ത് നടന്നു. അച്ചന്റെ ശുശ്രൂഷാക്കാലത്ത് അച്ചന്റെ സഹധർമ്മിണി ശ്രീമതി. പുഷ്പലത കൊച്ചമ്മ ഒരു തവണ വിസിറ്റ് വിസയിൽ ഇവിടെ വരികയുണ്ടായി. റവ. സുരേഷ്കുമാർ അച്ചൻ കുടുംബമായി നമ്മുടെ സഭയ്ക്ക് നല്കിയ നേതൃത്വത്തിനും, ശുശ്രൂഷകൾക്കും സഭ എന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു.

സഭയുടെ പുതിയ ശുശ്രൂഷകനായി ദക്ഷിണ കേരള മഹായിടവകയിൽ നിന്നും നിയമിതനായ റവ. ക്രിസ്റ്റൽ ജയരാജ് അച്ചൻ 2015 മെയ് മാസം 6-ാം തീയതി ചുമതല ഏറ്റു.

2015 മെയ് മാസത്തിൽ നടന്ന പൊതുയോഗത്തിന്റെ നിർദ്ദേശപ്രകാരം സ്ത്രീജനസഖ്യത്തിന്റെ നേതൃത്വത്തിൽ Small Savings Scheme എന്ന സമ്പാദ്യ പദ്ധതി ആരംഭിച്ചു. ശ്രീമതി. റീജ റസ്സൽ ഇതിന്റെ ആദ്യ കൺവീനർ ആയി പ്രവർത്തിച്ചു. രണ്ടു മാസത്തിലൊരിക്കൽ സഭാംഗങ്ങളുടെ ഭവനത്തിൽ വച്ച് ഒരു ഉപവാസ പ്രാർത്ഥന ആരംഭിച്ചു. ജൂലൈ 3-ാം തീയതി രാവിലെ 11 മുതൽ 2 മണി വരെ ആദ്യ ഉപവാസ പ്രാർത്ഥന ശ്രീ. ആസ്റ്റിൻലാൽ എം. ജോസിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു.

2015 ജൂൺ മാസം 26-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ക്രമമായുള്ള ചെയിൻ പ്രയർ ആദ്യമായി ആരംഭിച്ചു. ശ്രീമതി. റീജ റസ്സൽ ഈ പ്രാർത്ഥനയുടെ കൺവീനർ ആയി പ്രവർത്തിച്ചു.

ക്രിസ്റ്റൽ ജയരാജ് അച്ചൻ ആദ്യ മൂന്നു മാസക്കാലം മുഹൈസ്നയിലെ ശ്രീ. ആസ്റ്റിൻലാൽ എം. ജോസിന്റെ ഭവനത്തിൽ താമസിച്ച് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 2015 ആഗസ്റ്റ് മാസം ക്രിസ്റ്റൽ ജയരാജ് അച്ചന്റെ പേരിൽ സഭയ്ക്ക് സ്വന്തമായി ഷാർജ - റോളയിൽ ഒരു പാഴ്സനേജ് വാടകയ്ക്ക് എടുക്കുവാൻ സാധിച്ചു. ഇതിനു വേണ്ടുന്ന സെക്യൂരിറ്റി ചെക്കും മറ്റും സഭാ സെക്രട്ടറി ആയിരുന്ന ശ്രീ. ഷാജി ഡി. ആർ. നൽകി. ആവശ്യമായ ഗൃഹോപകരണങ്ങളും മറ്റും സഭാംഗങ്ങൾ സംഭാവനയായി നൽകി. സ്വന്തമായി പാഴ്സനേജ് ലഭിച്ചതു മുതൽ അച്ചൻ കുടുംബമായി തന്നെ പാഴ്സനേജിൽ താമസിച്ചു കൊണ്ട് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയുണ്ടായി.

2015 സെപ്റ്റംബർ 4-ന് കൂടിയ സഭാ കമ്മിറ്റി സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവക ഭരണഘടന അടിസ്ഥാനമാക്കി ഇവിടുത്തെ സാഹചര്യങ്ങൾക്ക് അനുസരിച്ച് വരുത്തേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി. ദുബായ് ഇടവകയുടേതായ ഒരു ഭരണഘടന തയ്യാറാക്കേണ്ടതിന് അച്ചന്റെ നേതൃത്വത്തിൽ സഭാ സെക്രട്ടറി ആയിരുന്ന ശ്രീ. ഷാജി ഡി. ആർ. കൺവീനറായും, ശ്രീ. അലക്സ് പ്രസാദ്, ശ്രീ. ബിപിൻ സി.എൽ., ശ്രീ. ബിനുലാൽ, ശ്രീമതി. കുസുമം ജസ്റ്റസ് എന്നിവർ അംഗങ്ങളായും ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ദുബായ് കൺവെൻഷൻ 2015 സെപ്റ്റംബർ മാസം 22, 23, 24 തീയതികളിൽ ഹോളി ട്രിനിറ്റി ചർച്ചിൽ വച്ച് നടന്നു. ഫാ. ബോബി ജോസ് കട്ടിക്കാട് മുഖ്യ സന്ദേശം നൽകി അനുഗ്രഹിച്ചു.

സഭാ ആരാധനകളിൽ ഗായകസംഘത്തിന്റെ സാന്നിധ്യം ഇന്നാളുകളിൽ സജീവമായിരുന്നു. ശ്രീ. അലക്സ് പ്രസാദ്, ശ്രീ. ഷെറിൻ ബെഞ്ചമിൻ എന്നിവരുടെ നേതൃത്വത്തിൽ ഗായക സഖ്യത്തിന്റെ പരിശീലനം സഭാ അംഗങ്ങളുടെ ഭവനത്തിൽ വച്ച് നടന്നു വരുന്നു. ഇത്തരം പരിശീലന പരിപാടികൾ ഉചിതമായി ക്രമീകരിക്കാൻ ശ്രീ. റസ്സൽ ചന്ദ്രൻ അവർകളും കുടുംബവും നിസ്വാർത്ഥമായി പ്രവർത്തിച്ചു. സഭാംഗങ്ങൾ തമ്മിലുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിന് ഇത്തരം കൂട്ടായ്മകൾ കാരണമായി. ഇതേ കാലയളവിൽ ഗായക സംഘത്തിന്റെ നേതൃത്വത്തിൽ ചർച്ച് ഓർഗൺ പരിശീലനവും ആരംഭിച്ചു.

ഈ ആണ്ടിലെ സഭാ കുടുംബ സംഗമം, ക്രിസ്തുമസ് കരോൾ, വാർഷികം എന്നിവ പതിവുപോലെ നടന്നു.

2016 മുതൽ ദുബായിലെ സഭാ ഐക്യ പ്രസ്ഥാനങ്ങളിൽ നമ്മുടെ സഭയ്ക്ക് പങ്കാളിത്തം ഉണ്ടായി. ഇതിനുവേണ്ടി റവ. ക്രിസ്റ്റൽ ജയരാജ് അച്ചൻ നൽകിയ നേതൃത്വം ശ്ലാഘനീയമാണ്. 2016 ജനുവരി 23- ാം തീയതി ജബൽ അലി മാർ ഇഗ്നേഷ്യസ് ജാക്കോബൈറ്റ്സ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന KCC (Kerala Council of Churches) ദുബായ് ഘടകത്തിന്റെ ഉത്ഘാടനത്തിനും 23-ാം തീയതി ഹോളി ട്രിനിറ്റി ചർച്ചിൽ നടന്ന എക്യുമെനിക്കൽ ആരാധനയിലും നമ്മുടെ സഭാജനങ്ങൾ പങ്കെടുക്കുകയും ഗായക സംഘം ഗാനം ആലപിക്കുകയും ചെയ്തു. ഇക്കാലയളവിൽ ശ്രീ. ഷാജി ഡി. ആർ. KCC ദുബായ് യൂണിറ്റിന്റെ ട്രഷറർ ആയി പ്രവർത്തിച്ചു.

2016 മെയ് മാസം 3-ാം തീയതി നടന്ന പൊതു യോഗത്തിൽ കരട് ഭരണഘടന കൺവീനർ ശ്രീ. ബിനുലാൽ അവതരിപ്പിച്ചു. തുടർന്ന് മാർച്ച് മാസം 12-ാം തീയതി നടന്ന സഭാ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പാസ്സാക്കുകയും മഹായിടവകയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

2016 ഏപ്രിൽ മാസം നമ്മുടെ മഹായിടവകയുടെ ആദ്യ മിഷൻ ഫീൽഡ് ആയ എട്ടൂർ നാഗാരം മിഷൻ ഫീൽഡിന്റെ പാഴ്സനേജ് പണിയുന്നതിനുള്ള സഹായമായി സഭാംഗങ്ങൾ സ്വരൂപിച്ച ഒരു ലക്ഷം രൂപ നൽകുകയുണ്ടായി.

2016 ഏപ്രിൽ 14-ാം തീയതി നടന്ന പൊതു യോഗത്തിൽ 12 പേരടങ്ങുന്ന ദ്വൈവാർഷിക സഭാ കമ്മിറ്റിയെ തിരഞ്ഞെടുത്തു. തുടർന്ന് 22-ാം തീയതി നടന്ന കമ്മിറ്റിയിൽ വച്ച് ശ്രീ. ഷാജി ഡി. ആർ. സെക്രട്ടറിയായും ശ്രീ. അലക്സ് പ്രസാദ് അക്കൗണ്ടന്റായും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്, ശ്രീ. സണ്ണി ഡി., ശ്രീ. ജോയി എസ്. ആർ., ശ്രീ. ബിപിൻ സി. എൽ., ശ്രീ. വിൻഫ്രഡ് ബേബി, ശ്രീ. വിജീത് വൽസലം, ശ്രീ. ബിജു തുളസി, ശ്രീ. ഗിൽബർട്ട് രാജ്, ശ്രീമതി. കുസുമം ജസ്റ്റസ്, ശ്രീമതി. റീജ റസ്സൽ എന്നിവർ അടങ്ങുന്ന സഭാ കമ്മിറ്റിയ്ക്ക് രൂപം നൽകി.

2016 മെയ് മാസം 6-ാം തീയതി നടന്ന സഭാ കമ്മിറ്റിയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളും സന്നദ്ധ സേവനങ്ങളും ഏകോപിപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയ്ക്ക് രൂപം നൽകി. മുൻപ് നിലവിലുണ്ടായിരുന്ന കരുണ ഫണ്ടിനെ "കരുണ സോഷ്യൽ സർവ്വീസ്" എന്ന് പുനർ നാമകരണം ചെയ്തു. ഇതിന്റെ ആദ്യ കമ്മിറ്റിയിൽ റവ. ക്രിസ്റ്റൽ ജയരാജ് അച്ചൻ അദ്ധ്യക്ഷനായും ശ്രീ. ആസ്റ്റിൻലാൽ എം. ജോസ് കൺവീനർ ആയും, സഭാ സെക്രട്ടറി, സഭാ അക്കൗണ്ടന്റ്, സംഘടനാ സെക്രട്ടറിമാർ എന്നിവർ അംഗങ്ങളും ആയിരുന്നു. മത്തായി 25:35-43-ലെ തിരുവചനം ആസ്പദമാക്കിയാണ് ഈ വർഷത്തെ കരുണയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് പോയത്.

ഒരു വർഷത്തെ സഭയിലെ സ്തുത്യർഹമായ ശുശ്രൂഷകൾക്കു ശേഷം റവ. ക്രിസ്റ്റൽ ജയരാജ് അച്ചൻ തന്റെ Phd. പഠനം പൂർത്തീകരിക്കാൻ നാട്ടിൽ തന്നെ തുടരേണ്ടതിന്റെ ആവശ്യകത അറിയിച്ചതനുസരിച്ച് സഭ അംഗീകരിക്കുകയും, 2016 മെയ് മാസം അച്ചൻ നാട്ടിലേയ്ക്ക് മടങ്ങുകയും ചെയ്തു. അച്ചന്റെയും, ശ്രീമതി. ലിറ്റിൽ മേരി കൊച്ചമ്മയുടെയും ശുശ്രൂഷകൾക്ക് സഭ നന്ദി രേഖപ്പെടുത്തുന്നു.

2016 മെയ് മാസം മഹായിടവക നിയമിച്ചതനുസരിച്ച് റവ. ഡി. എസ്. റോയ് അച്ചൻ (സി. എസ്. ഐ. സീയോൻകുന്ന്) ഇടവക ശുശ്രൂഷകനായി ചുമതല ഏറ്റെടുത്തു. അച്ചനും ശ്രീമതി. ആൻസി കൊച്ചമ്മയും സേറ മോളും ഷാർജയിലെ റോളയിൽ താമസിച്ചുകൊണ്ട് സഭാ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

മുൻ വർഷങ്ങളിൽ ഈസ്റ്റർ ദിന ആരാധനയോട് അനുബന്ധിച്ചു നടത്തിയിരുന്ന സഭാദിനാഘോഷം, 2016 മുതൽ ഈസ്റ്റർ കഴിഞ്ഞു വരുന്ന വെള്ളിയാഴ്ച അതിവിപുലമായി ആഘോഷിക്കണം എന്ന തീരുമാനത്തിന് അനുസരിച്ച് 2016 ലെ സഭാദിനാഘോഷം ഏപ്രിൽ 1 ന് രാവിലെ 9 മണി മുതൽ 3 മണി വരെ മുഹൈസ്ന സെന്റ്. മേരീസ് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് വൈവിധ്യമാർന്ന കലാപരിപാടികളോടെ ആഘോഷിച്ചു. തുടർന്നുള്ള വർഷങ്ങളിലും ഈ രീതി തന്നെ തുടരുന്നു.

2016 സെപ്റ്റംബർ മാസം 13,14,15 തീയതികളിൽ ഹോളി ട്രിനിറ്റി ചർച്ചിൽ വച്ച് റവ. ജിബി മാത്യു വാഴൂർ (കോട്ടയം സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് സിറിയൻ ചർച്ച് വികാരി) മുഖ്യ പ്രാസംഗികനായി ദുബായ് കൺവെൻഷൻ നടന്നു. കൺവെൻഷനു ശേഷം 16-ാം തീയതി ശ്രീ. ജിജു സോമരാജിന്റെ ഭവനത്തിൽ വച്ച് ഒരു പ്രത്യേക കുടുംബ സംഗമവും ആദ്യ ഓണാഘോഷവും സദ്യയും സംഘടിപ്പിക്കപ്പെട്ടു. ശ്രീ. സണ്ണി ഡി. ഈ പ്രോഗ്രാമിന്റെ കൺവീനറായി പ്രവർത്തിച്ചു.

മുൻ വർഷങ്ങളിലേതുപോലെ ക്രിസ്തുമസ് പുതുവൽസര ആരാധനകളും ഈ വർഷം നടന്നു. ശ്രീ. ജിജു സോമരാജിന്റെ ഭവനത്തിൽ വച്ചായിരുന്നു പുതുവർഷ ആരാധന നടന്നത്. അന്നേ ദിവസം സഭാംഗങ്ങൾ എല്ലാവരും പ്രഭാത ഭക്ഷണം അവിടെ വച്ച് തയ്യാറാക്കി കൂട്ടായ്മ ആചരിച്ചു.

2017 ജനുവരി 13ന് സഭാ സെക്രട്ടറി ആയിരുന്ന ശ്രീ. ഷാജി ഡി. ആർ. തൽസ്ഥാനത്തു നിന്ന് മാറി നിൽക്കാൻ താല്പര്യം പ്രകടിപ്പിച്ചു. ശ്രീ. ഷാജിയുടെ ഇക്കാലയളവിലുള്ള നേതൃത്വം സഭയെ ആത്മികമായും ഭൗതികമായും ഉയരങ്ങളിൽ എത്തിക്കാനും, ഒരു പരിധി വരെ സ്വയം പര്യാപ്തത കൈവരിക്കാനും സഹായിച്ചു. വളരെയേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇക്കാലയളവിൽ ചെയ്യാനും സാധിച്ചു. അദ്ദേഹത്തിന്റെ സേവനങ്ങളെ സഭ വളരെ നന്ദിയോടെ ഓർക്കുന്നു.

എല്ലാ വർഷങ്ങളിലും "ഹാർവെസ്റ്റ് ഫെസ്റ്റിവൽ" എന്ന പേരിൽ നടത്തിവന്ന സഭയുടെ പ്രധാന പരിപാടി ഈ വർഷം മുതൽ "താങ്ക്സ് ഗിവിംഗ് സർവീസ്" എന്ന പേരിൽ നടത്തുവാൻ തീരുമാനിച്ചു. സഭയുടെ ക്ഷണം സ്വീകരിച്ച് നമ്മുടെ മുൻ ബിഷപ്പും ദക്ഷിണേന്ത്യാ സഭയുടെ മോഡറേറ്ററുമായിരുന്ന അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനിയും, ബിഷപ്പമ്മ ശ്രീമതി. ഹെപ്സി ഗ്ലാഡ്സ്റ്റണും നമ്മുടെ സഭയിൽ വരികയും 2017 ഫെബ്രുവരി മാസം 9-ാം തീയതി നടന്ന സഭാരാധനയിൽ പങ്കെടുക്കുയും, സ്നാനം, വിശുദ്ധ തിരുവത്താഴ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. നമ്മുടെ മുൻ ശുശ്രൂഷകൻ റവ. ആർ. എസ്. സുരേഷ്കുമാർ അച്ചനും പ്രത്യേക അതിഥിയായി പങ്കെടുത്തത് വളരെ അനുഗ്രഹമായിരുന്നു. അടുത്ത ദിവസം അജ്മാൻ ഹാബിറ്റാറ്റ് സ്കൂളിൽ വച്ച് നടത്തപ്പെട്ട താങ്ക്സ് ഗിവിംഗ് സർവ്വീസിലെ ശുശ്രൂഷകൾക്കും തിരുമേനിയും ബിഷപ്പമ്മയും നേതൃത്വം നൽകി. ഇതിനോടനുബന്ധിച്ച് സഭയിലെ സംഘടനകളുടെ സംയുക്ത വാർഷികവും നടത്തപ്പെട്ടു.

ഫെബ്രുവരി 17-ാം തീയതി നടന്ന സഭാ കമ്മിറ്റിയിൽ പുതിയ സഭാ സെക്രട്ടറിയായി ശ്രീ. സണ്ണി ഡി.യെ തെരഞ്ഞെടുത്തു. 2017ഏപ്രിൽ മാസം കഷ്ടാനുഭവവാര ആരാധനകൾക്ക് നേതൃത്വം നൽകാൻ ബാംഗളൂരുവിലെ യുണൈറ്റഡ് തിയോളജിക്കൽ കോളേജിലെ (UTC) പ്രിൻസിപ്പൽ ആയിരുന്ന റവ. ഡോ. ജോൺ സാമുവേൽ അച്ചൻ വിശിഷ്ട അതിഥിയായി എത്തി. യു. റ്റി. സി.യുടെ പുതിയ ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനായുള്ള സാമ്പത്തിക സഹായവും നൽകുവാൻ സാധിച്ചു.

Church family get together, Christmas Carol and Church anniversary were conducted as usual in this year. From 2016 onwards the church took part in Dubai Ecumenical movement. The guidance of Rev. Christal Jayaraj in this regard is remarkable and notable. In the inauguration of K.C.C. (Kerala Council of Churches) Dubai Unit, held on 23rd January 2016 at Jebel Ali Mar Ignatious Jacobites - Orthodox Cathedral and on the Ecumenical worship held at the Holy Trinity Church, our church members attended and the church choir sang songs. During this time, Mr. Shaji D.R. served as the Treasurer of K.C.C. Dubai Unit.

In the general body meeting held on 3rd March 2016, the draft of the constitution was presented by the convenor Mr. Binulal. Later, in the church committee held on 12th March, it

was discussed in detail, accepted and was forwarded to the diocese for approval.

In April 2016, Rupees One Lakh was collected towards assisting in the construction of the parsonage in C.S.I. Etturnagaram, which is the first mission field of our diocese.

In the general body meeting held on 14th April 2016, a 12 member bi-annual committee was selected. Then, in the committee meeting held on 22nd April, Mr. Shaji D.R. was elected as secretary and Mr. Alex Prasad was designated as Accountant. Mr. Austinlal M. Jose, Mr. Sunny D., Mr. Joy S.R., Mr. Bipin C.L, Mr. Winfred Baby, Mr. Vijeeth Valsalam, Mr. Biju Thulasi, Mr. Gilbert Raj, Mrs. Kusumam Justus, and Mrs. Reeja Russel were part of the church committee. In church committee met on 6th May 2016, a sub-committee was formed in order to coordinate the charitable initiatives of the church. The existing Karuna Fund was renamed as "Karuna Social Service". Its first committee was presided over by Rev. Christal Jayaraj and Mr. Austinlal M. Jose was elected as convenor. Church secretary, accountant and all the secretaries of various fellowship groups of the church were included in the committee. This year of the Karuna Social Service was based on Matthew 25: 35-43.

After completing one year of blessed ministry, Rev. Christal Jayaraj returned home on May 2016 inorder to finish his PhD studies. The church hereby express sincere thanks to Rev. Christal Jayaraj and Mrs. Little Flower Kochamma for their prolific service.

According to the appointment by the diocese, Rev. D.S. Roy (C.S.I. Zion Kunnu) took charge of the parish on May 2016. Rev. D.S. Roy, Mrs. Ancy Kochamma and their daughter Cera resided at Rola in Sharjah and led the ministries of the church.

As per the decision to conduct church anniversary celebrations not in connection with Easer worship as it was done in previous years, but to celebrate it in the immediate Friday next to Easter, the church anniversary of the year was conducted in eloquent manner on 1st April 2016 from 9 am to 3 pm at the Muhaisnah St. Mary's School Auditorium with several cultural programmes and events. In the subsequent years as well, this method was followed.

The Dubai Convention 2016 was organized at the Holy Trinity Church on 13th to 15th September 2016 with Rev. Jibi Mathew Vazhooor (Vicar, St. George Orthodox Syrian Church) as the main speaker. In connection with the convention, a special family get-together and the first Onam celebrations as well as Onasadya were held at the residence of Mr. Jiju Somaraj on 16th May. Mr. Sunny D. functioned as the convenor of the event.

The Christmas and New Year worships were held as it has been in the previous years. The New Year worship was also held at the residence of Mr. Jiju Somaraj. The church members prepared breakfast there and had a good time of fellowship. Mr. Shaji D.R., intimated the committee that he would like to discontinue from the office of the secretary of the church. The efficient leadership of Mr. Shaji D.R. enabled the church to grow materially and also to attain self-sufficiency to a great extent. Many initiatives to help the poor and the needy were organized in his tenure and the church hereby express appreciation for his leadership and service.

In 2017, it has been decided to rename the harvest festival as "Thanks Giving Service". Accepting the invitation of the church, former

Moderator of C.S.I. and Bishop Most Rev. Dr. J.W. Gladstone and Bishopamma Mrs. Hepzi Gladstone graced the Church day worship conducted on 9th February 2017 and blessed the Baptism and Holy Communion services. The presence of Rev. R.S. Suresh Kumar also was a blessed experience. Bishop also led the Thanks Giving Service at the Ajman Habitat School on the next day. The anniversary of the various fellowship groups of the church were also conducted in connection with this.

The church committee met on 17th February, elected Sri. Sunny D. as the 4th Church Secretary. The Passion Week services in April 2017 was led by Rev. Dr. John Samuel Raj (Principal, United Theological College, Bangalore). The church also contributed to the construction of the new hostel building of the UTC seminary.

The Bible drama by the church members presented in the church day celebrations at the Muhaisnah St. Mary's School on 12th may 2017 was a marvellous experience. Mr. Bipin C.L. served as the convenor of the programme.

The general body met on 25th May 2017 appointed Mr. Russel Chandran as the choir coordinator inorder to strengthen the church choir. His efforts in training the church choir was remarkable. In 2017 June, Rev. D.S. Roy went for annual leave and the church committee requested the diocese to appoint a presbyter for leading the worships and to conduct V.B.S. Thus Rev. Anoop Sam was assigned and he along with his family came and led the V.B.S. as well as other worship services. The V.B.S. conducted from 22nd to 29th June 2017 under the leadership of Rev. Anoop Sam was the first V.B.S. that was conducted according to the syllabus of S.K.D. The ministry of Rev. Anoop Sam and Dr. Jeena J. Bingliv Kochamma was indeed a blessed one. This V.B.S. was inaugurated by Rev. John Roland of C.N.I. Tamil Church, Sharjah.

In 2017 July, a new two bedroom parsonage was taken for rent in Sharjah – Abu Shagara. During this time, cricket practice sessions were also held under C.E.Y.F. by incorporating the church members at Muhaisnah on every friday. The Dubai convention 2017 of the year was held from 24th to 26th October at the Holy Trinity Church. Fr. Joseph Puthenpurakkal graced the occasion by sharing the word of God.

The Christmas and New Year worship services were conducted as typical. The joint committee met on 2nd March 2018 decided to form a WhatsApp Group for the church in the name "C.S.I. S.K.D. Prayer Group" with a view to communicate effectively to the church members all the official announcements of the church. It was implemented shortly.

In the Passion week service on March and the Church anniversary service conducted on 6th April 2018, Rev. T. B. Premjith Kumar (Assistant Professor, History Department, Christian College, Kattakada) attended as chief guest. The term of office of the current bi-annual church committee was over on April 2018. We express thanks to Mr. Sunny D. who led the committee.

In the bi-annual election held on 3rd May 2018, the following members such as Mr. Sunny D., Mr. Alex Prasad, Mr. Shaji D.R., Mr. Austinlal M. Jose, Mr. Binulal C.S., Mr. Rakhesh M.R., Mr. Sherin Benjamin, Mrs. Kusumam Justus, and Mrs. Reeja Russel were elected to the church committee. The church committee met on 4th May, designated Mr. Austinlal M. Jose as the 5th Church Secretary and Mr. Binulal C.S. as the church Accountant.

A website was also registered in the address www.csidubaiskd.com inorder to strengthen the church's impact upon the social media. Mr. Rakhesh led these initiatives.

In the 2008 flood in Kerala, Rs 67,642 was collected through the Karuna Social Service and was donated to the Chief Minister Disaster Relief Fund of Kerala. The Dubai convention 2018 was held from 13th to 15th November. Br. Mariyo Joseph and Mrs. Jiji Mariyo Joseph were the main speakers. From 2014 to 2018, Mr. Shaji. D.R. and family arranged the food, accommodation, and travel of the convention speakers.

The Christmas New Year services of the year were conducted like the previous years. The church anniversary of 2019 and the farewell meeting of Rev. D.S. Roy were held on 25th April 2019. After completing three years of blessed ministry, Rev. D.S. Roy returned to home. In his tenure, the camp prayers were held very active and his ministry along with the kochamma strengthened the fellowship groups of the church. We hereby express thanks to the blessed ministry of presbyter and his family.

Then, Rev. Stephen Joseph (C.S.I. Arattukuzhi) was appointed to the church by the Bishop. Rev. Stephen Joseph and Mrs. Anitha Prabha Kochamma stayed in the parsonage at Abu Shagara from 16th May 2019 and actively involved in the services of the church. Rev. Stephen Joseph started his ministry through leading the V.B.S. of the church which was held from 30th May 2019. Due to the change in the regulations, the priest visa got delayed and hence, Rev. Stephen Joseph and family had to come to Dubai on visiting visa. Moreover, the same visa had to be renewed three times. Hence, as per rules, kochamma could not continue in Dubai and she returned home. But once, Mr. Shaji D.R. offered visiting visa to kochamma. Through the collective prayers of the church and effective interventions of the church committee, the priest visa was granted on 22nd March 2020. Due to the delay in getting priest visa, the rental agreement of the parsonage was drawn in the name of church secretary.

In the Onam celebrations held on 13th September 2019, at the Al Nahda Safrana Building, Mr. Atlas Ramachandran and Mrs. Indira Ramachandran blessed the event as chief guests. He shared motivational insights on overcoming life's challenges and oppressive attitudes. Various cultural programmes by the church members and the Onasadya prepared by the church members supplemented loveliness to the celebrations.

After the Thursday worship 24th October 2019, the general body meeting was conducted. Decisions were made on publishing a souvenir by incorporating the church history from 2006 onwards and the articles of the church members. It was also decided to visit The Holy Land along with the church members. Mr. Alex Prasad, the convenor of the Karuna Social Service, presented a committee structure inorder to improve its activities and it was approved by the general body.

The outbreak of Covid-19 pandemic in China, was understood from the media reports by the end of 2019 itself. The wide spread of the disease generated concern on all people. Within months Covid-19 was reported in UAE as well.

Amidst this crisis, the Thanks giving service of 2020 was conducted on 21st February at the Buds School. Rev. Victor , the presbyter of the Tamil church gave the keynote address

and the presbyters and believers of C.S.I. Tamil churches in Al Ain and Sharjah attended the service. When the Covid-19 pandemic got severe, lockdown was imposed. It was in 12th March 2020, for the last time, people were able to worship inside the church. The lockdown imposed from second week of March, badly impacted the lives of people. From 19th of March, the worship services and fellowships were moved to online platform. Through Zoom meetings, the fellowship groups met twice in a week and prayer fellowships were also conducted. The Thursday common worship at 8 pm was organized via Zoom meeting. These days, it was a blissful experience that the evening prayers were led by different families. In the evening prayer meetings, Bible study in the Gospel of John was conducted systematically.

These days, the short morning meditations through WhatsApp and the auctions started on Wednesdays for the economic progress of the church were a fresh experience. A Bible Quiz based on the Gospel of Luke, was conducted in 2020 in the Zoom Platform, Mrs. Rakhi Shaji secured first prize and Mr. Sunny D. secured second prize. The third prize was shared by Miss Amala Prasad and Mrs. Pramila Vino.

In this lockdown period, under the leadership of Women's Fellowship, a short film by the name "Munnorukkam" was produced. Mrs. Rakhi Shaji led this initiative. Chain Prayer was held on every Friday in the lockdown period. The video visuals of our children presenting psalms and worship portions that they learnt by-heart were uploaded on Church's YouTube channel. The Passion Week services of 2020 were also conducted online. In the month of April, Bishop Most Rt. Rev. A. Dharmaraj Rasalam through telephonic conversation enquired with Presbyter and Church Secretary about the congregation.

The general body held via zoom platform on 5th June 2020 permitted the Church Committee to continue for one more year in view of the unexpected crisis Covid-19 has brought forth. The constitution of the church was expanded by including the suggestions made by the fellowship groups. Vacancies in the church committee were also filled on the same day. Mrs. Tintu Gilbert and Mr. Bipin C.L. joined as new church committee members.

The activists of the children's ministry of C.S.I. Tamil Church, Dubai led this year's V.B.S. from 16th to 20th August 2020. "With God All things are Possible" was the theme for the year. In the Family week Sunday worship held on 17th September 2020, Mrs. Sherly Rasalam Bishopamma shared the Word of God.

The Dubai convention 2020 was held from 24th to 27th August. Fr. Davis Chiramel brought the word of God in the initial two days and Rev. D.S. Anil Kumar of C.S.I. South Kerala Diocese shared good news in the following days. In the convention meetings, the choir members composed and presented songs based on the theme of hope and it was very meaningful in the present circumstances.

The Onam celebrations of 2020 was held on 4th September with Mr. Santhosh George Kulangara (Internationally acclaimed traveller and pride of Malayalees) as the chief guest. Church members pre-recorded their cultural

programmes and presented it during the celebration. Mr. Rakhesh served as the convenor of the programme.

In these difficult times of Covid-19 crisis, presbyters of C.S.I. South Kerala Diocese strengthened our church by giving Biblical meditations through the zoom worships which were held on every Thursday. A Bible Quiz was conducted on May 2021 based on online Bible study on the Gospel of John. In the final held on 17th May, Mr. Sunny D. grabbed the first prize and Mrs. Suja Mani and Mr. Austinlal M. Jose secured second and third prizes respectively.

The prayer meeting in Al Quos was held regularly on second and fourth Saturdays of every month from 8pm to 9 pm. Mr. Joyson served as the convenor of this prayer till 2020. When he returned home, Mr. Christudas served as the convenor.

Amidst restrictions and limitations, it was indeed a blessing that the church was opened for worship for half an hour from January 2021. Nowadays, every Mondays from 7 pm to 7.30 pm, worships are being conducted at the church. The 15th Church Day special service was held at the Holy Trinity Church on 19th April 2021. Mr. Pushpak Gilbert, the Administrative Officer of the Holy Trinity Church attended as chief guest and shared the Word of God. The Church day common worship was held though Zoom platform on 2nd April evening 8 pm. Rt. Rev. Oommen George, Bishop of Kollam-Kottarakara Diocese was the chief guest and delivered the message. This souvenir named **"Kadesh"** that records the history of the past 15 years of our church was released by the Bishop on that auspicious occasion. Former presbyters of the church, Rev. R.S. Suresh Kumar and Rev. Dr. Christal Jayaraj shared felicitations and Rev. D.S. Roy attended the service.

C.S.I. Dubai (S.K.D.) which was established by the great foresight of Most Rev. Dr. J.W. Gladstone, serves as an instrument for the last 15 years for the migrant community of South Kerala Diocese in Dubai, to experience Christian fraternity and to remain as community of people of God. Also to experience collective providence and blessings through this congregation. Though there were leaps and bounds in the journey of the church, the God Almighty has led us through the pillar of cloud in the day and pillar of fire in the night. In the Kadesh experience (Deuteronomy 1) God has blessed us by giving fresh rays of hope. In these times of crisis, where the world is struck with fear of the Covid-19 pandemic, through this souvenir, we wish and pray that may the church be able to move forward in unity in the hope of resurrection.

Let us endure in our journey forward by recalling God's word, "I planted, Apollos watered, but God gave the growth. So neither the one who plants nor the one who waters is anything, but only God who gives the growth" (1 Corinthians 3: 6-7).

The church history put together by :
Mr. Sunny D., Mr. Binulal C.S., Rev. Stephen Joseph, Mr. Austinlal M. Jose, Mr. Alex Prasad

# REMINISCENCE





































# REMINISCENCE




جيه جيه بي للمقاولات (ش.ذ.م.م)

JJB

**JJB Contracting L.L.C**


PO Box 242490, Dubai, UAE

+971 433 930 43 | +971 524 858 000

jjbcontracting@gmail.com
info@jjbcontractingllc.com

+971 427 176 07


www.jjbcontractingllc.com



**Construction of Villas and Warehouse, Swimming pool, Interior decoration, plumbing and electrical works.**



# ക്രിസ്തുവിലൂടെയുള്ള ആതുരശുശ്രൂഷ



ശ്രീമതി. പ്രിയാ പ്രവീൺ

''നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു''

ഇങ്ങനെ നമ്മെ അറിയുന്ന ദൈവമാണ് നമ്മെ ആതുര ശുശ്രൂഷയ്ക്കായി തിരെഞ്ഞെടുക്കുന്നതും. അതുകൊണ്ട് റോമർ 15:1-ൽ പറയുന്നതുപോലെ ''എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കുകയും വേണം.'' അശക്തരും ബലഹീനരുമായ ഓരോ രോഗികളേയും സ്നേഹത്തോടും കരുതലോടും ശുശ്രൂഷിക്കുവാൻ നമുക്ക് ഓരോരുത്തർക്കും കഴിയട്ടെ.

മത്തായി 25:36-ൽ പറയുന്നു, ''ഞാൻ രോഗിയായിരുന്നു, നിങ്ങളോ എന്നെ കാണാൻ വന്നു''. നാം ഓരോ ദിവസവും എത്രയെത്ര രോഗികളെയാണ് കാണുന്നതും ശുശ്രൂഷിക്കുന്നതും. കർത്താവിനെ ആരാധിക്കുകയും സ്നേഹിക്കുയും ചെയ്യുന്ന നാം എല്ലാ രോഗികളേയും കർത്താവിനെ ശുശ്രൂഷിക്കുന്ന വിചാരത്തോടെ പരിചരിക്കുവാൻ കടപ്പെട്ടവരാണ്.

സദൃശ്യവാക്യങ്ങൾ 16:24, ''ഇമ്പമുള്ള വാക്ക് തേൻ കട്ടയാകുന്നു. മനസ്സിന് മധുരവും അസ്ഥികൾക്ക് ഔഷധവും തന്നെ.'' ക്ഷീണാവസ്ഥയിൽ കഴിയുന്ന ഓരോ വ്യക്തികളോടും സ്നേഹത്തോടെയുള്ള പെരുമാറ്റവും സംസാരവും അവർക്ക് ഒരു മരുന്നുതന്നെയാണ്. വളരെ വിഷമത്തിൽ കഴിയുന്ന രോഗികളോട് ആശ്വാസവും പ്രതീക്ഷയും നൽകുന്ന വാക്കുകൾ പറയുവാൻ നമുക്കു കഴിയട്ടെ. ഓരോ ദിവസങ്ങളിലും മരുന്നു കൊടുക്കുന്നതും കൂടാതെ അവരോട് സ്നേഹത്തോടെ ആശ്വാസം നൽകുന്ന വാക്കുകൾ സംസാരിക്കുവാനും നമുക്കു കഴിയട്ടെ.

ചിലപ്പോഴെങ്കിലും നമ്മൾ മനസ്സു തകരുന്ന വേദനയോടെ ജോലിക്ക് പോകുന്നവരാണ്. എന്നാൽ ആ ദിവസം നാം ശുശ്രൂഷിക്കുന്ന രോഗികളുടെ രോഗ അവസ്ഥയും അവരുടെ മാനസിക ബുദ്ധിമുട്ടുകളും ജീവൻ നഷ്ടപ്പെട്ടവരെ ഓർത്ത് വേദനിക്കുന്ന കുടുംബങ്ങളെയും ഒക്കെ കാണുമ്പോൾ ഓർത്തുപോകും നമ്മുടെ സങ്കടങ്ങൾ എത്രയോ ചെറുതെന്ന്.

ഈ കോവിഡ് കാലത്ത് ഓരോ ആതുര ശുശ്രൂഷകരുടേയും സേവനം ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ടതാണ്. ഓരോരുത്തരും സ്വന്തം ജീവൻ വകവയ്ക്കാതെയാണ് ആ രോഗികളെ ശുശ്രൂഷിച്ചത്. രോഗികളെ പരിചരിക്കുമ്പോൾ തങ്ങൾക്കും തങ്ങൾ കാരണം കുടുംബാംഗങ്ങൾക്കും ഈ മഹാമാരി വരുമോ എന്ന ഭയത്തോടെയാണ് ഓരോരുത്തരും കഴിയുന്നത്. എത്രയോ ആതുരശുശ്രൂഷകർക്ക് തങ്ങളുടെ ജീവൻ നഷ്ടമായി. ഈ സമയം നിപ്പാ വൈറസ് ബാധകാരണം മരണപ്പെട്ട ലിനി എന്ന സഹോദരിയെ ഓർക്കാതിരിക്കാൻ കഴിയുന്നില്ല. മരണം അടുത്തെത്തി എന്നറിഞ്ഞിട്ടും സ്വന്തം ഭർത്താവിന്റെയും കുട്ടികളുടെയും രക്ഷയെ കരുതി ഒരു നോക്ക് അവസാനമായി കാണാനുള്ള ആഗ്രഹം പോലും മനസ്സിലൊതുക്കി മരണം വരിച്ച ലിനി നമുക്ക് ഓരോരുത്തർക്കും മാതൃകയാണ്.

ആതുര ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന ഓരോരുത്തരും മറ്റുള്ളവരുടെ പലവിധ സഹനങ്ങളും വേദനകളും കാണേണ്ടിവരുന്നവരാണ്.

നല്ല ആരോഗ്യത്തോടെ സമ്പന്നതയിൽ ഇന്നലെ വരെ കഴിഞ്ഞവർക്കാണ് ജീവൻ നഷ്ടപ്പെടുന്നത്. മാരകമായ അസുഖങ്ങൾ വന്നവരുടെ സഹനങ്ങൾ, നോക്കി നിൽക്കേ എത്രയോ പേരുടെ ജീവൻ നഷ്ടമാകുന്നത്. പ്രായ ഭേദമെന്യേ വേദനകളാൽ കഴിയുന്നവരുടെ കണ്ണുനീർ കാണേണ്ടി വരുന്നത്, കുടുംബത്തിന്റെ കൈത്താങ്ങായവർ ഒന്നിനും കഴിയാതെ കൈകാലുകൾ തളർന്ന് കിടപ്പു രോഗികൾ ആകുന്നത്, അമ്മയപ്പന്മാരുടേയും സഹോദരങ്ങളുടേയും മക്കളുടേയും പ്രായത്തിലുള്ളവർ കഠിനവേദനയിൽ കഷ്ടപ്പെടുന്നത്, ഇതൊക്കെ കാണുമ്പോൾ മനസ് വല്ലാതെ വേദനിക്കും.

ആ സമയം സഹനങ്ങളിലൂടെ ജയാളിയായ നമ്മുടെ കർത്താവിനെ നമുക്ക് കാണാൻ കഴിയട്ടെ. ആ കർത്താവിൽ ആശ്രയിച്ച് ഓരോ രോഗികളേയും ശുശ്രൂഷിക്കാൻ കർത്താവ് നമുക്ക് കരുത്ത് നൽകട്ടെ.

സ്വർഗ്ഗത്തിലെ മാലാഖമാർ കർത്താവിനെ ശുശ്രൂഷിക്കുന്നവരും സന്തോഷവതികളുമാണ്....

ഭൂമിയിലെ മാലാഖ എന്നു വിളിക്കപ്പെടുന്ന നേഴ്സ് ആയതിനാൽ ഞാൻ അഭിമാനിക്കുന്നു. ഒപ്പം ഭൂമിയിലെ ഓരോ മാലാഖമാർക്കും കർത്താവിനെ എന്നപോലെ രോഗികളെ ശുശ്രൂഷിക്കാൻ കഴിയട്ടേ എന്ന് പ്രാർത്ഥിക്കുന്നു.



# ദർശനങ്ങളിലെ പുതിയനിയമം

ശ്രീമതി. അനിഷ്ക എസ്. പി.

നിശബ്ദമായി ഒഴുകുന്ന ഒരു കുഞ്ഞരുവിയിലേയ്ക്ക് ഒരു ഇല പതിക്കുന്ന ലാഘവത്തോടെ ആയിരിക്കണം ഓരോ അഭിഷിക്തന്റെയും ഹൃദയത്തിലേയ്ക്ക് ദൈവം ദർശനങ്ങളെ പകർന്നു നൽകിയത്. ഓരോ ഉറക്കവും നിബ്ദതയിലേക്ക് വഴുതുന്ന യാമങ്ങൾ കാത്ത് ദൈവദൂതൻമാർ ഉറക്കമിളച്ചിട്ടുണ്ടാവണം.

യഹോവയായ ദൈവത്തിന്റെ ഓരോ പദ്ധതികളും മനുഷ്യരിലേയ്ക്ക് എത്തിയിട്ടുള്ളത് എക്കാലത്തും ദൈവീക ദർശനങ്ങളിലൂടെയാണ്. രണ്ടു തരത്തിലുള്ള ദർശനങ്ങളാണ് ബൈബിളിൽ ഉടനീളം കാണാൻ കഴിയുന്നത്. യഹോവയായ ദൈവത്തിന്റെ ശബ്ദം നേരിട്ട് കേൾക്കാൻ സാധിച്ചവരും, ദൈവം മാലാഖമാരിലൂടെ അല്ലെങ്കിൽ സ്വപ്നങ്ങളിലൂടെ സന്ദേശങ്ങൾ കൈമാറിയവരും ഉണ്ട്.

യഹോവ ആദമിനോട് ദിവസവും സൗഹൃദ സംഭാഷണം നടത്തിയിരുന്നതായി വേദപുസ്തകം പറയുന്നു. മനുഷ്യനെ ഏദൻ തോട്ടത്തിൽ നിന്നും പുറത്താക്കിയതിനു ശേഷവും മനുഷ്യരോട് പലപ്പോഴായി സംസാരിക്കുകയും, പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നുണ്ട്. അബ്രഹാമിനെ വിളിക്കുന്നത് മുതൽ, പുതിയ നിയമം അവസാനിക്കുന്ന യോഹന്നാന് ഉണ്ടായ വെളിപ്പാട് വരെ എല്ലാം ദർശനങ്ങളിലൂടെയാണ് ദൈവപദ്ധതികൾ മനുഷ്യന് വെളിവായിട്ടുള്ളത്. നോഹ, മോശ, യോന, യിരെമ്യാവ്, ശമൂവേൽ തുടങ്ങി മറ്റെല്ലാ പ്രവാചകന്മാരോടും പല പ്രാവശ്യം ദൈവം സംസാരിക്കുന്നതായി പഴയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പുതിയ നിയമത്തിലെ ആദ്യ ദർശനം യോസേഫിന് ലഭിച്ചതായി വിശുദ്ധ മത്തായിയും, സെഖര്യാവിന് ലഭിച്ചതായി വിശുദ്ധ ലൂക്കോസും വ്യക്തമാക്കുന്നു. "നീ എന്റെ പ്രിയ പുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന വാക്യമാണ് വിശുദ്ധ മർക്കോസ് എഴുതിയിരിക്കുന്ന ആദ്യ ദർശനം അഥവാ ദൈവത്തിൽ നിന്ന് നേരിട്ടുള്ള ശബ്ദം. സ്നാപക യോഹന്നാൻ മുഖേന യേശുക്രിസ്തു വെള്ളത്തിൽ സ്നാനം സ്വീകരിക്കുന്ന സമയത്താണ് ഈ അരുളപ്പാട് സ്വർഗ്ഗത്തിൽ നിന്നും ഉണ്ടാകുന്നത്. യേശു ക്രിസ്തുവിന്റെ ജനന സമയത്ത് ദർശനം ലഭിച്ചവരാണ് ആട്ടിടയരും, കിഴക്കു നിന്ന് എത്തിയ പണ്ഡിതന്മാരും. പിന്നെ പുതിയ നിയമത്തിൽ കാണുന്നത് തന്റെ പിതാവുമായി പല തവണ വാക്ക് സമ്പർക്കം പുലർത്തുന്ന യേശു ക്രിസ്തുവിനെ ആണ്.

പുതിയ നിയമം എന്നത് പലപ്പോഴും യഹോവയായ ദൈവം മോശെ മുഖേന മനുഷ്യന് നൽകിയ നിയമങ്ങളുടെ പുതിയൊരു പതിപ്പ് ആയി വ്യാഖ്യാനിക്കപ്പെടാറുണ്ട്. പകരത്തിനു പകരമായി യുദ്ധങ്ങളും, രക്തയാഗങ്ങളും നിറഞ്ഞു നിന്ന പഴയ നിയമ കാലഘട്ടത്തിൽ നിന്നും കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുവാനും, പാപിയെ സ്നേഹിച്ച് പാപത്തെ വെറുക്കുവാനും പുതിയ നിയമത്തിലൂടെ യേശു ക്രിസ്തു പഠിപ്പിക്കുന്നു. യേശുക്രിസ്തുവിന് പിതാവായ ദൈവം നൽകിയ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ നിന്നു കൊണ്ടു മാത്രമാണ് സുവിശേഷങ്ങളിൽ ഉടനീളം യേശു ക്രിസ്തു സംസാരിക്കുന്നതും പഠിപ്പിക്കുന്നതും.



യിസ്രായേലിന്റെ കാണാതെ പോയ ആടുകളിലേക്കല്ലാതെ പിതാവ് എന്നെ അയച്ചിട്ടില്ല എന്നും, മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് കൊടുക്കുന്നത് നന്നല്ല എന്നും ഒരു വേളയിൽ യേശുക്രിസ്തു പ്രസ്താവിക്കുന്നുണ്ടെങ്കിലും, ഈ ലോക പാപങ്ങൾക്കായി ക്രൂശിൽ മരിച്ച്, മൂന്നാം നാൾ ഉയിർത്ത് ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്ന യേശു, ശിഷ്യന്മാരെ ഈ ഭൂമിയുടെ നാലു ദിക്കുകളിലേക്കും അയക്കുന്നു. ഈ ലോക മാനവരാശിയെ മുഴുവൻ ശിഷ്യരാക്കികൊൾവാൻ പഠിപ്പിക്കുന്നു. യഹോവയായ ദൈവം യേശു ക്രിസ്തുവിന് നൽകുന്ന മറ്റൊരു ദർശനമായി ഇതിനെ കണക്കാക്കാവുന്നതാണ്.

യഹോവയായ ദൈവം സൃഷ്ടിച്ച ഒന്നിനെയും അശുദ്ധം എന്ന് പറയരുതെന്ന് വിശുദ്ധ പത്രോസ് അപ്പോസ്തലനെ ദൈവം ഒരു ദർശനത്തിലൂടെ അറിയിക്കുന്നു. തുടർന്ന് വിശുദ്ധ പത്രോസ് അപ്പോസ്തലൻ യഹൂദർ അല്ലാത്ത പുറം ജാതിക്കാരുടെ അടുക്കൽ പോകുകയും, അവരോട് യേശു ക്രിസ്തുവിന്റെ നന്മയുടെയും, വിടുതലിന്റെയും സുവിശേഷം അറിയിക്കുകയും ചെയ്യുന്നു. ഈ ഭൂമി മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഹോമോസാപ്യൻസ് എന്ന് ശാസ്ത്രലോകം വിളിക്കുന്ന ഏതൊരു ജീവിയെയും ജാതി-മത-ഭാഷാ-വർഗ്ഗ-രാജ്യ ഭേദമില്ലാതെ സ്നേഹിക്കണമെന്നും, ദൈവസ്നേഹം ക്രിസ്ത്യാനികളെന്ന് അന്ന് അവകാശപ്പെട്ടിരുന്ന യേശു ക്രിസ്തുവിന്റെ ശിഷ്യന്മാരിലൂടെ ഈ ലോക ജനത മുഴുവൻ അറിയണമെന്നും, സഭാ ശിഷ്യന്മാരെ പഠിപ്പിച്ചതും, അവരെ അതിനായി ഒരുക്കിയതും വിശുദ്ധ പത്രോസ് ആണ്.

യേശു ക്രിസ്തുവിന്റെ ശിഷ്യന്മാരെയും, അവരെ കേൾക്കുന്നവരെയും നിരന്തരം പീഡിപ്പിച്ചിരുന്ന ശൗലിനെ ദൈവം പേർ വിളിച്ച് തന്റെ വേലക്കായി ചേർക്കുന്നു. ദിവ്യ വെളിച്ചത്തിന്റെ പ്രഭാവത്താൽ 3 ദിവസം കണ്ണു കാണാതിരുന്ന ശൗലിനെ അനന്യാസ് പ്രാർത്ഥനയിലൂടെ സൗഖ്യപ്പെടുത്തുന്നു. അനന്യാസ് ശൗലിന്റെ അടുക്കലേക്ക് പോകുന്നത് ഒരു ദൈവീക ദർശനത്തിന്റെ അടിസ്ഥാനത്തിൽ ആണ്. തുടർന്ന് ശൗൽ പൗലോസ് എന്ന പേർ സ്വീകരിക്കുകയും, ലോകമെമ്പാടും യേശു ക്രിസ്തുവിന്റെ നാമം ഉദ്ഘോഷിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുകയും ചെയ്യുന്നു. യേശു ക്രിസ്തുവിന്റെ ശിഷ്യന്മാർ സ്ഥാപിച്ച പല സഭകൾക്കും ദൈവീക ദർശനങ്ങൾ പകർന്നു നൽകിയ വിശുദ്ധ പൗലോസിന്റെ എഴുത്തുകൾ അതുപോലെ തന്നെ പുതിയ നിയമത്തിൽ ചേർത്തിട്ടുണ്ട്. വീണ്ടും പല പ്രാവശ്യം യേശു ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് ദൈവീക ദർശനം ഉണ്ടായതായും, അവർ അതിനനുസരിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുകയും, ദൈവപ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തതായും പുതിയ നിയമം സാക്ഷ്യപ്പെടുത്തുന്നു.

ദൈവത്തിന്റെ ഭാവി പദ്ധതികളും, സ്വർഗ്ഗവും നരകവും എല്ലാം വിശദീകരിക്കുന്ന ഒന്നാണ് വിശുദ്ധ യോഹന്നാന് ഉണ്ടായ വെളിപ്പാട് പുസ്തകം. ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ മനുഷ്യ അവതാരത്തിനു ശേഷം ഒരു പ്രവാചകനെയും ഇനി ഭൂമിയിലേയ്ക്ക് അയക്കില്ല എന്ന് വെളിപ്പാട് പുസ്തകം പറയുന്നു. സ്വർഗ്ഗവും നരകവും മനുഷ്യനായി ഉണ്ടാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനി ഒരു ദൈവപുത്രനോ പ്രവാചകനോ അസാധ്യം ആയിരിക്കുന്നു. എന്നിരുന്നാലും ദൈവവചനത്തിൽ വിശ്വസിക്കുന്നവരിലൂടെ ദൈവവചനവും പ്രവൃത്തികളും ഇന്നും ഈ ലോകം അറിഞ്ഞുകൊണ്ടേയിരിക്കുന്നു.

ദൈവത്തിന്റെ തിരഞ്ഞെടുപ്പുകൾ ഒരിക്കലും തന്നെ മനുഷ്യർ കരുതിയ പോലെ ആയിരുന്നില്ല. ഓരോ അഭിഷിക്തന്റെയും കഥ വായിച്ചാൽ അത് നമുക്ക് മനസ്സിലാകും. ഇക്കാരണം കൊണ്ടു തന്നെ ദൈവീക ദർശനം ലഭിച്ചു എന്ന് അവകാശപ്പെട്ട് മുന്നോട്ട് വരുന്നവർക്ക് മുൻപ് ദർശനങ്ങൾ ലഭിച്ചവരിൽ നിന്നോ മുൻപ് ദൈവീക ദർശനങ്ങൾ ലഭിച്ചവരെ വിശ്വസിക്കുന്നവരിൽ നിന്നോ ഒരിക്കലും പിന്തുണ ലഭിച്ചിട്ടില്ല. ഒരുപക്ഷേ കള്ള പ്രവാചകന്മാരെ കുറിച്ചുള്ള ബൈബിൾ വാക്യങ്ങൾ തന്നെയാകാം ഈ അവിശ്വാസത്തിന് കാരണം. യേശു ക്രിസ്തുവിനു പോലും ദൈവത്തിന്റെ സ്വന്തജനം എന്ന് അവകാശപ്പെട്ടിരുന്ന യഹൂദരിൽ നിന്ന് നേരിടേണ്ടി വന്നത് കുരിശു മരണമാണ്. പക്ഷേ അതും ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണം ആണെന്ന് ഈ ലോകം മനസ്സിലാക്കിയത് വളരെ വർഷങ്ങൾക്ക് ശേഷം ആണ്. യേശു ക്രിസ്തുവിന്റെ ശിഷ്യന്മാരുടെയും അനുഭവം കൊടിയ പീഡനങ്ങളും, ജയിലും, കുരിശും ഒക്കെ ആയിരുന്നു. യഹോവയായ ദൈവത്തിന്റെ ഒരു പ്രവാചകൻ മാത്രമായിരുന്നു യേശു ക്രിസ്തു എന്നും. യേശു ക്രിസ്തുവിനെ ദൈവമായോ, ദൈവപുത്രനായോ അംഗീകരിക്കേണ്ടതില്ലെന്ന് വിശ്വസിക്കുന്നവരും കുറവല്ല.



വേദപുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള അഭിഷിക്തർ ഒക്കെയും ഈ ഭൂമിയിലെ ഒരു പ്രത്യേക പ്രദേശത്ത് വസിച്ചിരുന്നവർ മാത്രമാണ്. അതായത് ഇന്നത്തെ ഇസ്രായേൽ, പാലസ്തീൻ, ജോർദ്ദാൻ, ഈജിപ്ത്, റോം തുടങ്ങിയ പ്രദേശങ്ങൾ. ഇവ അല്ലാതെ ദൈവീക ദർശനം ലഭിച്ച എത്രയെങ്കിലും അഭിഷിക്തർ ഈ ഭൂമിയിലൂടെ പല ഭാഗങ്ങളിൽ, പല കാലഘട്ടങ്ങളിൽ, ഗുഹാ മനുഷ്യരോട് ഉൾപ്പെടെ ദൈവവചന പ്രഘോഷണം നടത്തിയിട്ടുണ്ടാവണം. നാഗരികതയുടെ എഴുത്തുകളിൽപ്പെടാത്ത എത്രയെങ്കിലും പ്രവാചകന്മാരെ ദൈവം ഭൂമിയിലേയ്ക്ക് അയച്ചിട്ടുണ്ടാവും. അവർക്കൊക്കെ എത്രമാത്രം ദർശനങ്ങൾ യഹോവയായ ദൈവം നൽകിയിട്ടുണ്ടാവും.

ഒരു നിമിഷത്തിന്റെ നൂറിലൊരംശം സമയം കൊണ്ട് നമ്മുടെ മനസിലൂടെ മിന്നിമായുന്ന പല ചിന്തകളെയും സ്വാംശീകരിച്ച്, ക്രോഡീകരിച്ച് മനുഷ്യരാശിയുടെ പലവിധമുള്ള നന്മയ്ക്കായി വികസിപ്പിച്ചെടുക്കുന്ന ഏതൊരു ആശയത്തെയും നമുക്ക് ദർശനം എന്ന വാക്കുകൊണ്ട് സൂചിപ്പിക്കാവുന്നതാണ്. ഈ ദർശനങ്ങളുടെ നടത്തിപ്പുമായി മുന്നോട്ട് പോകുന്തോറും, ഒരു മനുഷ്യന് അവന്റെ ഇഷ്ടപ്രകാരം ക്രമീകരിച്ചിട്ടുള്ള നിലകൊണ്ടിട്ടുള്ള ഏതൊരു വ്യക്തിയുടെയും സ്വകാര്യ ജീവിതം പരിശോധിച്ചാൽ ഇത് സത്യമാണെന്ന് മനസ്സിലാക്കാം.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, മനുഷ്യൻ ശാസ്ത്രീയമായി ഏറ്റവും കൂടുതൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ദൈവീക ദർശനം ലഭിച്ചു എന്ന് അവകാശപ്പെട്ട് സമൂഹത്തിന്റെ മുന്നിൽ വരുന്നവരെ നാം എത്രത്തോളം വിശ്വസിക്കുന്നുണ്ടെന്ന് മേൽ പറഞ്ഞ ചിന്തകളുടെ അടിസ്ഥാനത്തിൽ നാം ചിന്തിക്കണം. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്ന് ദൈവ വചനം പറയുന്നു.






അനിഷ്ക എസ്. പി
ഫിസിയോതെറാപ്പിസ്റ്റ്
ബുർജീൽ റോയൽ ഹോസ്പിറ്റൽ, അൽ ഐൻ

2020 - ലെ
"Best Team Player
Employee of the Year"
കരസ്ഥമാക്കി
CONGRATULATIONS!





# സ്നേഹത്തിന്റെ സംരക്ഷണം

ശ്രീമതി. ജിനി എസ്. ജോൺ

ഒരിക്കൽ കുറച്ച് പരീശന്മാർ യേശു കർത്താവിന്റെ അരികിൽ ഒന്നിച്ചു കൂടി. അവരിൽ ഒരു പരീശൻ കർത്താവിനോട് ചോദിച്ചു- ''ഗുരോ, ന്യായപ്രമാണത്തിൽ ഏത് കല്പന വലിയത് ? '' യേശു കർത്താവ് അതിനു മറുപടി പറഞ്ഞത് ഇപ്രകാരമാണ്. ''നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം: കൂട്ടുകാരനെ നിന്നെ പോലെ തന്നെ സ്നേഹിക്കേണം. ഈ രണ്ട് കല്പനകളിൽ സകല ന്യായപ്രമാണവും, പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു.''( മത്തായി 22:35-40). യേശു കർത്താവിന്റെ ഈ വാക്കുകൾ യഹോവയായ ദൈവം തന്റെ ജനമായ യിസ്രായേലിനോടും അരുളി ചെയ്ത വാക്കുകൾ ആണെന്ന് (ആവർത്തനം 6:5, ലേവ്യ പുസ്തകം 19:18) പഴയ നിയമത്തിൽ കാണുവാൻ സാധിക്കും. നമുക്ക് ഏവർക്കും സുപരിചിതമായ വാക്യങ്ങളെങ്കിലും അതിൽ നിലകൊള്ളുന്ന പ്രമാണങ്ങൾ നമ്മൾ പലപ്പോഴും ആഴമായി ചിന്തിക്കാറില്ല എന്നത് അന്നും ഇന്നും വാസ്തവമായി നിലകൊള്ളുന്നു.

പഴയനിയമ കാലഘട്ടത്തിൽ യഹോവയായ ദൈവം സീനായ് പർവ്വതത്തിൽ വച്ച് മോശെ മുഖാന്തരം യിസ്രായേൽ ജനങ്ങൾക്ക് പത്ത് കല്പനകൾ കൊടുത്തത് നമുക്ക് അറിയാമല്ലോ ( പുറപ്പാട് 20:1-17). ന്യായപ്രമാണത്തിന് കീഴിലുള്ള ജീവിതമാണ് അന്ന് പ്രായോഗികമായി കണകാക്കപ്പെട്ടിരുന്നത്. ഓരോ ഭാഗങ്ങൾ പഴയനിയമത്തിൽ നാം ശ്രദ്ധയോടെ വായിക്കുമ്പോൾ യഹോവയായ ദൈവത്തെ ഭയത്തോടെയാണ് ജനങ്ങൾ വീക്ഷിച്ചിരുന്നത് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. സ്വതന്ത്രമായി ദൈവത്തിന്റെ അരികിലേയ്ക്ക് വരിക അസാധ്യമായിരുന്നു. കാരണം യഹോവയായ ദൈവം അതിവിശുദ്ധി ആഗ്രഹിച്ചിരുന്നു. തന്റെ ജനത്തിന് ആവശ്യമായ പ്രമാണങ്ങൾ ദൈവം തെരഞ്ഞെടുത്തവർ വഴി ദർശനങ്ങളിലൂടെയും, സ്വപ്നങ്ങളിലൂടെയും അറിയിച്ചിരുന്നു. തുടർന്ന് കാലഘട്ടങ്ങൾ സഞ്ചരിക്കവേ പ്രവാചകന്മാരിൽ ചിലരിൽ ദൈവം വരുവാനുള്ള പുതിയ നിയമത്തിന്റെ അടയാളമായ ക്രിസ്തുവിനെ വെളിപ്പെടുത്തി. യേശു കർത്താവിന്റെ ആഗമനത്തിൽ യഹോവയായ ദൈവം പഴയ നിയമത്തിൽ പ്രതിപാദിച്ചിരുന്ന ന്യായപ്രമാണത്തിന് ഒരു പുതിയ രൂപം കൊടുക്കുകയാണുണ്ടായത്. യോഹന്നാൻ 4:24 -ൽ യേശു കർത്താവ് അത് വ്യക്തമാക്കുന്നു. മുന്നേ പ്രവാചകൻമാർ ദർശിച്ചിരുന്ന ''പുതിയ നിയമം'' മനുഷ്യനായി അവതരിച്ച് മനുഷ്യകുലത്തിന് ഒരു പുത്തൻ അനുഭവം പകരാനായി ഈ ലോകത്തിലേയ്ക്ക് പാപികളായ നമുക്കു വേണ്ടി അയക്കപ്പെട്ടു. ''ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി; പഴയതു കഴിഞ്ഞു പോയി'' എന്ന് പൗലോസ് (2 കൊരിന്ത്യർ 5:17)പറയുന്നത് ഈ പുതിയ അനുഭവത്തെ കുറിച്ചാണ്. സുവിശേഷങ്ങളിൽ യേശു കർത്താവിന്റെ വാക്കുകളെ ശ്രദ്ധിച്ചാൽ, യഹോവയായ ദൈവം പാപികളായ നമ്മളെ എത്ര മാത്രം സ്നേഹിക്കുന്നുവെന്നും, ആ സ്നേഹത്തിന്റെ അവകാശികളാകാൻ നാം ദൈവപുത്രനെ വിശ്വസിക്കണമെന്നും കാണുവാൻ സാധിക്കും. അതോടൊപ്പം യേശു കർത്താവിന്റെ വാക്കുകളെ ശ്രദ്ധയോടെ അനുസരിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. യേശു കർത്താവിന്റെ ശുശ്രൂഷാ രീതികൾ മനുഷ്യ മനസ്സുകളെ ഇന്നും ആകർഷിക്കുന്ന ഒരു ഘടകം തന്നെയാണ്. ഉപമകൾ വഴി ആഴമേറിയ സത്യങ്ങളെയും ദൈവ സ്നേഹത്തെയും പ്രധാന അടിസ്ഥാന മൂല്യങ്ങളെയും മനുഷ്യ മനസ്സുകളിലേയ്ക്ക് എത്തിച്ച്, നമ്മുടെ ചിന്തകൾക്ക് ഉടനീളം ഒരു മാറ്റം വരുത്തുവാൻ കർത്താവിന്റെ വാക്കുകൾക്ക് സാധിക്കുന്നു.

കർത്താവ് ജനങ്ങളോട് അറിയിച്ച സത്യങ്ങളിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണ് മത്തായി സുവിശേഷത്തിൽ കണ്ടത്. ഇതേ വസ്തുത മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിലും വെളിപ്പെടുത്തിയിരിക്കുന്നു ( മർക്കോസ് 12:28-34, ലൂക്കോസ് 10:25-28, യോഹന്നാൻ 13:34-35 ). യഹോവയായ ദൈവം നമ്മിൽ നിന്ന് എന്ത് ആഗ്രഹിക്കുന്നു എന്നത് വളരെ ലളിതമായ ഭാഷയിൽ യേശു കർത്താവ് ജനങ്ങളിലേയ്ക്ക് എത്തിക്കുകയാണ് ചെയ്തത്. ആ വാക്കുകളിൽ നിറഞ്ഞിരിക്കുന്ന സത്യവും സ്നേഹവും മുഖേനയാവണം ജനങ്ങൾ യേശുവിന്റെ മുന്നിൽ കൂടിവന്നത്. ഗ്രഹിക്കാൻ ആഴമേറിയതും എന്നാൽ വിശാലമായതുമായ ഒരു വലിയ സത്യത്തിന്റെ കവാടം നമ്മിലേയ്ക്ക് യേശു കർത്താവ് തുറന്നു തന്നു. ന്യായപ്രമാണത്തിന്റെ യഥാർത്ഥ ഉള്ളടക്കം ഈ പുതു നിയമങ്ങൾ ആണെന്നും ( മത്തായി 22:40), ഇത് അനുഷ്ഠിക്കുക വഴി നാം ന്യായപ്രമാണത്തെ മുഴുവനായി അനുസരിക്കുന്നുവെന്നും ബൈബിളിൽ വ്യക്തമാക്കുന്നു. (റോമർ 13:8).

ഈ കല്പനകളിൽ യേശുകർത്താവ് രണ്ട് കാര്യങ്ങളെ ചൂണ്ടി കാണിക്കുന്നു. ഒന്നാമതായി ദൈവത്തെ നാം പൂർണ്ണമായ് സ്നേഹിക്കണം. രണ്ടാമതായി നാം നമ്മുടെ കൂട്ടുകാരെ നമ്മെ പോലെ സ്നേഹിക്കണം. മറ്റാരെക്കാളും, എന്തിനെക്കാളും ദൈവത്തിന് നമ്മുടെ സ്നേഹത്തിന് അർഹതയുണ്ട് എന്നത് മനുഷ്യർ കാലക്രമേണ മറന്നു പോകുന്നു. വളരുന്ന യുഗത്തിന്റെ വൈവിധ്യമാർന്ന സാങ്കേതിക-ശാസ്ത്രീയ മേഖലകളെ ആശ്രയിക്കുന്ന

മനുഷ്യർ, ഇന്ന് ജീവിതത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ പരിണമിപ്പിക്കുന്നതായി നമുക്ക് ചുറ്റും കാണുവാൻ സാധിക്കും. മനുഷ്യന്റെ സർവ്വ ബലഹീനതകളെയും അംഗീകരിച്ച്, നാം എങ്ങനെ ആയിരിക്കുന്നുവോ, ആ വിധത്തിൽ തന്നെ നമ്മെ സ്നേഹിക്കുന്ന ഒരു സൃഷ്ടികർത്താവ് നമുക്ക് ഉണ്ട് എന്നത് പലപ്പോഴും വിസ്മരിക്കുന്നു. നമുക്കുവേണ്ടി സഹിച്ച വേദനകളെ ഓർക്കുവാനോ, ആ പീഢകളുടെ ആഴത്തെ ഓർക്കുവാനോ, പാപത്തിന്റെ ക്രൂരമായ കരങ്ങളിൽ നിന്ന് നമ്മെ മോചിപ്പിച്ച് സ്വതന്ത്രരാക്കിയത് സ്മരിക്കുവാനോ, മനസ്സാക്ഷിയില്ലാത്ത സൃഷ്ടികളായി മനുഷ്യർ മാറാറുണ്ട്. യഹോവയായ ദൈവത്തിനെ സ്നേഹിക്കുക എന്നതാണ് നമ്മുടെ ജീവിതത്തിന്റെ പ്രധാന ഉദ്ദേശങ്ങളിൽ ഒന്ന്. നാം ആ സൃഷ്ടാവായ ദൈവത്തെ ആത്മാർത്ഥമായി അന്വേഷിച്ചാൽ കണ്ടെത്തുക തന്നെ ചെയ്യും. സ്നേഹത്തിന്റെ യഥാർത്ഥ മനോഭാവം നമ്മിൽ ഒരു പുത്തൻ അനുഭവം പകരുക തന്നെ ചെയ്യും. യേശു കർത്താവിന് ജീവിതത്തിൽ സ്ഥാനം കൊടുക്കുക വഴി നമ്മിൽ യേശു കർത്താവിന്റെ ക്രൂശിലെ സ്നേഹം വെളിപ്പെടുന്നു. 1 യോഹന്നാൻ 5:3-ൽ പറയുന്നത് "അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം. അവന്റെ കല്പനകൾ ഭാരമുള്ളവയല്ല." യേശു കർത്താവിന്റെ വാക്കുകളെ അനുസരിക്കയും, അംഗീകരിക്കുകയും ചെയ്യുമ്പോൾ നമുക്ക് ദൈവത്തോടുള്ള സ്നേഹവും ദൈവത്തിന് നമ്മോടുള്ള സ്നേഹവും വെളിപ്പെടുത്താൻ സാധിക്കുന്നു. മനുഷ്യനെ സ്വന്തം സാദൃശ്യത്തിൽ ദൈവം സൃഷ്ടിച്ചു എന്നത് നമുക്ക് അറിയാമല്ലോ! (ഉല്പത്തി 1:27) ദൈവം സ്നേഹമാണ്. ആയതിനാൽ താൻ സൃഷ്ടിച്ച മനുഷ്യരും സ്നേഹത്തിന്റെ പ്രതിരൂപങ്ങളാണ് എന്നത് അവിസ്മരണീയവും, അത്ഭുതകരവുമായ ഒരു വസ്തുത ആണ്. യോഹന്നാൻ 14:21-ൽ യേശു കർത്താവ് പറയുന്നു "എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവു സ്നേഹിക്കുന്നു."

മനുഷ്യനു ദൈവത്തെ ഇത്ര ആഴമായ് സ്നേഹിക്കുക എന്നത് തികച്ചും പ്രയാസമേറിയ സംഗതി തന്നെ ആണ്. ഈ സന്ദർഭത്തിലാണ് രണ്ടാമത്തൊരു കല്പന ആദ്യത്തേതിനു സമമായി യേശുകർത്താവ് കൂട്ടിച്ചേർത്തതിന്റെ ആവശ്യകത മനസ്സിലാക്കാൻ സാധിക്കുന്നത്. മനുഷ്യന്റെ ചിന്താമണ്ഡലങ്ങളും ബലഹീനതകളും അടുത്തറിയുന്ന നമ്മുടെ കർത്താവ്, പിതാവായ ദൈവത്തിനരികിലേയ്ക്ക് നമ്മെ ഓരോരുത്തരെയും അടുപ്പിക്കുന്ന ഒരു പ്രമാണമായി ഇത് മാറുന്നു. നമ്മെ പോലെ തന്നെ നമ്മുടെ അയൽക്കാരനെയും (കൂട്ടുകാരനെയും) സ്നേഹിക്കേണം എന്ന കല്പനയിൽ ആഴത്തിൽ മറഞ്ഞിരിക്കുന്നത് ദൈവത്തെ പൂർണ്ണമായി സ്നേഹിക്കേണം എന്നതിനു തുല്യമായ കർത്തവ്യവും അനുസരണവും ആണ്. "താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു, കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴികയില്ല" എന്ന് 1 യോഹന്നാൻ 4:20-ൽ വ്യക്തമാക്കുന്നു. എന്റെ കൂട്ടുകാരൻ ആർ ? എന്ന് ന്യായശാസ്ത്രി ചോദിച്ചപ്പോൾ, യേശു കർത്താവ് ഒരു നല്ല ശമര്യക്കാരന്റെ ഉപമയിലൂടെയാണ് മറുപടി നൽകിയത് (ലൂക്കോസ് 10:29-37). നല്ല ശമര്യാക്കാരനിൽക്കൂടി നിസ്വാർത്ഥവും ആത്മാർത്ഥവുമായ സ്നേഹത്തെ യേശുകർത്താവ് വെളിപ്പെടുത്തുന്നു. "നമ്മെ പോലെ തന്നെ സ്നേഹിക്കേണം" എന്നത് ശ്രദ്ധേയമായ വാക്കുകളാണ്. നാമോരോരുത്തരും പല കാര്യങ്ങളിൽ അലസത പ്രകടിപ്പിക്കുന്നവരാണെങ്കിലും, നമുക്ക് ഉചിതവും ആവശ്യവുമായ കാര്യങ്ങളിൽ ആത്മാർത്ഥമായി പരിശ്രമിക്കാറുണ്ട്. ഒരുപക്ഷെ അത് ഭവനങ്ങളിലായിരിക്കാം, വിദ്യാഭ്യാസ മേഖലകളിലായിരിക്കാം, ഉപജീവനമാർഗ്ഗങ്ങളിലായിരിക്കാം അല്ലെങ്കിൽ സാമ്പത്തിക സാമൂഹിക മേഖലകളിലുമായിരിക്കാം. ഏത് മേഖലകൾ നാം വീക്ഷിച്ചാലും ഇത് വ്യക്തമായി ദർശിക്കാനാകും. നമ്മുടെ കാര്യങ്ങൾക്ക് എത്രമാത്രം സൂക്ഷ്മതയും, ആത്മാർത്ഥതയും പ്രകടിപ്പിക്കുമോ, അപ്രകാരം തന്നെ മറ്റൊരാളുടെ കാര്യത്തിലും, ഏത് അവസരത്തിലും നാം പ്രകടിപ്പിക്കണം. അങ്ങനെ ചെയ്താൽ നാം അറിഞ്ഞോ അറിയാതെയോ യേശു കർത്താവിന്റെ വാക്കുകളെ അനുസരിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെയാവണം "അവന്റെ പ്രമാണങ്ങൾ ഭാരമുള്ളവയല്ല" എന്നു പൗലോസ് പറയുന്നത്. സ്നേഹത്തിന് നമുക്കു ചുറ്റും പല രീതികളിൽ, ഭാവങ്ങളിൽ, ആഴങ്ങളിൽ എല്ലാം പ്രവർത്തിക്കാൻ സാധിക്കും. എങ്കിലും ക്രിസ്തു നമുക്കായി കാണിച്ചു തന്ന സ്നേഹത്തിന്റെ ഭാവം നിസ്വാർത്ഥവും സത്യത്തിൽ വിശ്വസിക്കുന്നതും, അനീതിയിൽ ആശ്രയിക്കാത്തതും, അപരിമിതവുമാണ്. നമ്മേക്കാൾ അധികമായി അല്ല നമുക്കു തുല്യമായാണ് ഈ സ്നേഹം മറ്റുള്ളവരിലേക്ക് പ്രാവർത്തികമാകുക. ക്രിസ്തുവിന്റെ അനുയായികളിൽ സ്ഥായിയായി കാണുന്നത് ഇത്തരം മനോഭാവമാണ്. ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യർ തമ്മിൽ ഇപ്രകാരം സ്നേഹം പങ്കുവയ്ക്കുമ്പോൾ നമ്മുടെ സൃഷ്ടികർത്താവിന് എത്രമാത്രം സ്നേഹവും സന്തോഷവും ഉണ്ടാകുമെന്നത് നമ്മുടെ



ചിന്തകൾക്ക് അപ്പുറമാണ്. എന്തുകൊണ്ട് ഇത് പലപ്പോഴും പ്രവർത്തികളിൽ കൊണ്ടു വരുവാൻ മനുഷ്യനു സാധിക്കുന്നില്ല എന്നത് നാം ഗൗരവമായി ചിന്തിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ ജീവിതത്തിൽ ദുർബലപ്പെടുത്തുന്ന ചിന്തകളും സ്വഭാവങ്ങളും ഉടലെടുക്കുമ്പോൾ നാം സ്നേഹത്തിൽ നിന്ന് അകലുന്നതായ് കാണാം. ബൈബിളിൽ അപ്രകാരം ചൂണ്ടി കാണിക്കുന്ന ഏതാനും ദുർബലകാര്യങ്ങൾ ചുവടെ കാണാം.

1. കൂട്ടുകാരനെ വിധിക്കുന്നത് (റോമർ 14:13)
2. കൂട്ടുകാരന്റെ മേൽ വ്യവഹാരം ഉണ്ടാകുന്നത് (1കൊരി.6:7)
3. അന്യോന്യം പോരിനു വിളിക്കുന്നതും അസൂയപ്പെടുന്നതും (ഗലാത്യർ 5:26)
4. കൂട്ടുകാരനെ ദുഷിക്കുന്നത് (യാക്കോബ് 4:11)
5. അന്യോന്യം പക കാത്തുകൊള്ളുന്നത് (യാക്കോബ് 5:9)
6. അന്യോന്യം കടിക്കയും തിന്നുകളയുകയും ചെയ്യുന്നത് (ഗലാത്യർ 5:15)
7. കൂട്ടുകാരനിൽ നിന്ന് മാഹാത്മ്യം നേടാൻ ശ്രമിക്കുന്നത്. (യോഹന്നാൻ 5:44)

തുടങ്ങിയവ മാനുഷിക ജീവിതത്തിൽ സ്ഥാനം പിടിച്ചാൽ കൂട്ടുകാരനെ നമ്മെ പോലെ സ്നേഹിക്കുക അസാധ്യമായ കാര്യമാകും. യേശുകർത്താവിനെ പരീക്ഷിക്കാനായി വന്ന പരീശന്മാർ സമൂഹത്തിൽ ഉന്നതന്മാരും ന്യായപ്രമാണം അനുഷ്ഠിക്കുന്നതിൽ കുറവില്ലാത്തവരും, ദൈവത്തെ ഭയക്കുന്നവരും ആയിരുന്നെങ്കിലും, യേശു കർത്താവ് ചൂണ്ടിക്കാട്ടിയ ന്യായപ്രമാണത്തിന്റെ ആഴമായ സത്യത്തെ അംഗീകരിക്കാനോ, മനസ്സിലാക്കാനോ കഴിയാത്തവരായി. യേശു കർത്താവിൽ അവരുടെ അറിവുകളുടെ നിഷേധമാണ് അവർക്ക് ദർശിക്കാൻ സാധിച്ചത്. അതിനാൽ യേശു കർത്താവിനോട് നീരസം തോന്നിയത് മാനുഷിക ദൗർബല്യങ്ങൾ അവരുടെ ജീവിതത്തിൽ സ്ഥാനം പിടിച്ചതുകൊണ്ടു തന്നെയാണ്.

ക്രിസ്തു നമ്മുടെ ജീവിതത്തിന് കാതലാകുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ നമ്മുടെ ഓരോ പ്രവൃത്തികളിലും പ്രതിഫലിച്ചു തുടങ്ങുന്നു. മനുഷ്യ ജീവിതത്തെ പൂർണ്ണമായി സ്വതന്ത്രമാക്കുകയാണ് യേശു ക്രിസ്തുവിന്റെ ക്രൂശിലെ ത്യാഗം. "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല" (യോഹന്നാൻ 15:13). ആയതിനാൽ കർത്താവ് നമുക്കായ് സമർപ്പിച്ച ഈ പ്രമാണങ്ങൾ കർത്താവിനെ പിൻഗമിക്കുന്ന ഏതൊരു വ്യക്തിയിലും ജ്വലിച്ചു കാണേണ്ടുന്ന ഒരു സ്വഭാവ സവിശേഷതയാണ്. ഈ പുതിയ നിയമം അനുസരിക്കുകയും പ്രവർത്തിക്കുകയും വഴി നാം ദൈവത്തെയും സൃഷ്ടികളെയും ഒരുപോലെ സ്നേഹിക്കുന്നതും, അത് ന്യായപ്രമാണത്തെ പൂർണ്ണമായി അനുസരിക്കുന്നതിനു തുല്യമാണെന്നും നാം ഓരോരുത്തരും തിരിച്ചറിയേണ്ടതാണ്. യഹോവയായ ദൈവം യേശു കർത്താവിലൂടെ മനുഷ്യർക്കു നല്കിയ ഈ സത്യത്തെ അംഗീകരിക്കാനോ, നിഷേധിക്കാനോ ഉള്ള സ്വാതന്ത്ര്യവും ദൈവം നമുക്ക് ഓരോരുത്തർക്കും നൽകി ഇരിക്കുന്നു. ഒടുവിലത്തെ നാളിൽ നാം തിരഞ്ഞെടുത്തതിനും നിഷേധിച്ചതിനും കണക്ക് ബോധിപ്പിക്കാൻ തയ്യാറാകേണ്ടതും ആണ്. കാലം അതിക്രമിച്ചു പോകുന്നു. ഇതുവരെയും കണ്ണ് കണ്ടിട്ടില്ലാത്ത സംഭവങ്ങൾ നമുക്കു ചുറ്റും നടന്നു കൊണ്ടിരിക്കുന്നു. ദൈവം നമുക്ക് നൽകിയിരിക്കുന്ന അവസരം ക്രിസ്തുവിന്റെ പ്രമാണങ്ങളെ അനുസരിച്ച്, സമയം തക്കത്തിൽ ഉപയോഗിച്ചു കൊണ്ട് മുന്നോട്ടു പോകുക. ക്രിസ്തുവിന്റെ സ്നേഹിതൻ ആകുന്നതിനെക്കാൾ വലിയ നേട്ടമില്ലെന്നു തിരിച്ചറിയുക. ആയതിനാൽ "നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു. ന്യായവിധി ദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു." (1യോഹന്നാൻ 4:7-17) എന്ന വചനങ്ങളെ സംഗ്രഹിക്കാം. നാം കർത്താവിന്റെ സ്നേഹഭാവത്തെ കൈക്കൊണ്ടു അന്യോന്യം കരുതുന്നവരായി ജീവിക്കാൻ ശ്രമിക്കേണ്ടത് അത്യാവശ്യമാണ്. ക്രൂശിലെ ആഴമായ സ്നേഹം ഓർമ്മിച്ചും, നമ്മുടെ ഓട്ടം സ്ഥിരതയോടെ ഓടി, നിത്യ ജീവങ്കൽ നമുക്കായി ഒരുക്കിയിരിക്കുന്ന ജീവകിരീടത്തിന് ഓഹരിക്കാരാകാം. ദൈവം നമുക്ക് ഓരോരുത്തർക്കും കൃപ നൽകുമാറാകട്ടെ.









# തിരനോട്ടം

ശ്രീമതി. ആത്മജ ഡി.വി.

ഒരു ദിവസം 2019-ലെ ക്രിസ്തുമസ് കരോളിന് ലഭിച്ച കലണ്ടറിൽ ഒന്നു കണ്ണോടിക്കുകയായിരുന്നു. പെട്ടെന്ന് ശ്രദ്ധയിൽപ്പെട്ടത് സണ്ടേസ്കൂളിന്റെ സമയമാണ് - 10:00 pm. നാട്ടിലുള്ള ഒരാൾ ഇത് കാണുകയാണെങ്കിൽ സ്വാഭാവികമായി ചിന്തിക്കുന്ന ഒരു കാര്യമുണ്ടാകും - "ഈ പാതിരാത്രി അല്ലാതെ, ഇവർക്ക് ഇതിനൊന്നും സമയമില്ലേ ? കൊച്ചുമക്കൾക്ക് ഉറങ്ങാനുള്ള സമയത്താണോ സണ്ടേസ്കൂൾ?"

'സമയം', അതിന് ഏറെ വിലയുണ്ട് എന്ന് ഓരോ പ്രവാസിക്കും അറിയാം. ആറു ദിവസവും ആഴ്ചയിൽ ജോലിയുണ്ടാകും, ഒരേ ഒരു ദിവസം മാത്രമാണ് അവധി (കിട്ടിയാൽ). പത്തു മുതൽ പന്ത്രണ്ടു മണിക്കൂർ വരെ ജോലി സമയം. ഇതിൽ ആകെ കിട്ടുന്ന വ്യാഴാഴ്ച വൈകുന്നേരം ആണ് പുറത്ത് പോകാനും മറ്റും സാധിക്കുക. ഒരാഴ്ചത്തെ ക്ഷീണവും പേറി, വെള്ളിയാഴ്ച കുറച്ച് താമസിച്ച് ഉറക്കം എഴുന്നേൽക്കുമ്പോൾ കിട്ടിയ അവധിയും കഴിഞ്ഞിട്ടുണ്ടാകും. ഇങ്ങനെ കഴിഞ്ഞു പോകുമ്പോഴാണ് വ്യാഴാഴ്ച 8:30pm മുതൽ 10:00pm വരെ വിശുദ്ധ ആരാധന. അതു കഴിഞ്ഞ് മറ്റ് സംഘടന ആരാധനകൾ. 8:30ന് ആരാധനയ്ക്ക് പങ്കെടുക്കണമെങ്കിൽ മണിക്കൂറുകൾ യാത്ര ചെയ്യണം. ജോലി കഴിഞ്ഞ് ധൃതിയിൽ ഓടിയെത്തണം. സ്വന്തമായി അല്ലെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനം നൽകിയ വാഹനമില്ലാത്തവർ ടാക്സി, മെട്രോ, ബസ് തുടങ്ങിയവയൊക്കെ ആശ്രയിച്ചുമാണ് എത്തുക. ബസ് സ്റ്റോപ്പിൽ നിന്നും ഒത്തിരി അകലെ താമസിക്കുന്നവർ നടന്നും, സ്വന്തം ബുള്ളറ്റായ സൈക്കിളും ഉപയോഗിക്കുന്നു. ബുള്ളറ്റ് ആണ് എന്ന് കളിയാക്കിയതല്ല. അതിനെക്കാളും അവർ ആ സൈക്കിളിനെ ആശ്രയിക്കുന്നുണ്ട്. ഇങ്ങനെയുള്ളവർക്ക് വെള്ളിയാഴ്ച പാഴ്സണേജിൽ വച്ച് നടക്കുന്ന മറ്റു പ്രോഗ്രാമുകൾക്ക് പങ്കെടുക്കണമെങ്കിൽ വ്യാഴാഴ്ച അർദ്ധരാത്രി വരെയുള്ള എല്ലാ ആരാധനകളും കഴിഞ്ഞ് അവിടേയ്ക്ക് പോകുന്ന ആൾക്കാരോട് ലിഫ്റ്റ് ചോദിച്ച് അവിടെയെത്തും. അന്ന് രാത്രി പാഴ്സണേജിൽ അവിടെ തങ്ങും.

ഒരു പ്രവാസിയുടെ സ്പിരിച്വൽ ലൈഫിനെ കുറിച്ച് ഞാൻ പറയുകയായിരുന്നു. ഇതൊന്നും ഒന്നുമല്ലാട്ടോ. എല്ലാ പ്രവാസിക്കും കാണും നല്ലവനായ ദൈവം നടത്തിയ, കൃപ നിറഞ്ഞ ഒരു ജീവിതകഥ.

2019-ൽ നാട്ടിൽ നിന്നും പുറപ്പെടാൻ സമയമായപ്പോൾ വിരാലി പള്ളിയിലെ സഭാ ശുശ്രൂഷകനായിരുന്ന സത്യ സന്തോഷ്കുമാർ അച്ചൻ പ്രാർത്ഥിക്കാൻ വന്നു. അച്ചനാണ് ഇവിടെ സൗത്ത് കേരള ഡയോസിസിന് ഒരു സഭ ഉണ്ടെന്ന് പറഞ്ഞത്. അങ്ങനെ ഞങ്ങൾ ഒരു വർഷമായി ഈ സഭയുടെ അംഗമായി തുടരുന്നു. കഴിയുന്നതുപോലെ ആരാധനയ്ക്ക് എത്താറുണ്ട്. നാട്ടിൽ രാവിലെ 8:00 മണിക്കുള്ള ആരാധനയ്ക്ക് 7:30ന് എത്തിക്കൊണ്ടിരുന്ന ഞാൻ ഇവിടെ വൈകിയാണ് മിക്കവാറും എത്തുക. ആദ്യമൊക്കെ താമസിച്ചു വരുമ്പോൾ ഒരു വല്ലായ്മ തോന്നിയിരുന്നു. പിന്നീട് അങ്ങനെ എങ്കിലും എത്താൻ കഴിയുന്നതിൽ ആശ്വാസമാണ് തോന്നിയത്. കാരണം പല ആഴ്ചകളിലും പങ്കെടുക്കാൻ ആഗ്രഹമുണ്ടെങ്കിലും കഴിയാറില്ല. എങ്കിലും ആ സമയത്ത് എവിടെയാണെങ്കിലും മനസ്സിൽ ഒരു സന്തോഷം തോന്നാറുണ്ട്.

അങ്ങനെയാണ് ഈ വർഷത്തെ സംഘടനകളുടെ തെരഞ്ഞെടുപ്പു വന്നത്. പലർക്കും ഉത്തരവാദിത്തം ഏറ്റെടുക്കാൻ താല്പര്യം ഇല്ല. കാരണം ഏറ്റെടുത്ത ഉത്തരവാദിത്തം പൂർണമായി ചെയ്തു തീർക്കാൻ സാഹചര്യങ്ങൾ അനുവദിക്കില്ല. ഒരു വർഷത്തിൽ നാട്ടിൽ അവധിക്ക് പോകണം അങ്ങനെ ഒത്തിരി കാര്യങ്ങൾ. ഈ വർഷത്തെ തെരഞ്ഞെടുപ്പിൽ ഞാനുമുണ്ടായിരുന്നു. ഒരു ഉത്തരവാദിത്തവും ഏൽപിക്കരുത് എന്നും, എന്നെ കൊണ്ടാകും വിധം ഞാൻ എല്ലാ കാര്യത്തിലും സപ്പോർട്ട് ചെയ്യാമെന്നും ആദ്യമേ ഞാൻ പറഞ്ഞിരുന്നു. ഒടുവിൽ ആ കൂട്ടത്തിൽ ഉള്ള എല്ലാവർക്കും ഓരോ ഉത്തരവാദിത്തം ഏൽപ്പിക്കപ്പെട്ടു. ഞാൻ അക്കൗണ്ടന്റ് ആയും വെബ്സൈറ്റ് ഡവലപ്മെന്റ് ടീമിലുമുണ്ട്. കൂടാതെ ഓരോ ആഴ്ചത്തെ ക്വിസിനുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നതും, സുവനീറിന്റെ എഡിറ്റോറിയൽ ബോർഡിലും ഉണ്ട്.



ജോലിയുടെ ഇടവേളകളിൽ കൃതികൾ വായിക്കാനും, എഡിറ്റ് ചെയ്യാനും, വെബ്സൈറ്റ് ഡവലപ്മെന്റിന്റെ കാര്യങ്ങൾ സോഷ്യൽ മീഡിയവഴി ചർച്ച ചെയ്യാനും, ബൈബിൾ വായിച്ച് ക്വിസിനുള്ള ചോദ്യങ്ങൾ തയ്യാറാക്കാനും സമയം കണ്ടെത്തുന്നു. ഇവ ചെയ്യുമ്പോൾ ഇന്ന് ഒത്തിരി സന്തോഷം തോന്നുന്നു. കർത്താവിനു വേണ്ടി ഈ നാട്ടിലും എന്തൊക്കെയോ ചെയ്യാൻ കഴിയുന്നതുപോലെ. തിരക്കു പിടിച്ച എന്റെ ജീവിതത്തിൽ മറന്നു പോയ കുറച്ചു കാര്യങ്ങൾ ഉണ്ട്. ഒരു അധ്യായമെങ്കിലും ബൈബിൾ വായിക്കാതെ ഒരു ദിവസവും തുടങ്ങിയിട്ടില്ല. എവിടെ കാലുവച്ചാലും ''ഈ സ്ഥലം'' ലോകത്തിൽ വച്ച് ഏറ്റവും വിശുദ്ധ മാക്കണേ എന്നു ഉള്ളുരുകി പ്രാർത്ഥിക്കുമായിരുന്നു. ഒരു ചോക്ലേറ്റ് കിട്ടിയാൽ പോലും എന്റെ കയ്യിൽ ഇതു വരുന്നതുവരെ ഇതിനു വേണ്ടി അധ്വാനിച്ച എല്ലാവരെയും അനുഗ്രഹിക്കണേ എന്നു പ്രാർത്ഥിച്ചിരുന്നു. കുറച്ച് നാളുകൾക്ക് മുൻപ് ഇതൊക്കെ എവി ടെയോ നഷ്ടപ്പെട്ടു. അതിന്റെ കുറ്റബോധവും പേറി നടക്കുമ്പോൾ ആണ് ഈ ഉത്തരവാദിത്തങ്ങളെല്ലാം ഏൽപിക്കപ്പെടുന്നത്.

വീണ്ടും കർത്താവിന്റെ സ്നേഹം രുചിച്ചറിയാൻ സഹായിച്ചത് കർത്താവിന് വേണ്ടി ഏറ്റെടുത്ത ഈ ഉത്തരവാദിത്തങ്ങളാണ്. ഓരോ കൊച്ചു കൊച്ചു കാര്യങ്ങൾ ചെയ്യുമ്പോഴാണ് കൊച്ചു നാളിൽ പറഞ്ഞു നടന്നതുപോലെ ഈശോക്കൊരു ചക്കര ഉമ്മ കൊടുക്കാൻ തോന്നുന്നത്. ഞാനും ഈശോയും (അങ്ങനെ വിളിക്കാനാണ് എനിക്കിഷ്ടം) ഒരുമിച്ച്, കൈപിടിച്ച് ഓടി നടന്ന് ഓരോ കാര്യങ്ങൾ ചെയ്യുന്നു. അത് വ്യക്തിപരമായ കാര്യങ്ങൾ ആയാലും ആത്മീയ കാര്യങ്ങളാ യാലും.

''എന്തിനാ ആകെ കിട്ടുന്ന ഒരേ ഒരു അവധി ദിനത്തിൽ ഇത്തരം കാര്യങ്ങളിൽ ഏർപ്പെടുന്നത് ? ''എന്റെ കൂടെ ജോലി ചെയ്യുന്നവർ ചോദിക്കാറുണ്ട് ഒരു പ്രതിഫലവും കൂടാതെ എന്തിനാ ജോലി ചെയ്യുന്നത് ? എന്താണ് അതിന്റെ ചുരുക്കം. ''ഈ ഉത്തരവാദിത്തങ്ങൾ കഴിയുന്നതുപോലെ ചെയ്യുമ്പോൾ കർത്താവ് പ്രതിഫലം തരും'' എന്നുള്ള മറുപടി ഒരു ചെറു പുഞ്ചിരിയോടെ നൽകാറാണു പതിവ്.

നമ്മുടെ ജീവിതം എത്ര സുന്ദരമാണ്. എത്ര സുന്ദരമായാണ് ദൈവം സൃഷ്ടിച്ചത്. ജീവിതത്തിന്റെ ഓരോ നിമിഷവും ആസ്വദി ക്കാൻ കഴിഞ്ഞാൽ ഈ ജീവിതം ജീവിച്ച് കൊതി തീരില്ല. നന്ദി ദുബായ് എസ്. കെ. ഡി. സഭയോട്, അച്ചനോട്, മറ്റെല്ലാവരോടും അനുഗ്രഹദാതാവായ തമ്പുരാനോടും.



# എന്റെ കർത്താവ്





ശ്രീമതി. രാഖി ഷാജി

ദുരിതങ്ങളിൽ ഞാൻ അകപ്പെടുമ്പോൾ
എന്റെ കർത്താവ് എന്നെ രക്ഷിച്ചീടും (2)
വഴിയറിയാതെ ഉഴറിടുമ്പോൾ
പാതക്കുവെളിച്ചമായി വന്നീടും (2)
നന്മ ചെയ്യൂ എന്നും വിശ്വസ്തനാവൂ
ജീവകിരീടം പ്രാപിക്കൂ (2)

എൻ യാചനകൾക്ക് ഉത്തരമായി
എൻ ആത്മാവിനെ ശക്തിപ്പെടുത്തിടും
അഴലിൻ ആഴങ്ങളിൽ താണിടുമ്പോൾ
മനസ്സലിവോടെന്നെ താങ്ങീടും
നന്മ ചെയ്യൂ എന്നും വിശ്വസ്തനാവൂ
ജീവകിരീടം പ്രാപിക്കൂ (2)

എന്നുള്ളിൽ അന്ധകാരം അകറ്റിടാൻ
അങ്ങ് എന്നിൽ ദീപമായ് നിറഞ്ഞീടും
എന്നും എൻ വ്യാധികൾ അറിയും നാഥൻ
രോഗശാന്തി വരുത്തി രക്ഷിച്ചീടും
നന്മ ചെയ്യൂ എന്നും വിശ്വസ്തനാവൂ
ജീവകിരീടം പ്രാപിക്കൂ (2)

# ജീവിക്കും ഞാൻ ഇനി യേശുവിനായ്



ശ്രീ. ഷിജിൻ ആർ. എസ്.

ജീവിക്കും ഞാൻ ഇനി യേശുവിനായ്
എൻ പേർക്കായ് ചൊരിഞ്ഞ
സ്നേഹമോർത്താൽ
പാടിടും ഞാൻ ഇനി അങ്ങേയ്ക്കായ്
ജീവനുള്ള നാൾവരെയും (2)

യേശുവേ... യേശുവേ...
വാഴ്ത്തീടും... അങ്ങേ ഞാൻ... (2)

കൂരിരുൾ നിറയും ഈ വഴിയിൽ
എന്നെ കരുതും നൽ സ്നേഹിതാ (2)
ഈ യാത്ര തീരുവോളം എന്നെ കാത്തു
പാലിക്കണേ നല്ലിടയാ (2)

തങ്കച്ചിറകതിൽ എന്നെ കാത്തു
പാലിച്ചതോർത്തു വാഴ്ത്തീടുന്നേ (2)
സ്വർഗ്ഗ പുരത്തിൽ ചേരുംവരെ
പാലിക്കണേ നല്ലിടയാ (2)



# അത്ഭുതരാജൻ



ശ്രീ. പ്രെയ്സൽസ് ജോൺ



അത്ഭുതം ചെയ്യുന്ന ദൈവം
അടയാളം ചെയ്യുന്ന ക്രിസ്തു
ധീരനെ പോലെ നടത്തും

പാപത്തെ നീക്കുവാൻ ശക്തൻ
രോഗത്തെ നീക്കുവാൻ ശക്തൻ
സാത്താന്റെ കോട്ടകൾ തകർക്കും
യേശുവാണ് അത്ഭുത രാജൻ (2)

രാജാധി രാജൻ
കർത്താധി കർത്തൻ
ദേവാധി ദേവൻ
യേശു മാത്രം (അത്ഭുതം ചെയ്യുന്ന)

# LOCK DOWN AND ME
## (A Rendezvous with Nature)



Miss Amala Prasad


After months of exhausting online classes and a number of Zoom calls from my other friends, I knew I missed out one person and that was my friend nature. She is there, every where, even in your slightest breath. I couldn't arrange a zoom meeting with her, so I scheduled a time to meet her at my balcony. She accepted the offer without even giving a second thought. This is how our conversation went. She asked me how my life was. "Well, pretty much sleep, classes, eat and on repeat." I asked her how she felt. She said she feels better than before, without us. Ouch! that kind of offended me. She felt better without us (humans)? I asked her to explain further and this is what she said. Lately the amount of Carbon Monoxide that she inhales has reduced immensely. This has given a proper break for her previously carbon - clogged nostrils.

She also said that certain rivers like river Ganga has become very clean. She also added that river Ganga has been so clear to an extent where she can see her own reflection clearly. I felt really proud about me and happy for her because her long- time dream had come true. She asked me about my feelings. I have mixed feelings. one thing I am very unquestionable is about the fact that I have got a break and so does my lovely nature.

Well, its not like I completely lost contact with her. Of course, I know its been four months since I saw sunlight. Vitamin-D speeding less. But, nature told me she is preparing too much Vitamins for all of us. Right now, I don't want to miss her completely.

To occupy her non-existence at my place, I set up a small garden outside my balcony with a new pet parrot that I bought to accompany me. Nature wished me all the best and exchanged greetings. She told my friends and I could hangout with her during the summer break. However, again for the summer break, none of us could go outside. So, I guess I will have to stick to my balcony. Let's hope and wait; stay healthy until the world is back to its normalcy.

Thank You







# മരുപ്പറമ്പിനെ മരതക ദ്വീപാക്കിയ അമരക്കാരൻ



ശ്രീ. വിൻഫ്രഡ് ബേബി

അൻപത് വർഷങ്ങൾക്ക് മുൻപ് ഹിസ് ഹൈനസ് ഷെയ്ഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാൻ കാർമികത്വം നൽകി ഐക്യ അറബ് നാടുകൾക്ക് രൂപവും ഭാവം നൽകി ലോക ഭൂപടത്തിൽ ഒരു പുതിയ ജീവിതവേദിയുടെ നാന്ദി കുറിക്കുമ്പോൾ അന്നത്തെ ആ മരുപ്പറമ്പ് ഇന്നത്തെ മരതക ദ്വീപായി മാറുമെന്നു ആരും പ്രതീക്ഷിച്ചിരുന്നിരിക്കില്ല. പക്ഷേ ഭാവനാ സമ്പന്നനും ഹൃദയ വിശാലനുമായ ആ മനുഷ്യൻ മുൻകൂട്ടി കണ്ടിരിക്കണം എന്നു തന്നെ നമുക്ക് കരുതാം. മഹത്തുക്കൾ ഭാവനയിൽ കാണുന്നതാണ് പിന്നത്തെ ലോക യാഥാർത്ഥ്യമായിത്തീരുക. അവർക്ക് കിടയൊത്ത അനന്തരാവകാശികളും പിൻഗാമികളും ഉണ്ടായാൽ ആ യാഥാർത്ഥ്യം പോറലുകളില്ലാതെ നിലനിൽക്കുകയും ഉത്തരോത്തരം പുരോഗമിക്കുകയും ചെയ്യും. അങ്ങനെ ഷെയ്ഖ് സായിദ് കണ്ട സ്വപ്നം പുലരുന്നതിന്റെ മായക്കാഴ്ചകളാണിന്നു നാം കണ്ടും അനുഭവിച്ചുമറിയുന്നത്.

ഖത്തറും സൗദി അറേബ്യയും ഒമാനും അതിരിടുന്ന ഈ അറേബ്യൻ ഉപദ്വീപ് ഒമാൻ ഉൾക്കടലിന്റെയും അറബി കടലിന്റെയും തോളത്തു കൈയ്യിട്ട് ഇന്ത്യൻ മഹാ സമുദ്രത്തിലേക്കെത്തി നോക്കി നിൽക്കുന്നു. 83600 ചതുരശ്ര മീറ്റർ ചുറ്റളവിൽ ലോകത്തിന്റെ ഒരു സ്വപ്ന തീരം. അഞ്ചു പതിറ്റാണ്ടുകൾ കൊണ്ട് ഈ രാജ്യം സാമ്പത്തികമായും സാമൂഹിക മായും കൈവരിച്ച നേട്ടങ്ങളും, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ഉണ്ടാക്കിയ നേട്ടവും, ലോകത്ത് തുല്യത ഇല്ലാത്തതാണ്. എണ്ണയെ മാത്രം ആശ്രയിച്ചിരുന്ന യു. എ. ഈ. ഇതര രംഗങ്ങളിലും സുനിശ്ചിതമായ ഭദ്രത നേടിയത് വളരെ വേഗത്തിലാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആ ജൈത്ര യാത്ര ലോകത്തിലെ ഇതര സമ്പന്ന രാജ്യങ്ങളെ വരെ അമ്പരപ്പിക്കുന്നുമുണ്ട്. ലോകം വിസ്മയകാഴ്ചകൾ കാണാനെത്തുന്ന ടൂറിസം വേദി മാത്രമല്ല, ലോകത്തെ മുന്നോട്ട് നയിക്കുന്ന ശാസ്ത്ര വിദ്യകളുടെ വൻ പഠനപ്രദർശന ശാല കൂടിയാണിന്നിവിടം.

സഹിഷ്ണുതയുടെ പച്ചപ്പ് നിറഞ്ഞ ഭൂമി എന്നാണ് ലോകം ഇന്ന് യു. എ. ഈ.യെ വിളിക്കുന്നത്. ലോകത്തിലെ സകല മത ചിന്താധാരകളെയും ആദരിച്ചും, ലോകത്തിലെ പ്രധാന മതങ്ങളുടെ മേലദ്ധ്യക്ഷരെ സ്വീകരിച്ചാനയിച്ചും പകയില്ലാത്ത ലോകം സ്വപ്നം കാണുന്ന എല്ലാവരെയും തങ്ങളിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. സമാധാനത്തിന്റെയും സുസ്ഥിരതയുടെയും സന്ദേശവാഹകരായി ഇവിടുത്തെ ഭരണാധികാരികൾ വാഴ്ത്തപ്പെടുന്നു. ഇരുന്നൂറിലേറെ രാജ്യങ്ങളിൽ നിന്നും അതിലുമെത്രയോ കൂടുതൽ വംശവർഗവർണ്ണങ്ങളിൽ നിന്നുമുള്ള മനുഷ്യർ ഒരു ഡസനിലേറെ മതങ്ങൾ അനുധാവനം ചെയ്തും ഒരു മതത്തിന്റെയും അനുയായികളല്ലാത്തവരുമെല്ലാം ഇടകലർന്നും, ഇടപഴകിയും ഇവിടെ ജീവിക്കുന്നു. ജീവിതത്തിന്റെ അന്തസ്സിനും, അഭിമാനത്തിനും കോട്ടം തട്ടാത്ത വിധം ഈ നാട് അവരെയെല്ലാം സൽക്കരിക്കുന്നു. ഇതൊരു ലോകജനതയുടെ പരിച്ഛേദമായ കൂട്ടുകുടുംബം പോലെ മുന്നേറുന്നു.

യു. എ. ഈ.യുമായി ഇന്ത്യക്കാവട്ടെ ഈടുറ്റ സൗഹൃദത്തിന്റെ മഹാപൈതൃകമാണുള്ളത്. നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് ഈ ബന്ധത്തിന്. അറബ് ലോകത്തെ എല്ലാ അനക്കങ്ങളിലും ഇന്ത്യാ എന്നും സസൂക്ഷ്മം ശ്രദ്ധിച്ചിരുന്നു. പ്രഥമപ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്റു ഈജിപ്തിലെ സൂയസ് കനാൽ, പാലസ്തീനിലെ അധിനിവേശം തുടങ്ങി എല്ലാ പ്രശ്നഘട്ടങ്ങളിലും ഇന്ത്യയുടെ ശബ്ദം തദ്ദേശീയർക്കൊപ്പം





മരുപ്പറമ്പിനെ മരതക ദ്വീപാക്കിയ

# അമരക്കാരൻ

നിന്നുകൊണ്ട് ഉയർത്തി. ചേരി ചേരാനയം മനുഷ്യ ചേരിക്കൊപ്പം നിൽക്കാനുള്ള ആശയമായി നെഹ്റു കണ്ടു. ഇന്ദിരാഗാന്ധിയുടെ കാലമായപ്പോഴേക്കും അറബ് സമൂഹങ്ങളുമായുള്ള ഇന്ത്യയുടെ അടുപ്പം കൂടുതൽ ഔദ്യോഗികവും ജനകീയവുമായി. പ്രവാസ ഇന്ത്യാക്കാരുടെ അറബ് ലോകത്തേക്കുള്ള പ്രയാണം അതിനെ കൂടുതൽ ഹാർദ്ദവമാക്കി. പല തലങ്ങളിൽ വളർന്നു വ്യാപിച്ച ഉഭയകക്ഷി ബന്ധങ്ങൾ ഏറെ മോടിയോടെ ഈ കാലത്തും പുരോഗമിക്കുന്നു.

പ്രധാനമന്ത്രിമാർ മാത്രമല്ല, നമ്മുടെ സംസ്ഥാന മുഖ്യമന്ത്രി മാരും, മന്ത്രിമാർ വരെ യു. എ. ഈ.യിൽ നിത്യസന്ദർശകരാണ്. ഓരോ തവണയും അവരെ ഈ നാട് വളരെ മികച്ച രീതിയിൽ സ്വാഗതം ചെയ്തിട്ടുള്ളതിനു നാം ഏവരും സാക്ഷികൾ ആണ്.

ചരിത്രത്തിന്റെ പ്രവാഹത്തിൽ ഇന്ത്യാക്കാർ കരപറ്റിയ മണ്ണാണ് യു. എ. ഈ. ദശലക്ഷക്കണക്കിന് ഇന്ത്യാക്കാരാണിവിടെ ഉപജീവനം തേടുന്നത്. അവരിലൂടെ ഇന്ത്യയില ശതകോടി ജനങ്ങളുടെ ദൈനംദിന ജീവിതത്തിനാണ് ഈ മണ്ണ് വെള്ളവും വളവും നൽകിക്കൊണ്ടിരിക്കുന്നത്. അവരിൽ തന്നെ കേരളീയരാണ് ഭൂരിഭാഗം. കേരളത്തിന്റെ സമ്പദ്ഘടനയെ ഉലയാതെ കാക്കുന്ന താങ്ങായി യു. എ. ഈ. എന്നുമുണ്ട്. ഗൾഫിൽ നിന്നുള്ള സാമ്പത്തിക വരവ് കുറഞ്ഞാൽ മുതുകൊടിഞ്ഞു പോകുന്ന സമ്പദ് വ്യവസ്ഥയെ ഇന്നും കേരളത്തിനുള്ളു.

യു. എ. ഈ. ഇപ്പോൾ ഏറ്റവും ഊന്നൽ നൽകുന്നത് വിജ്ഞാനം, ശാസ്ത്രം, നൂതന സാങ്കേതിക വിദ്യ എന്നിവയ്ക്കാണ്. ആൺ കുട്ടികളെക്കാൾ പെൺകുട്ടികൾക്ക് ഉന്നത പഠന രംഗത്തു സാന്നിധ്യമറിയിച്ച പതിനഞ്ചു രാജ്യങ്ങളിൽ ഒന്നായി യുനെസ്കോ പട്ടികയിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു. യു. എ. ഈ. ലോകത്തെ അറിവിന്റെയും ശാസ്ത്ര പുരോഗതിയുടെയും വേദിയായി സ്വയം മാറുകയും സ്ത്രീശാക്തീകരണം ഉൾപ്പെടെയുള്ള ആദർശങ്ങൾ പ്രാവർത്തികമാക്കി ലോകത്തിനു മാതൃകയാവുക കൂടിയാണ്. ഷോപ്പിംഗ് ഫെസ്റ്റിവൽ, സാങ്കേതിക വിദ്യകളുടെ മേളയായ ജൈറ്റെക്സ്, സൈനിക ശാക്തീകരണ മേളകളായ അബുദാബിയിലെ എക്സിബിഷനുകൾ, എണ്ണ സമ്പദ് വ്യവസ്ഥയുടെ പ്രദർശന നഗരിയായ അഡിപെക് എന്നിവക്കെല്ലാം പുറമേ, നൂതന സാങ്കേതിക വിദ്യകളുടെ ഭാവി രൂപപ്പെടുത്തുന്ന വേൾഡ് എക്സ്പോയും യു. എ. ഈ.യുടെ ഭാഗമായിരിക്കുന്നു.

മത്സ്യബന്ധനവും, കൃഷിയും, മുത്തുവാരലും മാത്രം ഉപജീവന മാർഗമായിരുന്ന, ഒട്ടകങ്ങളും, കുതിരകളും ചിലപ്പോൾ കഴുതകളും മാത്രം വാഹനങ്ങളായുണ്ടായിരുന്ന ഒരു പൗരാണിക ജനസഞ്ചയത്തെ ലോകത്തിന്റെ ഭാവി രൂപം നിശ്ചയിക്കുന്ന ഒരു ജനതയാക്കി മാറ്റിയത് മഹാനായ ഷെയ്ഖ് സാദിയ് ബിൻ സുൽത്താനും, അദ്ദേഹത്തിന്റെ ഭാവന ശേഷിയുമാണ്. ഈ വെളിച്ചം അണയാതെ സൂക്ഷിക്കുകയും അത് ലോകത്തിനു വേണ്ടി തെളിയിക്കുകയും ചെയ്യുന്നതാണ് ഇന്നാടിന്റെ നന്മ. ആ നന്മയുടെ അമരത്ത് എന്നുമുണ്ട് ഷെയ്ഖ് സായിദെന്ന മഹാത്മാവ്.



# സണ്ടേസ്കൂൾ റിപ്പോർട്ട്

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.
സദൃശ്യവാക്യങ്ങൾ 22 : 6



*സദൃശ്യവാക്യങ്ങൾ: 22:6 - ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല.*

2010 ജനുവരി മാസം റവ. സുനിൻ സ്പെൻസർ അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന ആദ്യ സഭാ പൊതുയോഗ ത്തിൽ വച്ച് ഒരു അഡ്ഹോക് കമ്മിറ്റിയെയും, വിവിധ സംഘടനാ ഭാരവാഹികളെയും തെരഞ്ഞെടുത്തു. സൺഡേസ്കൂൾ സെക്രട്ടറിയായി ശ്രീ. ലിവിൻസ് ആൽബർട്ടിനെയും, അക്കൗണ്ടന്റ് & ട്രഷറർ ആയി ശ്രീമതി. ആശ ജോണിനെയും തെരഞ്ഞെടുക്കുക ഉണ്ടായി. 2011 ഡിസംബർ മാസത്തെ സഭാ കമ്മിറ്റിയുടെ തീരുമാനപ്രകാരം ശ്രീമതി. ബബിത വില്ല്യംസ് സണ്ടേസ്കൂളിന്റെ സെക്രട്ടറിയായി നിയോഗിക്കപ്പെട്ടു. സി. എസ്. ഐ ദുബായ് ഇടവകയുടെ 2012- ലെ സൺഡേസ്കൂൾ 2012 ജനുവരി 13 വെള്ളിയാഴ്ച റവ. എസ്. ആർ. സുരേഷ് കുമാർ അച്ചന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ദുബായ്, ഷാർജ, അജ്മാൻ എന്നീ എമിറേറ്റുകളിൽ നിന്നായി 13 വിദ്യാർത്ഥികളും ശ്രീമതി. സ്മിത അലക്സ്, ശ്രീമതി സ്മിത ബിനുലാൽ, ശ്രീമതി കുസുമം ജസ്റ്റസ് എന്നീ മൂന്ന് അദ്ധ്യാപകരും അന്നേ ദിവസം ഹാജർ ആയിരുന്നു. നഴ്സറി, ഇൻഫന്റ്സ്, പ്രൈമറി എന്നീ ഗ്രേഡുകൾ ഉൾപ്പെടുത്തി സണ്ടേസ്കൂൾ സംഘടന രൂപീകരിച്ചു. സി. എസ്. ഐ. ദക്ഷിണ കേരള മഹായിടവക ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുള്ള പാഠ്യപദ്ധതി ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്തിയാണ് സണ്ടേസ്കൂൾ ക്ലാസുകൾ നടന്നിരുന്നത്.

2012 ജൂൺ മാസത്തിൽ ശ്രീ. സാജൻ, സഭാ കമ്മിറ്റി പ്രതിനിധിയായ ശ്രീ. ആസ്റ്റിൻലാൽ എന്നിവരെ ഉൾപ്പെടുത്തി സണ്ടേസ്കൂൾ കമ്മിറ്റി വിപുലമാക്കി. സണ്ടേസ്കൂൾ ക്ലാസുകൾക്ക് മുൻപുള്ള അസംബ്ലിയിൽ ശ്രീ. സാജൻ, ശ്രീ. രാകേഷ് എന്നിവർ വിവിധ മൽസരങ്ങൾ നടത്തുകയും കുട്ടികളെ ഒരുക്കുകയും സണ്ടേസ്കൂളിനായി ചെയ്തു. ജൂലൈ -ഓഗസ്റ്റ് മാസങ്ങളിൽ ഇവിടുത്തെ സ്കൂളുകൾക്ക് വേനൽക്കാല അവധി ആയിരുന്നതിനാൽ സണ്ടേസ്കൂളിനും അവധി നൽകി. എന്നാൽ നാട്ടിൽ അവധിക്കായി പോകാതെ ഇവിടെ ഉണ്ടായിരുന്ന കുട്ടികളെ ഉൾപ്പെടുത്തി ഒരു സമ്മർ സണ്ടേസ്കൂൾ നടത്തപ്പെട്ടു. അർദ്ധവാർഷിക പരീക്ഷയും വാർഷിക പരീക്ഷയും അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. നവംബർ മാസം രണ്ടാമത്തെ ആഴ്ച അഖില ലോക സണ്ടേസ്കൂൾ ദിനമായി ആഘോഷിച്ചു. അന്നേ ദിവസത്തെ വിശുദ്ധ ആരാധനയ്ക്ക് കുഞ്ഞുങ്ങൾ നേതൃത്വം നൽകി. ഡിസംബർ 24-ാം തീയതി നടന്ന ക്രിസ്തുമസ് ആരാധനയിലും സണ്ടേസ്കൂൾ കുഞ്ഞുങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു.

2013 ലെ സണ്ടേസ്കൂളിൽ 14 വിദ്യാർഥികളും 3 അദ്ധ്യാപകരും ഉണ്ടായിരുന്നു. സെക്രട്ടറി ശ്രീമതി. ബബിത, ശ്രീ. സാജൻ, സഭാ സെക്രട്ടറി- ശ്രീ. ക്രിസ്പൻ ജസ്റ്റസ്, സഭാ കമ്മിറ്റി പ്രതിനിധികൾ- ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്, ശ്രീ. സണ്ണി ഡി., ശ്രീ. ഷാജി ഡി.ആർ. മറ്റ് സണ്ടേസ്കൂൾ അദ്ധ്യാപകർ എന്നിവരടങ്ങിയതാണ് ഈ വർഷത്തെ സണ്ടേസ്കൂൾ കമ്മിറ്റി. ഏപ്രിൽ മാസത്തിൽ പുതിയ സ്കൂൾ വർഷം ആരംഭിക്കുന്നതിനു മുൻപായി മാർച്ച് 28-ാം തീയതി സണ്ടേസ്കൂൾ കുട്ടികൾക്കായി ഒരുക്ക പ്രാർത്ഥന നടന്നു. ജൂൺ 8-ാം തീയതി ബഡ്സ് പബ്ലിക് സ്കൂളിൽ വച്ച് നടന്ന Inter Church Competition-ൽ പങ്കെടുക്കുവാൻ നമ്മുടെ സണ്ടേസ്കൂളിന് സാധിച്ചു. ജൂൺ 20 മുതൽ സെപ്റ്റംബർ 12 വരെയുള്ള വ്യാഴാഴ്ചകളിലെ ആരാധനയ്ക്കുശേഷം വി. ബി. എസ്. നടത്തപ്പെട്ടു. 'നന്മ ചെയ്‌വാൻ പഠിപ്പിൻ' എന്ന നമ്മുടെ മഹായിടവക ചിന്താവിഷയത്തെ ആസ്പദമാക്കിയായിരുന്നു ഈ വർഷത്തെ വി. ബി. എസ്. നടത്തപ്പെട്ടത്. ശ്രീ. രാകേഷ്, ശ്രീ. സാജൻ എന്നിവരായിരുന്നു വി. ബി. എസ്.നു നേതൃത്വം നൽകിയത്. നവംബർ മാസത്തിലെ രണ്ടാമത്തെ വ്യാഴാഴ്ച അഖില ലോക സണ്ടേസ്കൂൾ ദിനത്തിൽ റവ. വിനോദ് വിക്ടർ അച്ചനും ശ്രീമതി. മോളി കൊച്ചമ്മയും അതിഥികളായി എത്തുകയും അച്ചൻ മുഖ്യ സന്ദേശം നൽകുകയും ചെയ്തു. നവംബർ 21-ാം തീയതി വ്യാഴാഴ്ച ആരാധനയ്ക്കുശേഷം ആദ്യമായി കുട്ടികളുടെ കലാ മൽസരം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ശ്രീ. ഫിന്നി സാമുവേൽ, ശ്രീ. സന്ദീപ് എന്നിവർ ആയിരുന്നു മൽസരം വിലയിരുത്താൻ എത്തിയത്. ഈ വർഷത്തെ സംഘടനാ പ്രവർത്തനങ്ങൾക്കായി കുട്ടികളിൽ നിന്ന് ദാനാർപ്പണം സ്വീകരിച്ചിരുന്നു.



# സണ്ടേസ്കൂൾ റിപ്പോർട്ട്

2014 ലെ സണ്ടേസ്കൂൾ കമ്മിറ്റി ശ്രീമതി. ബബിത (സെക്രട്ടറി), ശ്രീ. ഷാജി ഡി. ആർ. (സഭാ സെക്രട്ടറി), ശ്രീ. ആസ്റ്റിൻലാൽ, ശ്രീ. സണ്ണി, ശ്രീമതി. കുസുമം (സഭാ കമ്മിറ്റി പ്രതിനിധികൾ) ശ്രീമതി. റായിമോൾ, ശ്രീമതി. സ്മിത അലക്സ്, ശ്രീമതി. ക്രിസ്റ്റിൻ ബ്യൂല, ശ്രീമതി. സിമി അജിത് (അദ്ധ്യാപകർ) എന്നിവർ ഉൾപ്പെട്ടതായിരുന്നു. ഫെബ്രുവരി മാസം 13-ാം തീയതി ഈ വർഷത്തെ സണ്ടേസ്കൂൾ ക്ലാസുകൾ ആരംഭിച്ചു. ഹൈദരാബാദ് കേന്ദ്രമാക്കിയുള്ള Christian Education Department of Evangelical Fellowship of India (CEDEFI) യുടെ പാഠ്യപദ്ധതി ഈ വർഷം ഉപയോഗിച്ചു. സണ്ടേസ്കൂളിനു മുൻപുള്ള അസംബ്ലിക്ക് അദ്ധ്യാപകർ നേതൃത്വം നൽകി. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കേണ്ടതിനായി നമ്മുടെ സണ്ടേസ്കൂളിലെ ഒരു മുൻ വിദ്യാർത്ഥിയ്ക്ക് പഠനസഹായം കുട്ടികളിൽ നിന്ന് ശേഖരിച്ചു നൽകി. മേയ് മാസം 29-ാം തീയതി സണ്ടേസ ്കൂളിന്റെ ഒരു ലേലം നടന്നു. ഓഗസ്റ്റ് 21 മുതൽ 28 വരെ നടന്ന വി. ബി. എസ്. വ്യത്യസ്ത അനുഭവമായിരുന്നു. ശ്രീ. സാജൻ, ശ്രീ. രാകേഷ്, ശ്രീമതി. നിജി, ശ്രീമതി. സിമി, ശ്രീമതി. ബബിത, ശ്രീമതി. റ്റിന്റു ഗിൽബർട്ട് എന്നിവർ വി. ബി. എസ്. ലീഡേഴ്സ് ആയി ശുശ്രൂഷ ചെയ്തു. നവംബർ മാസം 13-ാം തീയതി വ്യാഴാഴ്ച അഖില ലോക സണ്ടേസ്കൂൾ ദിനത്തോടനുബന്ധിച്ച് നടന്ന ആരാധനയിൽ നമ്മുടെ സണ്ടേസ്കൂൾ വിദ്യാർത്ഥിയായ ആൻലിയാ വി. ജോസ് അദ്ധ്യക്ഷയായി വചന സന്ദേശം നൽകി. ഇത് നമ്മുടെ സഭയിൽ ഒരു നവ്യാനുഭവമായിരുന്നു.

2015 ലെ സണ്ടേസ്കൂൾ സെക്രട്ടറിയായി ശ്രീമതി. സ്മിത അലക്സും, അക്കൗണ്ടന്റായി ശ്രീമതി. റ്റിന്റു ഗിൽബർട്ടും ചുമതലയേറ്റു. 2015 മാർച്ച് മാസം മുതൽ സഭാകമ്മിറ്റി യുടെ നിർദ്ദേശപ്രകാരം ശ്രീ. സണ്ണി ഡീഖർ സെക്രട്ടറി എന്ന ചുമതല നിർവഹിച്ചു. വ്യാഴാഴ്ച ആരാധനയ്ക്കു ശേഷം രാത്രി 10 മണിയ്ക്ക് പള്ളിയിൽ വച്ച് സണ്ടേസ്കൂൾ നടന്നു. ഈ വർഷം 20 കുട്ടികൾ സണ്ടേസ്കൂളിൽ ഉണ്ടായിരുന്നു. സണ്ടേസ്കൂൾ അസംബ്ലി സമയത്ത് ബൈബിൾ പുസ്തകങ്ങളുടെ പേർ ക്രമമായി പഠിപ്പിക്കുകയും ചെയ്തു. 7 കുഞ്ഞുങ്ങൾ 66 പുസ്തകങ്ങളുടേയും പേർ മനഃപാഠമായി പറയുകയും ചെയ്തു. ഷാർജയിലെ പാഴ്സനേജിൽ വച്ചാണ് ഈ വർഷത്തെ വി. ബി. എസ്. സണ്ടേസ്കൂളിനായി നടന്നത്. ശ്രീ. രാകേഷ്, ശ്രീമതി. അനിഷ്ക, ശ്രീമതി. റ്റിന്റു ഗിൽബർട്ട്, ശ്രീമതി. ലിജി സന്തോഷ് എന്നിവരായിരുന്നു ഈ വർഷത്തെ വി. ബി. എസ്. ലീഡേഴ്സ്. റവ. ക്രിസ്റ്റൽ ജയരാജ് അച്ചൻ എല്ലാ ദിവസവും ധ്യാനത്തിന് നേതൃത്വം നൽകി. വി. ബി. എസ്-ന്റെ അലങ്കാരം-ഇൻസ്പക്ഷൻ എന്നീ പ്രത്യേകതകൾ ഉണ്ടായിരുന്ന ദിനത്തിൽ ഷാർജ തമിഴ് സഭാ ശുശ്രൂഷകൻ റവ. ബർന്നബാസ് അച്ചൻ സന്നിഹിതനായിരുന്നു. നവംബർ 5-ാം തീയതി കുഞ്ഞുങ്ങൾ നേതൃത്വം നൽകിയ അഖില ലോക സണ്ടേസ്കൂൾ ആരാധനയ്ക്കുശേഷം ഒരു ഫുഡ് ഫെസ്റ്റ് നടന്നു. ഈ വർഷത്തെ സണ്ടേസ്കൂൾ പരീക്ഷകളിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റ് നൽകി.

റവ. ക്രിസ്റ്റൽ ജയരാജ് അദ്ധ്യക്ഷനായി, ശ്രീമതി. ബബിത (സെക്രട്ടറി), ശ്രീമതി. റ്റിന്റു ഗിൽബർട്ട് (അക്കൗണ്ടന്റ്) എന്നിവരുടെ നേതൃത്വത്തിൽ മറ്റു അദ്ധ്യാപകരും സഭാകമ്മിറ്റി പ്രതിനിധികളും അടങ്ങിയ കമ്മിറ്റി 2016-ലെ സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ആകെ 22 കുഞ്ഞുങ്ങൾ പങ്കെടുത്തു. ശ്രീമതി. അബിഷ ഹിഗ്ഗിൻസ്, ശ്രീ. ബിനുലാൽ, ശ്രീ. ഷാജി ഡി.ആർ. എന്നിവർ ഈ വർഷം അദ്ധ്യാപകരായി ചേർക്കപ്പെട്ടു. റവ. ക്രിസ്റ്റൽ ജയരാജ് അച്ചന്റെ യാത്രയയപ്പ് വേളയിൽ അച്ചൻ പരിശീലിപ്പിച്ച ഗാനം ആലപിച്ച് സണ്ടേസ്കൂൾ കുഞ്ഞുങ്ങൾ ആദരവ് നൽകി. നമ്മുടെ ജീവിത ത്തിൽ അമ്മയുടെ സ്ഥാനം എത്ര വലുതാണെന്ന് കുഞ്ഞുങ്ങളെ ഓർമ്മപ്പെടുത്താൻ മേയ് മാസം 19-ാം തീയതി മദേഴ്സ് ഡേ ആയി ആഘോഷിച്ചു. വേദപുസ്തകത്തിലെ അമ്മമാരെ ഉൾപ്പെടുത്തി ജൂനിയർ ഗ്രേഡിലെ റെയ്ച്ചൽ പി. ബിജു ദൈവവചനം പങ്കുവച്ചു. കുഞ്ഞുങ്ങൾ അവരുടെ അമ്മമാർക്ക് പൂക്കൾ നൽകി ആദരിച്ചതും മധുരമുള്ള ഓർമ്മയാണ്. ദുബായ്- ഷാർജ മാർത്തോമാ സഭകളുടെ യൂത്ത് ചാപ്ലയിൻ ആയി ശുശ്രൂഷ ചെയ്യുന്ന റവ. റോബി ജെ. മാത്യു അച്ചനും അദ്ദേഹത്തിന്റെ പത്നി ശ്രീമതി. ലിൻസ ആനി കൊച്ചമ്മയുമാണ് ഈ വർഷത്തെ വി. ബി. എസ്. ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയത്. ശ്രീമതി. റ്റിന്റു



# സണ്ടേസ്കൂൾ റിപ്പോർട്ട്



ഗിൽബർട്ട് ആയിരുന്നു കൺവീനറായി പ്രവർത്തിച്ചത്. നവംബർ മാസം 3-ാം തീയതി നടന്ന അഖില ലോക സണ്ടേസ്കൂൾ ദിന ആരാധനയിൽ ജൂനിയർ ഗ്രേഡിലെ അമല പ്രസാദ് വചന ധ്യാനം നിർവ്വഹിച്ചു. സണ്ടേസ്കൂൾ കുട്ടികൾക്കായി ഒരു ഹാഫ് ഡേ പിക്നിക് നവംബർ മാസം 4-ാം തീയതി ഖവനീജിലെ അൽ റവാബി ഡയറി ഫാം കേന്ദ്രമാക്കി നടന്നു. കുട്ടികൾക്കായുള്ള ഗെയിംമുകളും അന്നേ ദിവസം നടത്തപ്പെട്ടു. സണ്ടേസ്കൂൾ കുഞ്ഞുങ്ങളെ ഉൾപ്പെടുത്തി ഒരു ജൂനിയർ ക്വയർ രൂപീകരിക്കാനും ഈ വർഷം സാധിച്ചു. ശ്രീ. അലക്സ് പ്രസാദ് ഈ ഉദ്യമത്തിന് നേതൃത്വം നൽകി. 2016-ലെ സംഘടനകളുടെ വാർഷിക ദിനത്തിൽ മോസ്റ്റ് റവ. ഡോ. ജെ. ഡബ്ല്യു. ഗ്ലാഡ്സ്റ്റൺ തിരുമേനിയും ശ്രീമതി. ഹെപ്സി ഗ്ലാഡ്സ്റ്റൺ ബിഷപ്പമ്മയും നമ്മുടെ മുൻ സഭാ ശുശ്രൂഷകൻ റവ. സുരേഷ് കുമാർ അച്ചനും പങ്കെടുത്തത് ഏറെ അനുഗ്രഹപ്രദമായിരുന്നു.

2017-ൽ സണ്ടേസ്കൂൾ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ റവ. റോയ് അച്ചൻ ആയിരുന്നു. ശ്രീ. ബിനുലാൽ (സെക്രട്ടറി), ശ്രീമതി. ബബിത (അക്കൗ ണ്ടന്റ്) ശ്രീ. ഷാജി ഡി.ആർ (സഭാ കമ്മിറ്റി പ്രതിനിധി) എന്നിവരും മറ്റ് അദ്ധ്യാപകരും ചേർന്ന സണ്ടേസ്കൂൾ കമ്മിറ്റി ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ശ്രീമതി. നിജി മോസസ്, ശ്രീ. അലക്സ് പ്രസാദ് എന്നിവർ ഈ വർഷം അദ്ധ്യാപകരായി ചേർക്കപ്പെട്ടു. മുപ്പതോളം കുട്ടികൾ ഈ വർഷം പങ്കെടുത്തു. വ്യാഴാഴ്ചകളിലെ സഭാരാധനകളിൽ രണ്ടാമത്തെ പാഠഭാഗം വായിക്കുന്നതിന് സണ്ടേസ്കൂൾ കുഞ്ഞുങ്ങളെ ചുമതലപ്പെടുത്തുന്ന പതിവ് ഈ വർഷം മുതൽ ആരംഭിച്ചു. എല്ലാ മാസങ്ങളിലും 4-ാമത്തെ ആഴ്ചയിലെ സ്തോത്രക്കാണിക്ക ശേഖരണം കുഞ്ഞുങ്ങൾ നിർവഹിച്ചു. ഏപ്രിൽ മാസം 18-ാം തീയതി ദുബായ് സെന്റ്. തോമസ് ഓർത്തഡോക്സ് സഭയിൽ വച്ച് KCC-യുടെ നേതൃത്വത്തിൽ നടന്ന Easter Egg എന്ന പെയിന്റിംഗ് മൽസരത്തിൽ നമ്മുടെ സണ്ടേസ്കൂൾ കുട്ടികൾ പങ്കെടുക്കുകയും ബിൻസി ബി. ആർ., അനഘ് ഷാജി എന്നിവർ സമ്മാനങ്ങൾക്ക് അർഹരാവുകയും ചെയ്തു. ജൂൺ മാസം 22 മുതൽ 29 വരെ നടന്ന വി. ബി. എസ്-ൽ മഹായിടവക തയ്യാറാക്കിയ 'Zoom In' എന്ന വിഷയമായിരുന്നു ചിന്താവിഷയം. സി. എസ്. ഐ. മണ്ണന്തല സഭാശുശ്രൂഷകൻ റവ. അനൂപ് സാം അച്ചനും സഹധർമ്മിണി ഡോ. ജീന കൊച്ചമ്മയും ലീഡേഴ്സ് ആയിരുന്നു. ആദ്യമായാണ് നമ്മുടെ മഹായിടവകയിൽ നിന്ന് ഒരു അച്ചൻ വി. ബി. എസ്. നായി നമ്മുടെ സഭയിൽ എത്തിച്ചേരുന്നത്. ഷാർജ തമിഴ് സി. എൻ. ഐ. ഇടവകയുടെ സഭാ ശുശ്രൂഷകൻ റവ. ജോൺ റോളണ്ട് അച്ചൻ വി. ബി. എസ്. ഉത്ഘാടനം ചെയ്തു. ഈ വർഷത്തെ അഖില ലോക സണ്ടേസ്കൂൾ ദിനത്തിന് വചന സന്ദേശം നൽകിയത് ഇന്റർ മീഡിയറ്റിലെ അഖിൽ പ്രസാദ് ആയിരുന്നു. പരശുവയ്ക്കൽ എൽ. എം. എസ്. സ്കൂളിലെ പത്ത് കുഞ്ഞുങ്ങൾക്കും, വടക്കേ ഇന്ത്യയിലെ മിഷണറിമാരുടെ മക്കളിൽ ചിലർക്കും, സി. എസ്. ഐ. തൊഴുക്കൽ സഭയിലെ 2 കുട്ടികൾക്കും വസ്ത്രം നൽകാൻ സാധിച്ചു.

2018 ലെ സണ്ടേസ്കൂൾ സെക്രട്ടറിയായി ശ്രീമതി റ്റിന്റു ഗിൽബർട്ടും അക്കൗണ്ടന്റ് ആയി ശ്രീമതി. നിജി മോസസും ചുമതലയേറ്റു. സഭയുടെ ഹാർവസ്റ്റ് ഫെസ്റ്റിൽ ഓരോ ക്ലാസുകളും അവരവരെ ക്കൊണ്ട് സാധിക്കുന്ന പ്രവർത്തനങ്ങൾ ചെയ്ത് ഭംഗിപ്പെടുത്തി. മാർച്ച് മാസം നടന്ന വി. ബി. എസ്. വ്യത്യസ്തമായ അനുഭവമായിരുന്നു. നമ്മുടെ മഹാ യിടവകയിൽ നിന്ന് ശ്രീ. അമൃത് വി. ഇസ്രായേൽ, ശ്രീ. സുമജ് എന്നിവർ വി. ബി. എസ്. ലീഡേഴ്സ് ആയിരുന്നു. മേയ് മാസം 31-ാം തീയതി ആരാധനാ മദ്ധ്യേ പാരന്റ്സ് ഡേ ആയി ആഘോഷിച്ചു. ചിലനാളുകൾക്കുശേഷം ശ്രീ. അലക്സ് പ്രസാദിനെ സണ്ടേസ്കൂൾ സെക്രട്ടറിയായി സഭാ കമ്മിറ്റി ചുമതലപ്പെടുത്തി. നവംബർ മാസം 2-ാം തീയതി ദുബായിലെ Oasis Petting Farmþൽ വച്ച് സണ്ടേസ്കൂൾ കുട്ടികൾക്കായി ഒരു പിക്നിക് നടത്തി. ഈ വർഷത്തെ അഖില ലോക സണ്ടേസ്കൂൾ ദിനത്തിന് വചന സന്ദേശം പങ്കുവച്ചത് അമല പ്രസാദ് ആയിരുന്നു. സണ്ടേസ്കൂളിന്റെ കലാമൽസരങ്ങൾ മറ്റ് സംഘടനകളോടൊപ്പം സംയുക്തമായി നവംബർ 30 ന് മുഹൈസ്നയിലെ സെന്റ്. മേരീസ് സ്കൂളിൽ വച്ച്



# സണ്ടേസ്കൂൾ റിപ്പോർട്ട്



നടത്തപ്പെട്ടു. ശ്രീമതി. വർഷ മെൽബിൻ (സെക്രട്ടറി), ശ്രീമതി. സ്മിത അലക്സ് (അക്കൗണ്ടന്റ്), സഭാ സെക്രട്ടറി, സഭാ കമ്മിറ്റി പ്രതിനിധികൾ, മറ്റ് അദ്ധ്യാപകർ എന്നിവർ 2019-ലെ സണ്ടേസ്കൂൾ കമ്മിറ്റിയ്ക്ക് നേതൃത്വം നൽകി. ശ്രീമതി. ജിൻസി പ്രവീൺ, ശ്രീ. അനൂപ് സർളിംഗ് എന്നിവർ ഈ വർഷം സണ്ടേസ്കൂളിൽ അദ്ധ്യാപകരായി ചേർന്നു. മേയ് മാസം 30 മുതൽ ജൂൺ 6 വരെയുള്ള ദിവസങ്ങളിൽ വി. ബി. എസ്. നടന്നു. സഭാ ശുശ്രൂഷകനായ റവ. സ്റ്റീഫൻ ജോസഫ് അച്ചൻ വി. ബി. എസ്. ന് നേതൃത്വം നൽകി. ശ്രീമതി. ജിൻസി, ശ്രീ. പ്രവീൺ, കുമാരി. അമല പ്രസാദ്, എന്നിവർ അച്ചനെ സഹായിച്ചു. അഖില ലോക സണ്ടേസ്കൂൾ ദിനത്തിന് വചന സന്ദേശം നൽകിയത് സീനിയർ ഗ്രേഡ് വിദ്യാർത്ഥി ജോവിൻ ജോയ് ആയിരുന്നു. കുട്ടികളിലെ സർഗ്ഗാത്മകത മെച്ചപ്പെടുത്താനായി The Herald എന്ന പേരിൽ മൂന്നു മാസത്തിലൊരിക്കൽ ഒരു പ്രസിദ്ധീകരണം തയ്യാറാക്കി അവതരിപ്പിക്കപ്പെട്ടു. ശ്രീമതി. നിജി മോസസ് ഇതിന്റെ കൺവീനർ ആയി ചുമതല വഹിച്ചു.

2020-ൽ ശ്രീമതി. വർഷ മെൽബിൻ (സെക്രട്ടറി), ശ്രീമതി. സ്മിത അലക്സ് (അക്കൗണ്ടന്റ്), സഭാ സെക്രട്ടറി, സഭാ കമ്മിറ്റി പ്രതിനിധികൾ, മറ്റ് അദ്ധ്യാപകർ എന്നിവർ സണ്ടേസ്കൂൾ കമ്മിറ്റിയ്ക്ക് നേതൃത്വം നൽകി. ആശങ്ക പടർത്തിയ കോവിഡ് സാഹചര്യത്താൽ ആലയത്തിൽ വച്ചുള്ള ആരാധനകൾ നടക്കാതെ വരികയും സണ്ടേസ്കൂൾ പഠനം ഓൺലൈനായി നടത്തപ്പെടുകയും ചെയ്ത വർഷമായിരുന്നു 2020. പദ്ധതിയിട്ട പല കാര്യങ്ങളും നടക്കാതെ വന്നപ്പോൾ വ്യത്യസ്തമായ കാര്യങ്ങളാൽ ഈ വർഷത്തെ സണ്ടേസ്കൂൾ അനുഗ്രഹപ്രദമായി. ഫെബ്രുവരി അവസാനത്തോടെ സണ്ടേസ്കൂൾ ക്ലാസുകൾ Zoom meeting-ലൂടെ നടത്താൻ ആരംഭിച്ചു. ഓഗസ്റ്റ് മാസം 15 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ ഓൺലൈൻ ആയി വി. ബി. എസ്. നടത്തപ്പെട്ടു. ദുബായ് സി. എസ്. ഐ. തമിഴ് ഇടവകയിലെ ശ്രീമതി. ജയന്തി സമ്പത്തിന്റെ നേതൃത്വത്തിലുള്ള സംഘം വി. ബി. എസ്. ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. 'With God All things are possible' എന്നതായിരുന്നു ഈ വർഷത്തെ ചിന്താവിഷയം. അഖില ലോക സണ്ടേസ്കൂൾ ദിനത്തിന് ദൈവവചനം പങ്കുവയ്ച്ചത് സീനിയർ ഗ്രേഡ് വിദ്യാർത്ഥി അനഘ് ഷാജി ആയിരുന്നു.

വചനമായ ക്രിസ്തുവിനെ കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്താൻ സഭയിലെ സണ്ടേസ്കൂൾ നൽകുന്ന സേവനം അതിശ്രേഷ്ഠമത്രേ. ഇക്കഴിഞ്ഞ കാലങ്ങളിൽ അതിനായി പ്രാർത്ഥിച്ച, ഉത്തരവാദിത്തങ്ങൾ വഹിച്ച, സഹകരിച്ച എല്ലാവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കട്ടേ.

സണ്ടേസ്കൂൾ സെക്രട്ടറി.


ശ്രീമതി. ബബിത വില്ല്യംസ്


ശ്രീമതി. സ്മിത അലക്സ്


ശ്രീ. സണ്ണി ഡി.


ശ്രീ. ബിനുലാൽ സി.എസ്


ശ്രീ. അലക്സ് പ്രസാദ്


ശ്രീമതി. റ്റിന്റു ഗിൽബർട്ട്


ശ്രീമതി. വർഷ മെൽബിൻ

# സി.ഇ.വൈ.എഫ്. റിപ്പോർട്ട്

**ആരും നിന്റെ യൌവ്വനം തുച്ഛീകരിക്കരുത്; I തിമൊഥെയൊസ് 4 : 12**



ക്രിസ്തുവിൽ പ്രിയരേ,

ദക്ഷിണ കേരള മഹായിടവകയിലെ വിവിധ സഭകളുടെ കൂട്ടായ്മയാണ് സി. എസ്. ഐ. ദുബായ് ഇടവക. പല സഭകളിൽ നിന്നുമുള്ള യുവജനങ്ങൾ ഈ കൂട്ടായ്മയുടെ ഭാഗമാണ്. തങ്ങളുടെ മാത്രം ഇടവകയിൽ ലഭിക്കേണ്ടിയിരുന്ന ആത്മീയ പരി പോഷണം ഈ പ്രവാസ ദേശത്ത് ഒട്ടും നഷ്ടമാ കാതെ ലഭ്യമാക്കുന്നതിനും, അത്ഭുതങ്ങൾ നിറഞ്ഞ യൌവ്വന കാലത്ത് ക്രിസ്തു നാമത്തിൽ സ്വർഗ്ഗ രാജ്യ വ്യാപ്തിക്കായി അനേക കാര്യങ്ങളെ ചെയ്യു വാനും ദുബായ് ഇടവകയുടെ സി.ഈ.വൈ. എഫ്-ലൂടെ സാധിക്കുന്നു. ദുബായ് ഇടവകയുടെ ആദ്യ നാളുകളിൽ മുന്നിൽ നിന്ന് പ്രവർത്തിച്ചതിൽ പലരും തങ്ങളുടെ യൌവ്വന കാലം ഈ സഭയുടെ വളർച്ചക്കായി പ്രവർത്തിച്ചു എന്നത് നന്ദിയോടെ ഓർക്കുന്നു. ദൈവം അവരിലൂടെ നൽകിയ നന്മകൾക്ക് നന്ദി അർപ്പിച്ചു കൊണ്ട് സംഘടനയുടെ നാളിതുവരെയുള്ള ലഘു റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കട്ടേ.

'ആരാധന, പഠനം, സേവനം' എന്ന ആപ്ത വാക്യത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ യുവജന സഖ്യത്തിലൂടെ ചെയ്യുവാൻ നാളിതുവരെ ദൈവം സംഘടനയെ സഹായിച്ചു. 28-1-2010- ൽ നടന്ന ഇടവക പൊതുയോഗത്തിൽ വച്ചാണ് സഭയുടെ പോഷക സംഘടനകൾക്ക് രൂപം നൽകുന്നത്. പ്രസ്തുത യോഗത്തിൽ വച്ച് സംഘടനയുടെ ആദ്യ സെക്രട്ടറിയായി ശ്രീ. ആസ്റ്റിൻലാൽ എം. ജോസിനേയും അക്കൗണ്ടന്റ് ആയി ശ്രീ. അജി തോമസിനേയും ചുമതലപ്പെടുത്തി. 2012ൽ ശ്രീ. രാകേഷ് ആയിരുന്നു യുവജന സഖ്യ സെക്ര ട്ടറിയായി പ്രവർത്തിച്ചത്. ഈ കാലയളവിൽ എൽ. എം. എസ്. വിൽസ് ഗേൾസ് ബോർഡിംഗ് ഹോമിലെ ഒരു കുട്ടിയെ സ്പോൺസർ ചെയ്യാൻ സാധിച്ചു.

2014-ൽ ശ്രീമതി. നിജി മോസസ് വൈസ് പ്രസിഡന്റായും ശ്രീ. സാജൻ പി. രാജ് സെക്രട്ടറിയായും ശ്രീ. സതീഷ് ജോർജ്ജ് അക്കൗണ്ടന്റായും ശ്രീ. അനൂപ് എൻ.സി., ശ്രീ. ഷിബിൻ എന്നിവർ കമ്മിറ്റി അംഗങ്ങളായും സംഘടന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. റവ. ആർ. എസ്. സുരേഷ്കുമാർ അച്ചന്റെ അദ്ധ്യക്ഷതയിൽ സംഘടനാ നയിക്കപ്പെട്ടു. റമദാൻ കാലത്തെ ഇഫ്ത്താർ കിറ്റ് വിതരണത്തിൽ യുവജനസഖ്യ അംഗങ്ങൾ സജീവമായി പങ്കെടുത്തു. 29-09-2014 ൽ ബഡ്സ് സ്കൂളിൽ വച്ചു നടന്ന യു. എ. ഇ. ഇന്റർ ചർച്ച് കോമ്പറ്റീഷനിൽ നമ്മുടെ സംഘടനയ്ക്കും പങ്കെടുക്കാൻ സാധിച്ചു.

2015 ൽ ശ്രീ. രാകേഷ് വൈസ് പ്രസിഡന്റായും ശ്രീ. സാജൻ പി. രാജ് സെക്രട്ടറിയായും ശ്രീ. സന്തോഷ് കുമാർ, ശ്രീ. ഗിൽബർട്ട്, ശ്രീ. ഷെറിൻ എന്നിവർ കമ്മിറ്റി അംഗങ്ങളായും പ്രവർത്തിച്ചു. സംഘടനയുടെ നേതൃത്വത്തിൽ ചൈൽഡ് സ്പോൺസർഷിപ്പ് വിപുലീകരിച്ച് 2 കുട്ടികളെ സ്പോൺസർ ചെയ്യുവാൻ സാധിച്ചു. അൽ ഖൂസ് പ്രയർ മീറ്റിംഗിൽ സജീവമായ പങ്കാളിത്തം വഹിക്കാനും ഈ വർഷത്തെ യുവജന സഖ്യത്തിനു കഴിഞ്ഞു.

2016 ൽ സംഘടയുടെ സെക്രട്ടറിയായി പ്രവത്തിച്ചത് ശ്രീ. സാജൻ പി. രാജ് ആയിരുന്നു. വൈസ് പ്രസിഡന്റും അക്കൗണ്ടന്റുമായി ശ്രീ. ബിജു വർഗീസും, കമ്മിറ്റി അംഗങ്ങൾ ആയി ശ്രീ. ഗിൽബർട്ട് രാജ്, ശ്രീ. വിജേഷ് വിജയകുമാർ, ശ്രീ. സാംജിത് പോൾ, ശ്രീ. വിജീത് വൽസലം, ശ്രീ. സന്തോഷ് കുമാർ എന്നിവർ പ്രവർത്തിച്ചു. ഈ വർഷത്തിന്റെ ആദ്യ മാസങ്ങളിൽ റവ. ക്രിസ്റ്റൽ ജയരാജ് അച്ചന്റേയും പിന്നീട് റവ. റോയി ഡി. എസ്. അച്ചന്റേയും നേതൃത്വം സംഘടനയുടെ വളർച്ചയ്ക്ക് കാരണമായി. മഹായിടവകയുടെ ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിലുള്ള വിൽസ് ഗേൾസ് ബോർഡിംഗ് ഹോമിലെ രണ്ട് കുട്ടികളുടെ പഠനത്തിന് വേണ്ടുന്ന സാമ്പത്തിക സഹായം സ്പോൺസർ ചെയ്യാൻ ഈ വർഷത്തിലും സാധിച്ചു. ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിൽ യുവജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ശ്രീ. വിജീത് വൽസലത്തിനെ പ്രോഗ്രാം കൺവീനറായി ചുമതലപ്പെടുത്തി. ഒന്നിടവിട്ടുള്ള തിങ്കളാഴ്ച ദിവസങ്ങളിൽ നടന്നിരുന്ന അൽ ഖൂസ് പ്രാർത്ഥന കൂട്ടായ്മകളിൽ യുവജനസഖ്യ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കുകയും ചെയ്തിരുന്നു. 2016 സെപ്റ്റംബർ മാസം കെ. സി. സി. നേതൃത്വം നൽകിയ പ്രാർത്ഥന കൂട്ടായ്മയിലും യുവജനസഖ്യ അംഗങ്ങൾ പങ്കെടുത്തു.

2017 ൽ സംഘടനയുടെ വൈസ് പ്രസിഡന്റ് ആയി ശ്രീമതി. റിഷ വിജേഷ്, സെക്രട്ടറിയായി ശ്രീ. സാംജിത് പോൾ, ട്രഷറർ ആയി ശ്രീ. സുനിൽ കമ്മിറ്റി അംഗങ്ങളായി ശ്രീ. സാജൻ പി.രാജ്, ശ്രീ. സന്തോഷ്, ശ്രീമതി. നിജി മോസസ്, ശ്രീ. വിജേഷ് എന്നിവർ സംഘടനയ്ക്ക് നേതൃത്വം നൽകി. റവ. റോയി അച്ചന്റെ കരുതലും ഈ വർഷത്തെ പ്രവർത്തനങ്ങൾ ഭംഗിയായി കൊണ്ടുപോകാൻ സഹായിച്ചു. കരുണ സോഷ്യൽ സർവ്വീസിലൂടെ ഈ വർഷവും രണ്ട് കുട്ടികളെ സ്പോൺസർ



# സി.ഇ.വൈ.എഫ് റിപ്പോർട്ട്



ചെയ്യാൻ സാധിച്ചു. അൽ ഖൂസ് പ്രയർ മീറ്റിംഗുകളിലും സജീവമാകാൻ യുവജന സഖ്യത്തിനു കഴിഞ്ഞു. ഈ വർഷത്തെ കലാ മൽസരങ്ങൾ ഡിസംബർ മാസം ഒന്നാം തീയതി മുഹൈസ്ന സെന്റ്. മേരീസ് സ്കൂളിൽ വച്ച് നടത്തെപ്പെട്ടു.

ശ്രീ. ഡിനോ വൈസ് പ്രസിഡന്റായും, ശ്രീ. വിജേഷ് സെക്രട്ടറിയായും ശ്രീ. സാംജിത് പോൾ അക്കൗണ്ടന്റായും ശ്രീ. ജിത്തു, ശ്രീ. രാകേഷ്, ശ്രീ. സാജൻ, ശ്രീമതി. റിഷ എന്നിവർ കമ്മിറ്റി. അംഗങ്ങളായും നേതൃത്വം നൽകിയ കമ്മിറ്റിയാണ് 2018 ലെ യുവജനസഖ്യ പ്രവർ ത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. റവ. റോയി അച്ചൻ സംഘടനയുടെ പ്രസിഡന്റായി നേതൃത്വം നൽകി. അൽ ഖൂസിലെ പ്രാർത്ഥന കൂട്ടായ്മയ്ക്ക് യുവജനങ്ങൾ സജീവമായി പങ്കെടുത്തു. ക്യാമ്പ് അംഗങ്ങളുടെ മാനസിക സന്തോഷവും ഉല്ലാസവും മുൻ നിർത്തി പ്രാർത്ഥനായോഗത്തിനു ശേഷം ജന്മദിനാഘോഷങ്ങൾ സംഘടിപ്പിച്ചിരുന്നു. Knowledge Hunt 2018 എന്ന പേരിൽ യു. എ. ഇ. യിലെ വിവിധ സഭകളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ബൈബിൾ ക്വിസ് മത്സരം നടത്താൻ സാധിച്ചു. പാഴ്സനേജിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാഷിംഗ് മെഷീൻ, കട്ടിൽ എന്നിവ യുവജന സഖ്യത്തിന്റെ പേരിൽ വാങ്ങി നൽകാൻ സംഘടനയ്ക്ക് സാധിച്ചു. നവംബർ 30-ന് സംഘടനയുടെ കലാ മൽസരങ്ങളും നടത്തപ്പെട്ടു.


2019-ൽ ശ്രീ. പ്രവീൺ ജസ്സസ് വൈസ് പ്രസിഡന്റായും ശ്രീ. സാജൻ സെക്രട്ടറിയായും ശ്രീ. സാംജിത് പോൾ അക്കൗണ്ടന്റായും, ശ്രീമതി അജിത, ശ്രീമതി ജോസ്ന, ശ്രീ. വിജീത് വൽസലം, ശ്രീ. മെൽബിൻ എന്നിവർ കമ്മിറ്റി അംഗങ്ങളായുമുള്ള നേതൃത്വം സംഘടനാ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു. ഈ വർഷം മേയ് മാസം വരെ റവ. ഡി. എസ്. റോയ് അച്ചനും അതിനുശേഷം റവ. സ്റ്റീഫൻ ജോസഫ് അച്ചനും പ്രസിഡന്റ് സ്ഥാനം വഹിച്ചു. ബൈബിൾ വായനാ ശീലം പ്രോത്സാഹിപ്പിക്കാൻ ലൂക്കോസ് സുവിശേഷത്തിന്റെ 7 അദ്ധ്യായങ്ങൾ വീതം ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ സംഘടനാരാധനകളിലും ബൈബിൾ ക്വിസ് നടന്നു. ഈ വർഷം ഒരു ഔട്ട്ഡോർ ഗെയിം, മംസാർ ബീച്ചിൽ വച്ച് നടത്താൻ സാധിച്ചു. സഭാരാധനകളിൽ ആരാധന ക്രമം പവർ പോയിന്റ് പ്രസന്റേഷനിലൂടെ പ്രദർശി പ്പിക്കുന്നതിന് ശ്രീ. സാജൻ ക്രമീകരണങ്ങൾ ചെയ്ത് സഹായിച്ചു. മുൻ വർഷങ്ങളിൽ ചെയ്തു വന്ന ചൈൽഡ് സ്പോൺസർഷിപ് പ്രോഗ്രാമിനു പകരമായി നമ്മുടെ മഹായിടവകയിലെ ഒരു മിഷണറിയുടെ 2 കുട്ടികളുടെ സ്കൂൾ ഫീസ് നൽകി സഹായിക്കാൻ സാധിച്ചു. 25-11-2019 ൽ ഹോളി ട്രിനിറ്റി ചർച്ച് സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ നമ്മുടെ യുവജന സഖ്യത്തിന് പങ്കാളിത്തം വഹിക്കാൻ സാധിച്ചു.

2020-ലെ യുവജനസഖ്യ കമ്മിറ്റിയിൽ വൈസ് പ്രസിഡന്റ് ആയി ശ്രീ. ജിത്തുമോൻ, സെക്രട്ടറി ആയി ശ്രീ. സാജൻ, അക്കൗണ്ടന്റ് ആയി ശ്രീമതി. ആത്മജ, കമ്മിറ്റി അംഗങ്ങളായി ശ്രീ. പ്രൈസൽസ് ജോൺ, ശ്രീ. പ്രവീൺ ജസ്സസ്, ശ്രീ. ഗിൽബർട്ട് എന്നിവർ ശുശ്രൂഷ ചെയ്തു. വേദപുസ്തക പഠനത്തിന് അൽമനക് അടിസ്ഥാനമാക്കി ബൈബിൾ ക്വിസ് നടത്താൻ സാധിച്ചു. മഹായിടവകയുമായി ബന്ധപ്പെട്ട് ഒരു കുഞ്ഞിന്റെ വിദ്യാഭ്യാസത്തിനു സാമ്പത്തിക സഹായം ചെയ്യാനും സംഘടനയ്ക്ക് സാധിച്ചു. കോവിഡ് 19 ഉണ്ടാക്കിയ പ്രതിസന്ധികൾ അതിജീവിച്ച് ഓൺലൈനിൽ ആരാധന സജീവമായി തുടരാൻ ഈ വർഷം സാധിച്ചു.


ഇടവകയുടെപൊതുവായ എല്ലാ പ്രോഗ്രാമുകൾക്കും യുവജനസഖ്യം വിലപ്പെട്ട പങ്ക് വഹിക്കുന്നു. ഹാർവെസ്റ്റ് ഫെസ്റ്റ്, വി. ബി. എസ്., കരുണ സോഷ്യൽ സർവ്വീസ് എന്നു തുടങ്ങി എല്ലാ കാര്യാദികളിലും യുവജനാംഗങ്ങൾ നൽകുന്ന സഹായം വളരെ വലുതാണ്. നാടും വീടും വിട്ട് പ്രവാസത്തിലായിരിക്കുന്ന ഇടവകാംഗങ്ങൾക്ക് കൂട്ടായ്മയുടേയും ആഹ്ലാദത്തിന്റേയും നിമിഷങ്ങൾ സമ്മാനിക്കാൻ യുവജനസഖ്യത്തിനു കഴിഞ്ഞു. കോവിഡ് കാലത്തിനു മുൻപ് വരെ എല്ലാ വ്യാഴാഴ്ചയും പൊതു ആരാധനയ്ക്ക് ശേഷമായിരുന്നു യുവജനസഖ്യ ആരാധന നടന്നിരുന്നത്. എന്നാൽ ഇപ്പോൾ എല്ലാ ഞായറാഴ്ചയും യു. എ. ഇ. സമയം രാത്രി 8 മണിമുതൽ ഓൺലൈനായി ആരാധനകൾ നടക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ സംഘടനയ്ക്ക് ആത്മീയ നേതൃത്വം നൽകിയ പട്ടക്കാരേയും കമ്മിറ്റിയുടെ ചുമതലകൾ വഹിച്ചവരേയും സംഘടനയുടെ പ്രവർത്തനങ്ങളെ വിജയിപ്പിച്ച എല്ലാ സഭാംഗങ്ങളേയും കാലാകാലങ്ങളിൽ ഞങ്ങളെ സഹായിച്ച ചർച്ച് കമ്മിറ്റികളേയും നന്ദിയോടെ ഓർക്കുന്നു. ക്രിസ്തു ശരീരമായ ഈ തിരുസഭയിൽ ഇനിയും സ്വർഗ്ഗരാജ്യ അനുഭവങ്ങൾ ഉണ്ടാക്കാൻ യുവജനങ്ങളെ സർവ്വശക്തനായ ദൈവം സഹായിക്കട്ടേ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു.


യുവജനസഖ്യ സെക്രട്ടറി




ശ്രീ. ആസ്റ്റിൻലാൽ എം. ജോസ്




ശ്രീ. രാകേഷ് എം. രാജേന്ദ്രൻ



ശ്രീ. സാജൻ പി. രാജ്



ശ്രീ. സാംജിത് പോൾ വി.എൻ.



ശ്രീ. വിജേഷ് വിജയകുമാർ

# സ്ത്രീജനസഖ്യം റിപ്പോർട്ട്

**"സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടു പണിയുന്നു;"** സദൃശ്യവാക്യങ്ങൾ 14 : 1

WOMEN'S FELLOWSHIP

2009 മുതലാണ് സ്ത്രീജനസഖ്യ ആരാധന സഭയിൽ ആരംഭിക്കുന്നത്. ആദ്യ പ്രസിഡന്റ് സീജ സുനിൽ കൊച്ചമ്മയും സെക്രട്ടറി ശ്രീമതി. റംല ക്രിസും ആയിരുന്നു. 2013 മുതൽ സംഘടനാ ആരാധനയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകാൻ തീരുമാനിക്കുകയും കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസിഡന്റായി റവ. ആർ. എസ്. സുരേഷ്കുമാർ അച്ചനും, വൈസ് പ്രസിഡന്റായി ശ്രീമതി. കുസുമം ജസ്റ്റസ്, സെക്രട്ടറിയായി ശ്രീമതി. വിനിത ജോസും, കമ്മിറ്റി അംഗങ്ങളായി ശ്രീമതി. റീജ റസൽ, ശ്രീമതി. റംല ക്രിസ് എന്നിവരെയും ചുമതലപ്പെടുത്തി. 6-6-2013 ൽ ആലയത്തിൽ വച്ച് കൂടിയ ആദ്യ പ്രതിഷ്ഠാരാധനയിൽ അംഗത്വ കാർഡ് നൽകു കയും ചെയ്തു. അന്നേ ദിവസം 15 അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. എല്ലാ വ്യാഴാഴ്ചകളിലും പൊതു ആരാധനയ്ക്കു ശേഷം രാത്രി 10 മണിയ്ക്ക് ആലയത്തിൽ വച്ചാണ് ആരാധനകൾ നടന്നിരുന്നത്.

2014-ലെ സംഘടനാ ഭാരവാഹികളായി ശ്രീമതി. കുസുമം ജസ്റ്റസ് (വൈസ് പ്രസിഡന്റ്), ശ്രീമതി. വിനിതാ ജോസ് (സെക്രട്ടറി) ശ്രീമതി. റീജാ റസൽ, ശ്രീമതി. പ്രതിഭാ ബിജു (കമ്മിറ്റി അംഗങ്ങൾ) എന്നിവർ ചുമതലയേറ്റു. ഈ വർഷം യുവജന സംഘടനയോട് ചേർന്ന് സംയുക്തമായാണ് ആരാധന നടന്നത്. ഒന്നിടവിട്ടുള്ള ആഴ്ചകളിൽ സ്ത്രീജനസഖ്യ അംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. തന്നാണ്ടിൽ സഭയുടെ കോയിൻ ബോക്സിലൂടെയുള്ള ദാനാർപ്പണത്തിന് നേതൃത്വം നൽകാൻ സ്ത്രീജന സഖ്യത്തെ ചുമതലപ്പെടുത്തി.

2015 ലെ സംഘടനാ പ്രതിനിധികൾ ശ്രീമതി. കുസുമം ജസ്റ്റസ് (വൈസ് പ്രസിഡന്റ്), ശ്രീമതി. വിനിതാ ജോസ് (സെക്രട്ടറി) ശ്രീമതി. റീജാ റസൽ (അക്കൗണ്ടന്റ്), ശ്രീമതി. സരിൻ, ശ്രീമതി. അബിഷ ഹിഗ്ഗിൻസ് (കമ്മിറ്റി അംഗങ്ങൾ) എന്നിവർ ചുമതലയേറ്റു. അച്ചന് ട്രാൻസ്ഫർ ഉണ്ടായതിനാൽ മേയ് മാസം മുതൽ റവ. ക്രിസ്റ്റൽ ജയരാജ് അച്ചൻ സംഘടനയുടെ പുതിയ പ്രസിഡന്റായി ചുമതലയേറ്റു. ഈ വർഷത്തിൽ സംഘടനയ്ക്കായി ഇയർ പ്ലാൻ തയ്യാറാക്കി. മാസത്തിൽ ഒന്നാമത്തെ ആഴ്ച പ്രതിഷ്ഠാരാധനയായും രണ്ടാമത്തെ ആഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയായും മൂന്നാമത്തെ ആഴ്ച അംഗങ്ങളുടെ സാക്ഷി യോഗം / പ്രസംഗമായും നാലാമത്തെ ആഴ്ച ആനുകാലിക സംഭവങ്ങളെ ആസ്പദമാക്കിയുള്ള ചർച്ചയായും അഞ്ചാമത്തെ ആഴ്ച ബൈബിൾ ക്വിസ് ആയും ആരാധനകൾ ക്രമീകരിക്കപ്പെട്ടു. ഈ വർഷത്തെ കുടുംബവാര ആരാധനയ്ക്ക് അംഗങ്ങൾ നേതൃത്വം നൽകി. കുടുംബവാര ആരാധനയിൽ പ്രത്യേക ദാനാർപ്പണത്തിലൂടെ സ്വരൂപിക്കപ്പെട്ട തുകയിൽ നിന്ന് 3000 ദിർഹം ചർച്ച് റെന്റിന് നൽകുവാൻ സാധിച്ചു. സംഘടനാംഗങ്ങൾക്കായുള്ള കലാമൽസരങ്ങൾ ഈ വർഷം നടത്തപ്പെടുകയുണ്ടായി. കൂടാതെ ഉപവാസ പ്രാർത്ഥന, ചെയിൻ പ്രയർ എന്നീ ശുശ്രൂഷകളും ഈ വർഷം നടത്തപ്പെട്ടു

സഭാ ശുശ്രൂഷകനായ റവ. ക്രിസ്റ്റൽ ജയരാജ് അച്ചന്റേയും സ്ത്രീജനസഖ്യ പ്രസിഡന്റ് ശ്രീമതി. ലിറ്റിൽ മേരി കൊച്ചമ്മയു ടേയും നേതൃത്വത്തിൽ 2016 ലെ സംഘടനാ തിരഞ്ഞെടുപ്പ് നടന്നു. ശ്രീമതി. കുസുമം ജസ്റ്റസ് (വൈസ് പ്രസിഡന്റ്), ശ്രീമതി. റീജാ റസൽ (സെക്രട്ടറി) ശ്രീമതി. അബിഷ ഹിഗ്ഗിൻസ് (അക്കൗണ്ടന്റ്), ശ്രീമതി. രാഖി, ശ്രീമതി. സ്മിത ബിനുലാൽ, ശ്രീമതി. സിമി അജിത്, ശ്രീമതി. പ്രതിഭാ ബിജു (കമ്മിറ്റി അംഗ ങ്ങൾ) എന്നിവർ ചുമതലയേറ്റു. 3 മാസത്തിലൊരിക്കൽ അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്താൻ ഈ വർഷം സാധിച്ചു. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാനും സാധിച്ചു. സഖ്യത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് **Arise and Shine** എന്ന പേരിൽ ഒരു വാട്സാപ്പ് കൂട്ടായ്മ ഈ വർഷം ആരംഭിച്ചു. മാർച്ച് 5-ാം തീയതി ദുബായ് ഹോളി ട്രിനിറ്റി സഭയിൽ വച്ച് **" Receive Children Receive me "** എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി നടത്തപ്പെട്ട Inter denominational day of prayer-ൽ നമ്മുടെ സംഘടനയ്ക്കും സാന്നിദ്ധ്യം അറിയിക്കുവാൻ സാധിച്ചു. മേയ് മാസം മുതൽ റവ. ഡി. എസ്. റോയ് അച്ചനും ശ്രീമതി. ആൻസി കൊച്ചമ്മയും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സഭയുടെ നേതൃത്വത്തിൽ നടക്കുന്ന ചെയിൻ പ്രയർ കഴിഞ്ഞ് വരുന്ന ആഴ്ചകളിൽ സ്ത്രീജനസഖ്യത്തിന്റെ നേതൃത്വത്തിലും ചെയിൻ പ്രയർ നടന്നു. ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ധനശേഖരണത്തിനായി മാസത്തിൽ ഒരു ദിവസം ഫുഡ് സെയിൽ നടത്തപ്പെട്ടു. സംഘടനാംഗങ്ങൾ ഇതിനായി ഭക്ഷണം തയ്യാറാക്കിക്കൊണ്ടു വരികയും ആരാധനയ്ക്കുശേഷം ലേലം ചെയ്യുകയും ചെയ്തു. ഒറ്റ തവണയായുള്ള കാരുണ്യ പ്രവർത്തനങ്ങൾക്ക് താല്പര്യമുള്ള അംഗങ്ങളിൽ നിന്നും പ്രതിമാസം 30 ദിർഹം വീതം സ്വരൂപിക്കാനും ഈ വർഷം സാധിച്ചു. നമ്മുടെ മഹായിടവകയിലെ നിർദ്ധനരായ ഒരു കുടുംബത്തിനും മറ്റൊരു കുടുംബത്തിനും അൻപതിനായിരം രൂപ വീതം വിവാഹ ധനസഹായവും ചെറുവാരക്കോണത്തെ അൻപു നിലയത്തിന് മുപ്പത്തി അയ്യായിരം രൂപയും സഹായം നൽകുവാൻ സംഘടനയെ ദൈവം തുണച്ചു. ഇക്കൊല്ലം എല്ലാ ഭവനങ്ങളിലും സന്ദർശനം പൂർത്തീകരിക്കാനായി കുടുംബവാരം രണ്ടാഴ്ചയായി ദീർഘിപ്പിച്ചു. ഇക്കൊല്ലം മഹായിടവകയുടെ കുടുംബവാര ആരാധനക്രമം ഉപയോഗിച്ച് കുടുംബവാര ആരാധന നടത്തപ്പെട്ടു. സെപ്റ്റംബർ മാസം 28-ാം തീയതി കേരള ക്രിസ്ത്യൻ കൗൺസിലിന്റെ നേതൃത്വത്തിൽ നടന്ന എക്യുമെനിക്കൽ പ്രാർത്ഥനാ കൂട്ടായ്മയിൽ പ്രാതിനിധ്യം വഹിക്കാനും സംഘടനയ്ക്ക് സാധിച്ചു.

# സ്ത്രീജനസഖ്യം റിപ്പോർട്ട്

2017- ലെ സംഘടനാ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത് ശ്രീമതി. ആൻസി റോയ് (പ്രസിഡന്റ്), ശ്രീമതി. കുസുമം ജസ്സസ് (വൈസ് പ്രസിഡന്റ്), ശ്രീമതി. അബിഷ ഹിഗ്ഗിൻസ് (സെക്രട്ടറി), ശ്രീമതി. റീജ റസൽ (അക്കൗണ്ടന്റ്) ശ്രീമതി. റായി മോൾ, ശ്രീമതി. സ്മിത ബിനുലാൽ, ശ്രീമതി. പ്രിയാ പ്രവീൺ, ശ്രീമതി. വിനോദിനി ഷാജി, ശ്രീമതി. രാജി ബിജു (കമ്മിറ്റി അംഗങ്ങൾ) എന്നിവരായിരുന്നു. ഈ വർഷം സഭയുടെ ചെയിൻ പ്രയർ സ്ത്രീജന സഖ്യത്തിന്റെ നേതൃത്വത്തിൽ ഏകോപിപ്പിക്കപ്പെട്ടു. മൂന്നോ നാലോ മാസത്തെ ഇടവേളകളിൽ സംഘടനയുടെ നേതൃത്വത്തിൽ ഭവനാരാധനകളും നടത്തപ്പെട്ടു. ജൂലൈ മാസം 22-ാം തീയതി ശ്രീമതി. അബിഷ ഹിഗ്ഗിൻസിന്റെ ഭവനത്തിൽ വച്ചു നടന്ന ഭവനാരാധനയിൽ റവ. അനൂപ് സാം അച്ചനും ശ്രീമതി. ജീന കൊച്ചമ്മയും വിശിഷ്ട അതിഥികളായി പങ്കെടുക്കുകയും കൊച്ചമ്മ വചന സന്ദേശം നൽകുകയും ചെയ്തു. ഈ വർഷത്തെ കുടുംബവാരത്തോടനുബന്ധിച്ചുള്ള ഭവന സന്ദർശനം മൂന്ന് സംഘമായി തിരിഞ്ഞ് പൂർത്തീകരിക്കപ്പെട്ടു.

ശ്രീമതി. ആൻസി റോയ് (പ്രസിഡന്റ്), ശ്രീമതി. രാജി ബിജു (വൈസ് പ്രസിഡന്റ്), ശ്രീമതി. റീജ റസൽ (സെക്രട്ടറി), ശ്രീമതി. റായി മോൾ (അക്കൗണ്ടന്റ്) ശ്രീമതി. അബിഷ ഹിഗ്ഗിൻസ്, ശ്രീമതി. സ്മിത ബിനുലാൽ, ശ്രീമതി. കുസുമം ജസ്സസ്, ശ്രീമതി. വിനോദിനി ഷാജി (കമ്മിറ്റി അംഗങ്ങൾ) എന്നിവർ 2018- ലെ സംഘടനയ്ക്ക് നേതൃത്വം നൽകി. മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഈ വർഷവും തുടർന്നു. വ്യാഴാഴ്ച നടന്നു കൊണ്ടിരിക്കുന്ന പൊതു ആരാധനയുടെ അനുഗ്രഹത്തിനായി സംഘടനാംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്ക പ്രാർത്ഥന നടത്തപ്പെട്ടു. ഈ വർഷത്തെ കുടുംബവാര ആരാധനയിൽ മുഖ്യ അഥിതിയായി കടന്നു വന്ന് വചനസന്ദേശം നൽകിയത് ഷാർജ ക്നാനായ സഭയിലെ ഫാദർ. സാജൻ അലക്സ് അച്ചനായിരുന്നു. ഈ വർഷം നടന്ന വി. ബി. എസ്. ശുശ്രൂഷയിൽ ഒരു ദിവസം കുഞ്ഞുങ്ങൾക്ക് ലഘുഭക്ഷണം നൽകാൻ സ്ത്രീജന സഖ്യത്തിനു സാധിച്ചു. താങ്ക്സ് ഗിവിംഗ് സർവ്വീസ്, ചർച്ച് ഡേ, ഓണം സെലിബ്രേഷൻ എന്നീ സഭയുടെ പ്രോഗ്രാമു കൾക്ക് സ്ത്രീജനസഖ്യാംഗങ്ങളുടെ പങ്കാളിത്തം സജീവമായിരുന്നു.

2019-ൽ ശ്രീമതി. ആൻസി റോയ് (പ്രസി ഡന്റ്), ശ്രീമതി. കുസുമം ജസ്സസ് (വൈസ് പ്രസി ഡന്റ്), ശ്രീമതി. പ്രിയാ പ്രവീൺ (സെക്രട്ടറി), ശ്രീമതി. രഹ്ന ജിജു (അക്കൗണ്ടന്റ്), ശ്രീമതി. റായി മോൾ, ശ്രീമതി. അബിഷ ഹിഗ്ഗിൻസ്, ശ്രീമതി. റെജി ഷെറിൻ, ശ്രീമതി. സ്മിതാ ബിനുലാൽ (കമ്മിറ്റി അംഗങ്ങൾ) എന്നിവർ സംഘടനയ്ക്ക് നേതൃത്വം നൽകി. ഈ വർഷവും ആരാധനകൾ സജീവമായി നടത്തപ്പെടുകയും മുൻ വർഷങ്ങളിലെ പ്രവർത്തനങ്ങൾ തുടരുകയും ചെയ്തു. റോയ് അച്ചനും കുടുംബവും സ്ഥലം മാറി പോവുകയും മേയ് മാസം മുതൽ റവ. സ്റ്റീഫൻ ജോസഫ് അച്ചനും ശ്രീമതി. അനിത കൊച്ചമ്മയും ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്താൻ ഒരു രജിസ്റ്റർ ഈ വർഷം ആരംഭിച്ചു. ലേലത്തിനു പകരമായി മാസത്തിലൊരിക്കൽ ഫുഡ് സെയിലും ലക്കി ഡിപ്പും നടത്തപ്പെട്ടു. സഭയുടെ ഓണാഘോഷത്തോടനുബന്ധിച്ച് സ്ത്രീജനസഖ്യാംഗങ്ങൾ ഒരു തിരുവാതിര നൃത്തം അവതരിപ്പിച്ചു.

2020 ൽ ശ്രീമതി. അനിത പ്രഭ (പ്രസിഡന്റ്), ശ്രീമതി. റീജ റസൽ (കൺവീനർ) ശ്രീമതി. അബിഷ ഹിഗിൻസ് (അക്കൗണ്ടന്റ്), ശ്രീമതി. റായി മോൾ, ശ്രീമതി. കുസുമം (കൺവീനർ സെപ്റ്റംബർ മുതൽ) ശ്രീമതി. സ്മിത ബിനുലാൽ, ശ്രീമതി. റ്റിന്റു ഗിൽബർട്ട് (കമ്മിറ്റി അംഗങ്ങൾ) എന്നിവർ സംഘടനാഭാരവാഹികളായി ഉത്തരവാദിത്തങ്ങൾ നിറവേറ്റി. കൈക്കൊണ്ടു. അപ്രതീക്ഷിതമായി നേരിട്ട കോവിഡ് സാഹചര്യങ്ങൾ കാരണം തീരുമാനിക്കപ്പെട്ട പല കാര്യങ്ങളും നടപ്പിലാ ക്കാൻ സാധിക്കാതെ വന്നു എങ്കിലും സാഹചര്യ ത്തിനനുസരിച്ച് സംഘടനാ പ്രവർത്തനങ്ങളെ മുൻപോട്ട് കൊണ്ടുപോകാൻ ദൈവം സഹായിച്ചു. സംഘടനാ ആരാധനകൾ ഞായറാഴ്ച ദിവസങ്ങളിൽ രാത്രി 8 മണിയ്ക്ക് Zoom മീറ്റിംഗിലൂടെ നടത്തപ്പെട്ടു.

പ്രവാസികളായി പാർക്കുന്ന ഇടവകാംഗങ്ങളുടെ കുടുംബങ്ങൾക്ക് ആത്മീക ബലം പകർന്നു നൽകുന്നതിനും ദൈവത്തോട് പറ്റിച്ചേർന്ന് അവരെ സഭയുടെ സുശ്രൂഷകളിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്ത്രീജനസഖ്യം കാഴ്ചവച്ച പ്രവർത്തനങ്ങൾ ഓർത്ത് ദൈവത്തിന് നന്ദി പറയുന്നു. സാന്നിദ്ധ്യം കൊണ്ടും വാക്കു കൊണ്ടും ഈ സംഘടനയ്ക്ക് കരുത്തു പകർന്ന എല്ലാവരേയും നന്ദിയോടെ ഓർത്തുകൊണ്ട് ഈ റിപ്പോർട്ട് കാദേശിന്റെ വായനക്കാർക്ക് സമർപ്പിക്കുന്നു.

എന്ന്
സ്ത്രീജനസഖ്യ സെക്രട്ടറി


ശ്രീമതി. റംല ക്രിസ്


ശ്രീമതി. വിനിത ജോസ്


ശ്രീമതി. റീജ റസ്സൽ


ശ്രീമതി. പ്രിയ പ്രവീൺ


ശ്രീമതി. അബിഷ ഹിഗ്ഗിൻസ്

# ചിത്രരചന





**Miss Abisha J.R.**



**Miss Neha Anoop**




**Miss Bisny Winfred**






# ചിത്രരചന






**Miss Anila Francis**



**Master Jerald Winfred**




**Middle East Testing Services L.L.C**

ISO/IEC 17025:2017 Accredited testing laboratory

Our testing facilities : Chemistry, Microbiology, Molecular biology, Calibration, Oil and gas, Environmental, Sanitizer testing, Material testing, Civil/Construction etc.



**WH No. 4,5,6,7 Jurf Ind Zone 1 - Ajman**

www.metslab.com

Contact us :+971 589505070

Gaviya


*Backwater Cruises In Poovar*

Book Online: www.gaviya.com

Call/WhatsApp: 9747513944

- Motor boats and Shikkaras
- We arrange food for large groups
- Special discounts for Church Retreats







*With Best Compliments from*

**St. Luke C.S.I. Church (S.K.D.), Kariyil thottam, Amaravila**

**Rev. S.S. Stalin** (Presbyter) **J.D. Prasad** (Church Secretary) **J. Francis** (Church Accountant)


# സ്നേഹസ്മരണ

## ശ്രീ. ബി. രാജേന്ദ്രൻ

ജനനം : 1959

മരണം : 2014 ജൂലൈ 15

ചരുവിള വീട്, കല്ലിയൂർ

ഭാര്യ : മോഹനകുമാരി ആർ.

മക്കൾ : രാകേഷ് എം. ആർ., രാഖി എം. ആർ.

മരുമക്കൾ : അനിഷ്ക എസ്. പി., ഷിബു

കൊച്ചു മക്കൾ : അദ്രിത് രാജേന്ദ്രൻ, ആൻവിൻ എസ്. പോൾ, അദ്ന ആർ. പോൾ

ചില നദികൾ ഭാഗികമായി
ഭൂമിക്കടിയിലൂടെ അനുസ്യൂതം
ഒഴുകി കൊണ്ടേയിരിക്കുന്നു.
ഓർമ്മകളിൽ നമ്മളെ
ഇടയ്ക്കിടെയ്ക്ക് നനയ്ക്കുന്ന,
ഇടയ്ക്കിടെയ്ക്ക് നമ്മൾ കുളിച്ചു
കയറുന്ന നദി.....





"The Legacy of Three Generations in Health Care"

# ബയോ-മോൾ ലബോറട്ടറീസ്™

a division of Au-Rol associates LLP

## ക്ലിനിക്കൽ ലാബ് & ഇ.സി.ജി.

ISO 9001:2015
അംഗീകൃത സ്ഥാപനം



**എല്ലാ ലാബ് ടെസ്റ്റുകളും ലഭ്യമാണ്.**

**ഇ.സി.ജി. ലഭ്യമാണ്.**



**വീടുകളിൽ വന്ന് സാമ്പിളുകൾ ശേഖരിക്കുന്നതാണ്.**



**ആംബുലൻസ് സൗകര്യം ലഭ്യമാണ്.**

**+91 805-805-2-108**

ഞങ്ങളുടെ ബ്രാഞ്ചുകൾ :

- പൂഴിക്കുന്ന്, പ്ലാമൂട്ടുക്കട
  +91 9495586600
- മുക്കോല, വിഴിഞ്ഞം
  +91 9495486600
- പരണിയം, വഴിമുക്ക്
  +91 7306273535
- സി.എസ്.ഐ. ചർച്ചിന് എതിർ വശം, അമരവിള
  +91 7306327924
- ഗവ. ഹോസ്പിറ്റൽ ജംഗ്ഷൻ, നെയ്യാറ്റിൻകര
  +91 9656956600

Scan me for more information

For Complaints and Suggestions
+91 999 561 5085

പ്രവർത്തന സമയം : **രാവിലെ 7 മുതൽ വൈകുന്നേരം 6 വരെ**




Best Compliments from

Mr. Bipin C.L. & Family

Destination for Deliciousness

Hot Mug Cafe





Musaffah Shabiya M:10, Abu Dhabi, UAE

Club Sandwiches, Combo Sandwiches, Burger Sandwiches,
Porotta rolls, Desserts, Hot beverages,
Fresh juices, Mix juices, Evening Snacks
and much more.......

FREE HOME DELIVERY

02 55 60 833
055 369 6300





EDUWING
EDUCATION BEYOND BOUNDARIES
100+ UNIVERSITIES
STUDY MBBS ABROAD
Government universities
MCI & WHO Listed
English Medium
6 & 5 Years Program
No Donation
Tution fees starts from INR 20 lakh
MBBS From the Best Universities in the world
China
Russia
Ukraine
Georgia
Kazakhstan
Bangladesh
Central America
Belarus
Moldova
INDIA : +91 6000 9000 28
UAE : +971 52 52 52 704
www.eduwing.ae

40th ANNIVERSARY

# 40 Glorious Years in UAE

## With Best Compliments from CSI Tamil Parish, Dubai

Presbyter & Executive Committee



Rev. John Wesley
Add. Presbyter- Fujairah



Rev. Victor Premkumar
Presbyter- Dubai



Rev. M. Rajesh Kumar
Add. Presbyter- RAK

THAT THEY ALL MAY BE ONE · CHURCH OF SOUTH INDIA

## CSI Tamil Parish-Dubai

(Fujairah, Ras Al Khaimah)



# ദക്ഷിണ കേരള മഹായിടവക

# സി.എസ്.ഐ. ദുബായ്

Oud Metha, Umm Hurair, Near Oud Metha Metro Station, Dubai, UAE

Designed at : Jins Graphics and Momento Gallery, Kattakada, Trivandrum | +91 7356224372 | jinsgraphicsktda@gmail.com